കള്ളച്ചരിത്രത്തിന്റെ

# പൊള്ളപ്പകിട്ട്,

അഥവാ

ചിത്രമെഴുത്തുവറുഗീസിന്റെ

# സാഹിത്യത്തകർപ്പ്.

വലിയ മർത്തീവന്ത്യാദസ്യന്യം
തരണനല്ലൂർ നമ്പൂരിപ്പാട്ടും

രണ്ടാംപതിപ്പ് കാപ്പി ൧൦൦൦

പ്രസാധകന്മാർ
നാഷനൽ ബുക്കഡിപ്പോ;
കോട്ടയം.

വില അണ ൨.

The Capital Printing Works, Kottayam.

1105.

# കള്ളച്ചരിത്രത്തിന്റെ
# പൊള്ളള്പ്പുകാട്ടു്

അഥവാ

## ചിത്രമെഴുത്തു വറുഗീസിന്റെ
# സാഹിത്യത്തകർപ്പ്.

---

വലിയ മാർദിവന്നാസ്യോസും
തരണനല്ലൂർ നമ്പൂരിപ്പാടും.

---

ഒന്നാം പതിപ്പ് കാപ്പി 2000 (൧൦൯൯ കുംഭത്തിൽ)
രണ്ടാം പതിപ്പ് കാപ്പി 1000 (൧൧൦൫ കുംഭത്തിൽ)

---

കോട്ടയം നായർ യുവജനസമാജത്തിനുവേണ്ടി
കോട്ടയം നാഷണൽ ബുക്കുഡിപ്പോ പ്രവൎത്തകന്മാർ
പ്രസിദ്ധം ചെയ്യുന്നതു്.

---

വില അണ ൨.

The Capital Printing Works,
Kottayam,
1105.

[illegible] ഗ്രന്ഥ[illegible]

# പ്രാരംഭം

ഘടം ഭിത്വാ പടം ഛിത്വാ
മാതരം പ്രഹരന്നപി
യേനകേനപ്രകാരേണ
പ്രസിദ്ധഃപുരുഷോഭവേൽ.

അൎത്ഥം—മനുഷ്യൎക്കു കീൎത്തി ആവശ്യം. അതു് ഏതെങ്കിലുമൊരു പ്രകാരത്തിൽ നേടിയേ കഴിയൂ. കുടമുടച്ചിട്ടോ, വസ്ത്രം കീറിയിട്ടോ, അമ്മയെ തല്ലിയിട്ടോ എങ്ങനെ ആയാലും വേണ്ടതില്ല; കഷ്ടം!

ഈ പദ്യത്തിലെ ആശയത്തെ അനുസ്മരിപ്പിക്കുമാറു കേരളത്തിലെ ഹിന്ദുസമുദായത്തേയും ഹിന്ദുരാജകോയ്മകളേക്കൂടിയും കണക്കില്ലാതെ ആക്ഷേപിച്ചുകൊണ്ടു് ചില കള്ളക്കഥകൾ എഴുതി പ്രസിദ്ധം ചെയ്തു് ഒരു ചിത്രമെഴുത്തുവൎഗീസ്സ് കുപ്രസിദ്ധനായിത്തീൎന്നിട്ടുള്ളതു ഇന്നു പരക്കെ അറിഞ്ഞിട്ടുള്ള ഒരു പരമാൎത്ഥമാണു്. ആ ആളിന്റെ കള്ളച്ചരിത്രകഥകളെ വിഷയീകരിച്ചു ഒരു നിരൂപണം പ്രസിദ്ധപ്പെടുത്തുവാൻ തയ്യാറുണ്ടെന്നു നാഷണൽ ബുക്കുഡിപ്പോ ഉടമസ്ഥർ പ്രസിദ്ധം ചെയ്തതറിഞ്ഞു നാട്ടിന്റെ നാനാഭാഗങ്ങളിലും നിന്നു അനേകമാളുകൾ ആ കാൎയ്യത്തിൽ തങ്ങളുടെ സന്തോഷപൂൎവ്വമായ സഹായസഹകരണങ്ങളെ അവൎക്കു വാഗ്ദാനം ചെയ്യുന്നു. ചിലർ ആശംസാപൂൎണ്ണങ്ങളായ എഴുത്തുകൾകൊണ്ടു പ്രസാധകരെ ഉത്സാഹിപ്പിക്കുന്നു. ചിലർ നിരൂപണഖണ്ഡങ്ങളുടെ വഴിപോലുള്ള പ്രചാരത്തിനായി സസന്തോഷം ഉത്സാഹിക്കുന്നു. മററുചിലർ വൎഗീസിന്റെ പ്രസ്താവനകളിലുള്ള ആബദ്ധ്യത്തെ സദയം ചൂണ്ടിക്കാട്ടുന്നു. വേറെ ചിലർ നിരൂപണം ഇന്ന പ്രകാരത്തിലായിരിക്കണം എന്നു ഗുണദോഷിക്കുന്നു. ആകപ്പാടെ കേരളത്തിലെ മഹാജനങ്ങളിൽ ഒരു വലിയ പങ്കിന്റെ സ

തന്ത്രമായ പ്രോൽസാഹനത്തെ ഇതർഹിക്കുന്നു എന്നറിഞ്ഞുവിപ്പോൾ പുതലക്കാർ ആശാമൃണ്ണാകയും ചെയ്യുന്നു.

ഈ വിഷയത്തിൽ ഇത്രവലിയ ഇളക്കം ഉണ്ടാവാൻ ഹേതു എന്തായിരിക്കാം? വറുഗീസിന്റെ ചരിത്രകഥകളെ വിമർശിക്കുന്നതിൽ ഇവർ ഇത്ര താൽപ്പര്യം പ്രദർശിപ്പിക്കുന്നതെന്തുകൊണ്ടായിരിക്കാം? വറുഗീസിന്റെ കള്ളച്ചരിത്രകഥകൾ അഞ്ചെണ്ണം ഇതോടകം ഗ്രന്ഥരൂപത്തിൽ പ്രസാധനം ചെയ്തിട്ടുണ്ട്. അവയിൽ ഒന്നാംനമ്പരായ "വലിയ മാർ ദിവന്നാസ്യോസും തമ്പുരാനല്ലൂർ നമ്പൂരിപ്പാടും" എന്ന കഥയാണു് ഇവിടെ ഒന്നാമതു നിരൂപണവിഷയമാക്കിക്കൊള്ളുന്നതു്. ആ കഥയെപ്പറ്റി പ്രത്യേകമായി എന്തെങ്കിലും പറയുംമുൻപ്പ് വറുഗീസിന്റെ ചരിത്രങ്ങളേക്കുറിച്ചു പൊതുവിൽ ചിലതു പ്രസ്താവിക്കേണ്ടതു അത്യാവശ്യമായി വരുന്നു.

## വറുഗീസിന്റെ ചരിത്രം.

വറുഗീസിന്റെ കെട്ടുകഥകൾ പത്രവീഥികളെ പ്രകാശിപ്പിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ അതു കേരളത്തിലെ ഹിന്തുസമുദായത്തിന്റെ നേരെ പ്രദർശിതമാകുന്ന കൃതഘ്നതയുടെ സന്താനമാണെന്നുകണ്ടു ഹിന്തുക്കളെല്ലാം —വിവേകികളായ നസ്രാണികളുംകൂടി —വല്ലായ്മ പൂണ്ടിരുന്നു. ഹിന്തുക്കളുടെ അതൃപ്തി പത്രവീഥികളിൽ നിഴലിച്ച ചില കറിപ്പുകളിലും ചില സഭാമണ്ഡപങ്ങളിലെ പ്രസംഗങ്ങളിലും നിന്നു ബഹുജനങ്ങൾ ധരിച്ചിരുന്നു. കേരളത്തിൽ ഹിന്തുക്കൾക്കുള്ള അപ്രതിഷേധ്യമായ ബഹുമാന്യസ്ഥാനത്തെ അശേഷം ആദരിക്കാൻ തയാറില്ലാത്തവറുഗീസ് തന്റെ കഥകളിൽ കണക്കില്ലാത്ത വ്യാജങ്ങൾ കെട്ടിച്ചേർത്തതിനെ സംബന്ധിച്ചു അതൃപ്തിയുണ്ടായിരുന്നതു ആർക്കും അത്ഭുതകരമല്ല. കേരളരാഷ്ട്രത്തിന്റെ ഇന്നത്തെ സുസ്ഥിതിക്കു എല്ലാംകൊണ്ടും കാരണകർത്താക്ക

ളായ പൂർവ്വികഹിന്ദുക്കളെ ആഭാസന്മാരാംവണ്ണം പഴിച്ചുകൊണ്ടുള്ള വറുഗീസിന്റെ കഥാഗതി ഉന്നതത്തെ ഹിന്ദുക്കളുടെ മുഖത്തു ഒരു പ്രകാരത്തിൽ കരി തേക്കുവാനുള്ള ഒരുക്കത്തെയാണു് വെളിവാക്കുന്നതെന്നറിഞ്ഞു അതിൽ അവർ അമർഷം കൈക്കൊണ്ടതിൽ ആൎക്കും പരിഭവത്തിനവകാശമില്ല. എന്നാൽ അചിരേണ ശ്രീമാൻ ഗന്ദത്തു പത്മനാഭപിള്ള അവർകൾ സർവീസ പത്രവീഥിയിൽ ചെയ്ത പഞ്ചകല്യാണീവിമർശം വറുഗീസിന്റെ വർദ്ധിച്ച വകതിരിവുകേടിനേപ്പോലും കേരളത്തിലെ മഹാമനസ്കരായ ഹിന്ദുക്കളെ നിസ്സാരമായ ഒരു ചാപല്യമായി മാത്രമെ വകവച്ചിട്ടുള്ളു എന്നു വെളിവാക്കുകയാണു് ചെയ്തതു്. അദ്ദേഹത്തിന്റെ നിരൂപണം തുടൎന്നുവരവെ, വറുഗീസിന്റെ കള്ളച്ചരിത്രത്തിന്റെ പൊള്ളപ്പുരട്ടുകളിൽ പലതും വായനക്കാൎക്കു സ്പഷ്ടമായിത്തീരവെ, അവർ അതിന്റെ പാരായണത്തിൽ പൂൎവ്വാധികം കൗതുകം പ്രദർശിപ്പിച്ചുതുടങ്ങുകയും ലേഖനകൎത്താവിന്റെ സമുദായാഭിമാനത്തെ നാനാ പ്രകാരത്തിൽ അഭിനന്ദിക്കുകയും ചെയ്തു. വറുഗീസിന്റെ വർണ്ണനാപാടവത്താൽ രാക്ഷസപ്രഭാവനായിത്തീൎന്ന ഒരുമെത്രാൻ വേമ്പനാട്ടുകായലിലെ രംഗത്തിൽ വച്ചു നടത്തിയ 'ദിവാൻപേഷ്കാർ വിജയം' കേവലം അസംഭവ്യമെന്നു വെളിപ്പെട്ടുമാറു, ദിവാൻപേഷ്കാർ പി. ശങ്കുണ്ണിമേനോൻ അവർകളുടെ ഒരു ജീവചരിത്രം വറുഗീസിന്റെ അറിവുകേടിന്റെയും അഹമ്മതിയുടേയും പേരിൽ ചില ചുരുങ്ങിയ റിമാൎക്കുകളോടെ പഞ്ചകല്യാണീനിരൂപണത്തെ പിൻതുടൎന്നു പുറപ്പെട്ടു.

### വറുഗീസോ സമുദായമോ?

ഇത്രയുംകൊണ്ടു വറുഗീസും പ്രോത്സാഹകന്മാരും അല്പമൊന്നുസമാധാനപ്പെട്ടുകാണണമെന്നു പലരുംകരുതിയിരുന്നു. എന്നാൽ ആ കരുതൽ ശരിയല്ലെന്നു പല കാ

ശ്രമങ്ങളും വെളിവാക്കുന്നുണ്ട്. വറുഗീസു ഈയിടെയായി എന്തുകൊണ്ടോ തന്റെ അരങ്ങൊന്നു മാററിയിട്ടുണ്ടെങ്കിലും അടവുകൾ നിശ്ശേഷം കൈവിട്ടു എന്നു പറയാറായിട്ടില്ല. കേരളത്തിലെ ഹിന്ദുക്കളെ അനാവശ്യമായി അധിക്ഷേപിക്കുന്നതെന്നു ആർക്കും വ്യക്തമായുള്ള അയാളുടെ സാഹിത്യപരിശ്രമങ്ങളെ കൂടാതെ ചരിത്രാഖ്യായികകളെന്നും മററും കെട്ടിപ്പാടിക്കൂത്താടുവാൻ പല വപലവീര്യന്മാരും സന്നദ്ധരായിട്ടുണ്ടെന്നും വെളിപ്പെട്ടുവരുന്നു. വറുഗീസു തന്റെ സമുദായത്തിനൊരു അനർഘമായ ചരിത്രം സമ്പാദിച്ചു കൊടുക്കുവാൻ വേണ്ടിയാണ് ഇതര സമുദായങ്ങളെ അനർഹമാംവണ്ണം ഭർത്സിച്ചിട്ടുള്ളതെന്നാണു പൊതുവെ വിശ്വസിക്കപ്പെട്ടുവരുന്നതു്. ആ സ്ഥിതിക്കു വറുഗീസിന്റെ വകതിരിവില്ലായ്മയെ അയാളുടെ സമുദായത്തിന്റെമേൽ വല്ലവരും ആരോപിക്കാൻ മുതിരുന്നതു ഒരു ക്ഷന്തവ്യമായ അപരാധമായിട്ടേ ഗണിക്കേണ്ടതുള്ളു. എന്നാൽ ഇവിടെ സംഗതി അല്പംകൂടി ഗൌരവാവഹമായിത്തീർന്നിട്ടുണ്ട്. നസ്രാണിസമുദായത്തിലെ യോഗ്യന്മാർ ഇന്നോളം വറുഗീസിന്റെ താന്തോന്നിത്തത്തെ പരസ്യമായി ശാസിച്ചിട്ടുള്ളതായി അറിഞ്ഞിട്ടില്ല. സമുദായങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട സൗഹാർദ്ദത്തെ കരുതി വറുഗീസിന്റെ അബദ്ധപ്രസ്താവനകളെ പിൻവലിക്കാൻ അയാളോടു ഉപദേശിക്കേണ്ടതു്—ആജ്ഞാപിക്കേണ്ടതു്—ആ സമുദായത്തിന്റെ ഒരു അവശ്യകർത്തവ്യമായിരുന്നു. വറുഗീസിന്റെ കള്ളച്ചരിത്രങ്ങളെക്കുറിച്ചു . ഹിന്ദുസമുദായം ക്ഷോഭിക്കുന്നതറിഞ്ഞിട്ടും ഈ അവസരത്തിൽ സമുദായത്തലവന്മാർ അയാളെ ശാസിക്കേണ്ട ആവശ്യകത തന്നെ സ്ഫുടമാക്കിക്കഴിഞ്ഞിട്ടും അവർ മൌനംഭാവിക്കുന്നതു കാണുമ്പോൾ "കുട്ടികളെക്കൊണ്ടു ചുടുചോറു മാന്തിക്കുന്ന" ഒരു കൗശലമു

തിലന്തർഭവിച്ചിട്ടുണ്ടെന്നു സാധാരണമായി ആരും വിശ്വസിച്ചുപോകുന്നതാണ്.

### എന്തുവിചാരിക്കുന്നു?

വറുഗീസിന്റെ സാഹിത്യത്തകർപ്പിനെ നിരൂപണം ചെയ്യുന്ന പ്രവൃത്തിയെ മേൽ പ്രസ്താവിച്ച വിധം പോലും സാധൂകരിക്കേണ്ടതു ഇന്നത്ര ആവശ്യമായിട്ടുള്ളതല്ല. എന്തുകൊണ്ടെന്നാൽ തങ്ങളുടെ മതശാസനങ്ങളേയും, ആചാരമര്യാദകളേയും, പുരാതനകാലം മുതലേ നേടിയിട്ടുള്ള പ്രാബല്യപ്രഭാവങ്ങളേയും കൂസൽ കൂടാതെ അധിക്ഷേപിക്കുന്ന ഒരു നസ്രാണിയോടു ഉചിതമായ മറുപടി പറയേണ്ടതുണ്ടെന്നു ഇന്നത്തെ കേരളീയഹിന്ദുസമുദായം തികച്ചും വിശ്വസിക്കുന്നുണ്ട്. നസ്രാണിവർഗ്ഗത്തിനു ഇവിടെ ഇന്നു കാണുന്ന ഏതുവിധ മേന്മകളും തങ്ങളുടെ പൂർവികന്മാർ പണ്ടൊരുകാലത്തു ദയാപൂർവം നൽകിയ അവലംബത്തിൽ നിന്നുണ്ടായതാണെന്നു പൂർണ്ണ യി അറിവുള്ള ഹിന്ദുക്കൾ വറുഗീസിന്റെ പ്രവൃത്തിയെ വെറും ധിക്കാരമായിട്ടല്ല നന്ദികേടായിട്ടു തന്നെയാണ് ഇന്നു കരുതിവരുന്നതും.

### നിരൂപണം.

ഇവിടെ ആരംഭിക്കുന്ന നിരൂപണം വറുഗീസിന്റെ കഥകളുടെ യാഥാർത്ഥ്യത്തിന്റെയും, സാഹിത്യലോകത്തിൽ അവയർഹിക്കുന്ന സ്ഥാനത്തിന്റെയും വാസ്തവമായ രൂപം എന്തെന്നു വായനക്കാരെ ഗ്രഹിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. അതിന്റെ ആവശ്യകത ചുവടെചേർക്കുന്ന ദിങ്മാത്രപ്രസ്താവംകൊണ്ടു ആർക്കും ബോധപ്പെടുന്നതുമാണ്.

### വറുഗീസ്

വറുഗീസിനു മുഖ്യമായി സാധിക്കേണ്ടതു തന്റെ സമുദാ

യത്തിനു പുരാതനകാലത്തു അത്യുന്നതമായ ഒരു സ്ഥാനം ഉണ്ടായിരുന്നുവെന്നുള്ളതാകുന്നു പലരും വിചാരിക്കുന്നതു ശരിയല്ലെന്നാണു് എന്റെ പക്ഷം. തന്റെ ബുദ്ധിവൈഭവവും, സാഹിത്യസാമൎത്ഥ്യവും കൊണ്ടു അങ്ങിനെ ഒരവസ്ഥ സ്ഥാപിക്കപ്പെടണമെന്നുള്ളതാണു് അയാളെ ചൊടിപ്പിച്ചു വിടുന്ന ആന്തരം. നസ്രാണിസമുദായത്തിന്റെ മേന്മയെക്കുറിച്ചു വറുഗീസിനേക്കാൾ അഭിമാനിക്കാൻ ആവശ്യവും അൎഹതയും ഉള്ളവരായി ഒട്ടേറെ ആളുകൾ ആ സമുദായത്തിലുണ്ടു്. അവർ പലരും വേണ്ടവണ്ണം വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരും, വേണ്ടിവന്നാൽ തങ്ങളുടെ ആശയങ്ങളെ ഒരുവിധം നല്ലഭാഷയിൽ പുറമെ പ്രകാശിപ്പിക്കുവാൻ കഴിവുള്ളവരുമാണു്. അവൎക്കാൎക്കും സ്വപ്നം കാണുവാൻ പോലും ഇതേവരെ സംഗതിയായിട്ടില്ലാത്ത നൂതനചരിത്രനിൎമ്മാണകൗതുകം നമ്മുടെ വറുഗീസിനാണു് പിടിപെട്ടതു്. ഈ വിദ്വാൻ ആത്മപോഷിണീരംഗങ്ങളിലും മററുമായി തന്റെ ഗദ്യകവിതാപ്രസ്ഥാനവുംകൊണ്ടു പലതവണ കയറി ഇറങ്ങുന്നതു നാം കണ്ടിട്ടുണ്ടു്. നസ്രാണികളിൽ അധികം ആരും തിരിഞ്ഞുനോക്കാൻ പോകാറില്ലാതിരുന്ന സാഹിത്യവീഥിയിലേക്കു വറുഗീസിനെ ഹിന്ദുക്കളായ ചില ഉത്തമസാഹിത്യകുതുകികൾ തന്നെയാണു് സ്വാഗതംചെയ്തു പ്രവേശിപ്പിച്ചതു്. ഒരു പത്രാധിപാഭിമാനിയുടെ അന്തേവാസിത്വംകൊണ്ടു ഉപജീവിക്കേണ്ട വിധം ജീവിതക്ലേശം അനുഭവിച്ചിരുന്ന ആൾ ആ അധിപനൊത്തു വിപ്ലവബുദ്ധിയും, സാഹസികനും ആയി പരിണമിച്ചതിൽ സ്വസ്ഥസ്ഥിതികൾ അറിഞ്ഞിട്ടുള്ളവൎക്കാൎക്കും അന്ധാളിപ്പിനു അവകാശമുള്ളതല്ലതന്നെ. കവിതിലകൻ വള്ളത്തോൾ നാരായണമേനോൻ അവൎകളുടെ "മഗ്ദലനമറിയം" എന്ന ലഘുകാവ്യത്തെ പ്രസംധാനം ചെയ്ക എന്ന മഹ

ഭാഗ്യം വറുഗീസ് അനുഭവിച്ചതു ആത്മപോഷിണിവിധികളിലെ അരങ്ങേററത്തിൻെറ എന്നതിലധികം, ആ മാസികാപത്രത്തിൻെറ ഉടമസ്ഥനോടു ആ മഹാകവിക്കുണ്ടായിരുന്ന അതിവാത്സല്യത്തിൻെറ ഫലമായിട്ടായിരുന്നുവെന്നുള്ളതു അധികമാരും അറിഞ്ഞുകാണുകയില്ല. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള അവർകളുടേയും മഹാകവി വള്ളത്തോളിൻെറയും സാഹിത്യനായകത്വത്തിൽ വിലസിയിരുന്ന ആത്മപോഷിണിയുടെ ആധിപത്യംകൂടി കുറേക്കാലം ഈ വറുഗീസ് വഹിച്ചിരുന്നുവെന്നു തല്പജീവികളായ ചിലർ പറഞ്ഞുപരത്തുന്നതിൽ വാസ്തവത്തിൻെറ വല്ല കണികയും ഉണ്ടെങ്കിൽ അതു മുതൽ തുടങ്ങിയ നയവൈകല്യമാകാം ആ മാസികയുടെ അകാലമരണത്തിനു ഒരു കാരണമായിപ്പരിണമിച്ചതു്! വറുഗീസ് അടുത്ത ചില കൊല്ലങ്ങളായി നൂതനചരിത്രനിർമ്മാണവീഥിയിലാണു് നിരന്തരം പണിയെടുത്തുപോരുന്നതു്. താൻ പണിചെയ്തുണ്ടാക്കുന്നവകളൊക്കെ യഥേഷ്ടം പ്രദർശിപ്പിക്കുവാൻ ചില പേരുപിടിച്ച പരസ്യരംഗങ്ങൾ കൈയ്യിലെത്തിയതോടുകൂടി വറുഗീസ് വല്ലാതെ നിഗളിക്കുകതന്നെ ചെയ്തു. പിന്നെയങ്ങോട്ടുണ്ടായ കോലാഹലങ്ങളാണു് നമ്മുടെ ഇപ്പോഴത്തെ നിരൂപണത്തിനു വക ഉണ്ടാക്കിത്തീർത്തിരിക്കുന്നതു്.

### ഒരു വലിയ വിശേഷം

വറുഗീസിൻെറ സാഹിത്യത്തിനു് ഒരു വലിയ വിശേഷം ആദ്യം കാണാവുന്നതായിട്ടുണ്ടു്. ഗ്രന്ഥങ്ങൾ ഗ്രന്ഥകാരനേക്കാളധികം പ്രതിഷ്ഠാഭൃത്യത്തെ പ്രതിബിംബിപ്പിക്കുന്നതായി കാണുന്നതു വറുഗീസിനാത്രെ, ചിത്രമല്ല. 'അല്പനർദ്ധരാജ്യം കിട്ടിയാൽ അർദ്ധരാത്രിക്കു കുടപിടിക്കു'മെന്നാണല്ലോ പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ളതു്. വറുഗീസായ സാഹിത്യകാരൻ തനിക്കു കുടപിടി

ക്കുവാൻ വേണ്ടിയാണു്, വലിയ മാർ ദിവന്നാസ്യോസിനെയും തങ്കക്കൊമ്പനള്ള തച്ചിൽ മാത്തുതരകനേയും നെല്ലിമൂട്ടിലെ എല്ലാവരുടെയും അമ്മച്ചിയേയും മാർ മാത്യൂസ് അത്താനാസ്യോസ് തിരുമേനിയെപ്പോലും ഇടവിട്ടിടവിട്ടെഴുന്നള്ളിച്ചുകാണുന്നതു്. ഇതു ഒരു വാസ്തവസംഭവം വറുഗീസിന്റെ സാഹിത്യവികൃതികളിൽ നിന്നു വെളിപ്പെടുന്നതുകൊണ്ടാണു് അവകളുടെ നിരൂപണത്തിൽ അതിലടങ്ങിയ വിഷയങ്ങളെക്കാളധികം അതെഴുതിയ ആളിന്റെ ബുദ്ധികേടിനേയും സാഹിത്യകാരമാനിതയേയും അധിക്ഷേപിക്കാൻ ഇടവരുന്നതു്.

## കഥാസാരം.

ഇവിടെ നിരൂപണത്തിനു വിഷയമാകുന്ന ഒന്നാം നമ്പർ കഥയിലടങ്ങിയ സാരം ഇതാണു്.

മലയാളത്തിന്റെ വലിയ മാർ ദിവന്നാസ്യോസ് എന്ന വലിയ മെത്രാപ്പോലീത്താ വലിയ നിരണത്തുപള്ളിയിൽ നിന്നു വലിയ കല്ലൂർക്കാട്ടുവഴി വലിയ കോട്ടയത്തേക്കു എഴുന്നള്ളുകയായിരുന്നു. അന്നു ചെറിയ തിരുവിതാംകൂർരാജാവു ചെറിയ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ചെറിയ കൊടിയേററിനു ചെറിയ തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലെ ക്ഷണിച്ചുവരുത്തുന്ന കാലമായിരുന്നു. വലിയ മെത്രാനച്ചൻ തെക്കുനിന്നു വടക്കോട്ടും; ചെറിയ നമ്പൂതിരിപ്പാട്ട് വടക്കുനിന്നു തെക്കോട്ടും; മെത്രാനച്ചനെ ക്ഷണിച്ചെഴുന്നള്ളിക്കാൻ കോട്ടയം, കല്ലൂർക്കാട്ട് ഇടവകകളിലെ ആത്മീയകുഞ്ഞാടുകൾ പള്ളിബോട്ടുകളിലും ചുണ്ടൻ ചുരുളൻ ചുണ്ടുചുരുളൻ തുടങ്ങിയ വള്ളങ്ങളിലും നടനടാവിളി ക്രൂട്ടിയാട്ട് കതിനാവെടി മുതലായ സ്തുതാപശബ്ദങ്ങളോടും നെട്ടൂർ, നീളൻ, വളയൻ, വളവുപുറയൻ, തുടങ്ങിയ പെട്ടികളോടും ഉള്ളടക്കങ്ങളോടും എന്നുവേണ്ടാ അതികോലാഹലപൊടിശങ്കരമായി ആറു തിങ്ങിഞെരുങ്ങി വടനാത്തിയിരുന്നു. തരണനല്ലൂർതിരുമന

സ്സിലേയ്ക്കു് അത്രമെയ്യാന്നും പൊരുളില്ലാഞ്ഞിട്ടും അനു
ശയന അമ്പലപ്പുഴത്തഹശീൽദാർ എത്രാണ്ടു കുറെ അകമ്പ
ടിവള്ളങ്ങളിലും ബോട്ടുകളിലും മററുമായി കുറെ പൂണൂ
ൽക്കാരെയും കണ്ണൂട്ടുകാരേയും മററും കയററിക്കൊണ്ടു
അവിടത്തെയും പേരിനു എഴുന്നള്ളിച്ചിരുന്നു. രണ്ടു സ്വാ
മ്യാരികളുടെയും—ഒന്നു് കേരളീയനമ്പ്രാണിമഹാരാജാവും
മററൊരുവനും നമ്പൂതിരിപ്പാടും—കൂട്ടർ തമ്മിൽ കല്ലർക്കാ
ട്ടിനു അടുത്തു വടക്കുവെച്ചു കൂട്ടിമുട്ടി ഒരു കയ്യാങ്കളി ഉണ്ടാ
യി. നമ്പൂതിരിപ്പാട്ടിലെ കൂട്ടർ "ഇളിച്ചു പുളിശ്ശേരി"
കുടിച്ചുപോയി. അന്നത്തെ തിരുവിതാംകൂർരാജാവു സമാ
ധാനം ചോദിക്കാനാണെന്നും പറഞ്ഞു വലിയ മെത്രാ
നച്ചൻ തിരുമനസ്സിലെ തിരുവനന്തപുരത്തു വരുത്തി
ക്കണ്ടു എഴുന്നൂററുവണങ്ങി ആചരിച്ചു ചെപ്പേടുകളും
കണ്ടു ഇഷ്ടപ്പെട്ടു കനകപ്പല്ലക്കിൽ കയററി തിരിച്ചെഴു
ന്നള്ളിച്ചു. നമ്പൂതിരിപ്പാടു് ഒന്നുകൂടി ഇളിഭ്യനായി.
മെത്രാനച്ചന്റെ കാര്യസ്ഥൻകത്തനാരു ജയശംഖു വിളി
ച്ചു. വറുഗീസിന്റെ കഥയും കഴിഞ്ഞു! ഇല്ല, അന്നു
നമ്പ്രാണിസമുദായത്തിനു സിദ്ധിച്ച ആ കനകപ്പല്ലക്കി
ന്റെ പൊടിയരിപ്രായമുള്ള ജീർണ്ണാവശിഷ്ടങ്ങൾ കീ
റിപ്പറിഞ്ഞ കവുങ്ങറത്തുമ്പത്തു കെട്ടി ഞങ്ങളുടെ തട്ടുമ്പു
റത്തു സൂക്ഷിച്ചിട്ടുണ്ടെന്നുകൂടി പറഞ്ഞുകൊള്ളട്ടെ!

ചിത്രശാല

ഇതാ ഇത്രയുള്ള കാര്യം. കാര്യം കുറഞ്ഞതാണെ
ങ്കിലും വറുഗീസ് അത്ര കുറഞ്ഞ പുള്ളിയല്ലാത്തതുകൊണ്ടു
വായനക്കാരെ അൽപ്പമൊന്നു കുഴക്കുന്ന മട്ടിൽത്തന്നെ കഥ
നീണ്ടുപോയിട്ടുണ്ടു്. പ്രധാനകഥയ്ക്കു താങ്ങായിരിപ്പാനെ
ന്നവണ്ണം അനേകം ഉപകഥകളും മുഖ്യയുക്തിയെ സമാ
ധാനിക്കാനെന്നവണ്ണം അനേകം ഉപയുക്തികളും കഥാ
ഗാത്രത്തിൽ പൊടിപാറിയിട്ടുണ്ടു് തന്റെ കഥ വായി
ക്കുന്നവരൊക്കെത്തന്നെ മരത്തലയന്മാരായിരിക്കുമെന്നു ക

രുതിട്ടോ എന്തോ വർണ്ണനകളിൽ വറുഗീസു ദീക്ഷിച്ചിരിക്കുന്ന ഔചിത്യം ഒരു മഹാവിജയമായിട്ടാണു് പരിഗണിക്കേണ്ടതു്. വെറും കഥ പറയുകയല്ല തന്റെ ഉദ്ദേശ്യമെന്നു പുരാതനചരിത്രരേഖകൾ തെരഞ്ഞുപിടിച്ചു നടുക്കനിരത്തിയിട്ടുള്ളതുകൊണ്ടു വെളിവാക്കിയിട്ടുണ്ടു്. പുരാതനനസ്രാണിവീരന്മാരുടെ വീര്യപ്രതാപങ്ങളും മററും സായിപ്പു കണ്ടതുപോലെ ഒരു ലോപവും വരാതെ വാഴ്ത്തിയിരിക്കുന്നതു കണ്ടാൽ ആരും അമ്പരന്നുപോകും. ഇടയ്ക്കിടെ നാവു തളരുമ്പോൾ ഒന്നു നിന്നു വിശ്രമിച്ചു തന്റെ സമുദായത്തിന്റെ ശോച്യാവസ്ഥയെക്കുറിച്ചു ചിന്തിച്ചു പുകഞ്ഞു നീറുന്ന ഉള്ളിൽനിന്നു മോചിക്കുന്ന ദിർഘശ്വാസങ്ങൾ—അല്ല, ഉഗ്രശാപങ്ങൾ—ഇതരസമുദായങ്ങളുടെ മേൽ ആപതിക്കുന്ന ഭാഗങ്ങളിലെ കെട്ടും മട്ടും അതിവിചിത്രമായിക്കാണുന്നുണ്ടു്. ആകപ്പാടെ ചിത്രമെഴുത്തിന്റെ ചിത്രശാല ആലോകനാമൃതം! അതിൽനിന്നു വഴിഞ്ഞൊഴുകുന്ന ഔചിത്യമോ അനുഭവൈകവേദ്യവും.

ഗദ്യസരണി

വറുഗീസിന്റെ ഗദ്യസരണിയെക്കുറിച്ചു ഒന്നും പറയാനില്ല. ഈ പുതിയനിയമക്കാലത്തു് വാക്യങ്ങൾ ശ്ലഥബന്ധങ്ങളും പദപ്രയോഗങ്ങൾ അയുക്താർത്ഥങ്ങളും ആയിക്കാണുന്നതിനെപ്പററി എന്തെങ്കിലും പറയുന്നതു വളരെ സൂക്ഷിച്ചുവേണമല്ലോ. എന്നാൽ, താനുദ്ദേശിച്ചതിനു നേർവിപരീതമാണു് വന്നുകൂടുന്ന അർത്ഥമെന്നു വന്നാലതും ചിത്രമെഴുത്തിനൊരു ഭൂഷണമായിരിക്കാം!!

കഥാപാത്രങ്ങൾ

വറുഗീസിന്റെ കഥാപാത്രങ്ങൾ, ആ ചരിത്രകാരന്റെ പ്രാഗത്ഭ്യത്തെ പ്രസ്പഷ്ടമാക്കത്തക്കവിധം കമനീയങ്ങളാണെന്നു പറഞ്ഞാൽ ആരും പരിഭവിക്കയില്ലത്രെ. അത്ഭുത! ഒരുരാക്ഷസന്റേതായാലും പ്രകൃതി ഒരു ദേവന്റേതായിരിക്കണമെന്നു തന്റേടക്കാരനായ വറുഗീസു ന

ല്ലവണ്ണം കരുതിയിട്ടുള്ളതുപോലെയാണ് കഥാപാത്രങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്.

### മഹാപുരുഷത്വം

വലിയ മാർദിവന്നാസ്യോസ് മെത്രാപ്പോലീത്താ ആണ് വറുഗീസിന്റെ ആദികഥയിലെ കനത്ത തടിച്ച പാത്രം. ആ വലിയ വേഷത്തെ വളരെ ഭയഭക്തിബഹുമാനങ്ങളോടെ പുറത്തെഴുന്നള്ളിച്ചുകൊണ്ടുതന്നെയാണ് കഥ ആരംഭിക്കുന്നത്. നോക്കുക:—"കൊല്ലവർഷം ൯൩൩ മുതൽ ൯൭൩ വരെ തിരുവിതാംകൂറിനെ ഭരിച്ചിരുന്ന അനന്തഭാഗ്യനിധിയായ കാർത്തികതിരുനാൾ മഹാരാജാവുതിരുമനസ്സിലെ സമാനകാലീനനായിരുന്ന ഒരു മഹാപുരുഷനായിരുന്നു, ആറാം മാർത്തോമ്മാ അഥവാ വലിയ മാർദിവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ." മെത്രാപ്പോലീത്തായുടെ മഹാപുരുഷത്വത്തെ പ്രസ്പഷ്ടമാക്കുവാൻ പ്രസ്തുതകഥയിൽ കാണിച്ചിട്ടുള്ള സംഗതികൾ മുഖ്യമായി. തിരുവിതാംകോട്ടു ഭരിച്ചിരുന്ന മഹാരാജാവുതിരുമനസ്സിലെ അപേക്ഷപ്രകാരം തിരുവനന്തപുരത്തേക്കെഴുന്നള്ളിയിരുന്ന തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലെ വഴിമുടക്കി എന്നും അദ്ദേഹത്തിന്റെ അകമ്പടിക്കാരിൽ പലരെ, തന്റെ മുഷ്കന്മാരായ ആൾക്കാരെക്കൊണ്ടു, തന്റെ കൺമുമ്പിൽവച്ചു അടിപ്പിച്ചു വെള്ളത്തിൽ ചാടിച്ചു അതെല്ലാം കണ്ടു രസിച്ചുകൊണ്ടിരുന്നു എന്നും ഉള്ള പ്രസ്താവ്യങ്ങളാണ്. ചെങ്ങന്നൂർ പള്ളിയകത്തു പിന്നൊരു കാലത്ത് ബന്ധാവസ്ഥപുള്ളിയായി കിടക്കേണ്ടിവന്നതും ഈ മെത്രാനായിരുന്നു എന്നും, തന്റെ ആത്മീയമക്കളിൽ തന്നെ പലർക്കും ഒരു തികഞ്ഞ ദോഷ്ടാവെന്ന സംശയം ജനിക്കയാൽ പിൻപൊരു കാലത്തു രാജഭൃത്യന്മാർ ഇദ്ദേഹത്തിന്റെ പാർപ്പിടം കിളച്ചുമറിച്ചു നോക്കാനിടയായിട്ടുണ്ടെന്നും മറ്റുമുള്ള സൂക്ഷ്മവൃത്താന്തങ്ങൾ ഇപ്പോഴേ അറിഞ്ഞുകൊണ്ടല്ലെങ്കിൽ വായനക്കാർ വറുഗീസിന്റെ പ്ര

സ്താവനയുടെ പാരമാർത്ഥ്യത്തെ സംശയിക്കാനിടയുള്ളതാണു്. മഹാപുരുഷത്വമെന്നുംമററുമുള്ള മാറാപ്പേരുകൾക്കു വറുഗീസു നൽകുന്ന ദൃഷ്ടാന്തവിവരണത്തെ ആരും അപലപിക്കാനിടയാകരുതെന്നു വിനയപൂർവം അപേക്ഷിച്ചു കൊള്ളട്ടെ. കട്ടിത്തരം കള്ളന്മാർക്കു കായംകുളം കൊച്ചുണ്ണിയും നസ്രാണി സാഹിത്യകൃത്തുകൾക്കു ചിത്രമെഴുത്തുവറുഗീസും മഹാപുരുഷന്മാരായി തീരുന്നതിലടങ്ങിയ സാധാരണയുക്തി മാത്രമെ വറുഗീസ് ഈ പദപ്രയോഗത്തിൽ കരുതിയിട്ടുള്ളു.

"വലിയ"

മെത്രാപ്പോലീത്തായുടെ പേരിലെ 'വലിയ' എന്ന വിശേഷണത്തിന്റെ അർത്ഥകല്പനയെക്കുറിച്ചു ചില സന്ദേഹങ്ങൾ ജനിക്കാനിടയുണ്ടു്. ആ വിശേഷണം ഗാത്രമുഴുപ്പിനെയായിരിക്കുമൊ ഉദ്ദേശിച്ചിരിക്കുന്നതു്? വലിയ പപ്പടകം, വലിയ ബാലകൃഷ്ണൻ എന്ന പ്രയോഗങ്ങൾ അതേ അർത്ഥകല്പനയിൽ സുപരിചിതങ്ങളാണല്ലോ. ആ വലിപ്പത്തിന്റെ അളവു എത്രയാണെന്നു സംശയിക്കുന്നവർക്കു വേണ്ടിവന്നാൽ "വലിയമാർ" എന്നു കൂട്ടിച്ചേർത്തു പഠിക്കുവാൻ അനുവാദമുണ്ടെന്നും വരാം. വലിപ്പം സ്ഥാനത്തിനായിരുന്നു ഉദ്ദേശിച്ചിരുന്നതെങ്കിൽ വലിയ മെത്രാപ്പോലീത്താ എന്നുതന്നെ ഉചിതജ്ഞനായ വറുഗീസ് പ്രയോഗിക്കുമായിരുന്നു. വലിയതും ചെറിയതുമായി രണ്ടു തരം മെത്രാപ്പോലീത്താമാർ ഉണ്ടോ എന്നും മററും ജനിക്കാവുന്ന സംശയത്തിന്നു് അത്രനിമിത്തം അവകാശമില്ലെന്നു വരുമായിരുന്നു. മാർ ദിവന്നാസ്യോസ് സ്വജീവിതം കൊണ്ടു സമ്പാദിച്ച പെരുമ, പിൻതുടന്ന മെത്രാന്മാരെക്കാൾ അദ്ദേഹത്തിൽ വെളിപ്പെടുത്തിയിരുന്ന വലിപ്പം (മഹത്വം) ആണു് ഈ വിശേഷണത്തിന്നു കാരണമെങ്കിൽ അദ്ദേഹത്തിന്റെ ജനനവേളയിലും കഥാഘട്ടത്തിലടക്കിടക്കു് ആളുകൾ അദ്ദേഹത്തെ നിർദ്ദേശിക്കുന്നിടത്തും അ

ഷ്ഠ പ്രയോഗിക്കുന്നതിൻെറ ഔചിത്യം അജ്ഞാതമായിട്ടാണിരിക്കുന്നതു്. ഒരു പക്ഷെ, ചില ജാതി സ്ത്രീകൾ തങ്ങളുടെ ഭത്താക്കന്മാരുടെ പേർപറയാൻ കുഴങ്ങുന്നതുപോലെ നമ്മുടെ കഥാകാരനും തൻെറ മതാചാര്യൻെറ വാസ്തവപ്പേര പറയാൻ മടിച്ചു വലിയ, വലിയ എന്നു കൂടക്കൂടെ ഉരുവിടുകയാണെന്നു വരാം.

### കണക്കുപിണക്കങ്ങൾ

പുറപ്പാട്ടുവട്ടത്തിൽ തന്നെ മെത്രാപ്പോലീത്താസ്സ്-ആറാം മാർത്തോമ്മായ്ക്ക്—ഒരു സമാനകാലീനനെ വറുഗീസ് ഏർപ്പാടു ചെയ്തു കൊടുക്കുന്നുണ്ടു്. അതു അനന്തഭാഗ്യനിധിയായ കാർത്തികതിരുനാൾ മഹാരാജാവാകുന്നു. അനന്തരഗാമിയോടു് ഗുസ്തിക്കു കൈകൊടുത്തു നിൽക്കുന്ന മെത്രാപ്പോലീത്തായ്ക്കു്, അതിനു തക്ക പ്രാഗൽഭ്യം ആദ്യംതന്നെ സിദ്ധിക്കട്ടെ എന്നായിരിക്കണം വറുഗീസിൻെറ ഉദ്ദേശ്യം. രാമവർമ്മമഹാരാജാവു രണ്ടാംകയ്യേററതു കൊ-വ ൯൩൪-ന്നു ക്രി-വ ൧൭൫൮-ലും നാടുനീങ്ങിയതു കൊ-വ ൯൭൩-ന്നു ക്രി-വ ൧൭൯൮—ലും ആണെന്നാണു് തിരുവിതാംകൂർ സ്റ്റേററു മാനുവലിൽ കാണുന്നതു്. അവിടുന്നു നാടുനീങ്ങിയതു പതിനെട്ടാം ശതകത്തിൻെറ അന്തിമപാദാന്തത്തിനു കൃത്യം രണ്ടാണ്ടു മുമ്പാണെന്നു് ഏതുകണക്കു കാണിക്കും. വറുഗീസ് അടുത്ത വാചകത്തിൽതന്നെ മെത്രാപ്പോലീത്തായെ പത്തൊൻപതാംനൂററാണ്ടിൻെറ പ്രഥമപാദത്തിൽ മലങ്കര സിറിയൻ ക്രിസ്ത്യൻ സമുദായാധ്യക്ഷനായിരുന്ന ആളെന്നുപറയുന്നുണ്ടു്. തന്നെയുമല്ലപ്രതിപാദിക്കാൻപോകുന്നകഥ കൊ-വ ൯൭൭-ന്നു് ക്രി-വ ൧൮൦൨-ൽ നടന്നതാണെന്നും ഉടനെ പറയും. പിന്നെയും മെത്രാൻ അനേകദുരിതങ്ങൾ അനുഭവിക്കാൻ ജീവിച്ചിരുന്നു എന്നുള്ള പരമാർത്ഥംകൂടി ഗണിച്ചാൽ മെത്രാപ്പോലീത്താ സമാനകാലീനനെ വല്ലാതെ കവച്ചുവച്ചു എന്നാകുന്നു് വന്നുകൂടുന്നതു്. ൯൭൩—ൽ ബാ

ലരാമവർമ്മ മഹാരാജാവു തിരുമനസ്സിലെ നേക്ക് ധികാരം
പ്രവർത്തിച്ചപ്പോൾ മെത്രാന്നു ൬൨ വയസ്സായിരുന്നുവത്രെ
പ്രായം. അപ്പോൾ മെത്രാന്റെ ജനനം കൊ-വ ൯൨൫-
ന് ക്രി-വ ൧൭൪൯-ൽ മാർത്താണ്ഡവർമ്മ തിരുമനസ്സി
ലെ പൂർവ്വികനായ രാമവർമ്മ മഹാരാജാവിന്റെ കാലത്താ
ണെന്നാണ് വന്നുകൂടുന്നത്. ഇനിയും മെത്രാപ്പോലീത്താ
യുടെ സ്ഥാനാരോഹണം കൊ-വ ൯൨൯-ന് ക്രി-൧൭൫൪-ലാ
ണെന്നാണ് വറുഗീസ് പറഞ്ഞിരിക്കുന്നത്. അതു പതി
നെട്ടാം ശതകത്തിന്റെ അന്തിമപാദാരംഭത്തിനും അഞ്ചാ
ണ്ടു മുമ്പാണല്ലോ. ആകെക്കൂടി വറുഗീസിന്റെ കാലഗ
ണനം കണക്കു പിന്നക്കിയാണെന്നു പറയേണ്ടിയിരിക്കു
ന്നു. രാമവർമ്മമഹാരാജാവിന്റെ ഭരണകാലത്തു ജനിച്ചു
മാർത്താണ്ഡവർമ്മയുടെ കാലത്തു മെത്രാനായി ബാലരാമവർമ്മ
യുടെ കാലത്തു തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലെ-മഹാരാ
ജാവിനെത്തന്നെ—അവസാനിച്ച ശേഷം പിന്നെയും ജീവി
ച്ച ആളെ കാർത്തികതിരുനാളിന്റെ സമാനകാലീനനെന്നു
തന്നെ കല്പിച്ചതു എന്തുദ്ദേശത്തിലാണെന്നു വ്യക്തമാകു
ന്നില്ല. ഒരു സമാനകാലീനനെ കൂടാതെ മെത്രാന്നു ജീവി
ച്ചുകൂടെന്നും, നസ്രാണിരാജാവിനു ഹിന്തുരാജാവുതന്നെയാ
ണ് ആ നിലക്കുണ്ടായിരിക്കേണ്ടതെന്നും വറുഗീസിന്റെ
തെളിഞ്ഞ ഔചിത്യബുദ്ധിയാണിതിനു കാരണമെന്നൂഹി
ക്കയേ തരമുള്ളൂ. മേൽകാണിച്ച കണക്കിൽ മെത്രാ
ന്റെ രാജ്യഭാരം പതിനെട്ടാം ശതകത്തിന്റെ തൃതീയപാ
ദാന്തത്തിനും മുമ്പ് തുടങ്ങിയതാണെന്നു കാണുമായിരി
ക്കെ അക്കാലത്തെ ഹ്രസ്വമാക്കി പത്തൊൻപതാം ശതക
ത്തിന്റെ പ്രഥമപാദമെന്നു പറഞ്ഞു വച്ചതു് ഏതു കണ
ക്കുശാസ്ത്രപ്രകാരമാണെന്നറിഞ്ഞുകൂടാ. ഏതായാലും, ഇനി
മേലാൽ വെളിപ്പെടാനിരിക്കുന്ന വൻ തരംപ്രമാദങ്ങളുടെ ഒ
രു വെറും നാന്ദിയാണിതെന്നു ഇപ്പോഴേ പറഞ്ഞു വച്ചു
കൊള്ളട്ടെ!!

### രണ്ടു ഗുണങ്ങൾ.

മെത്രാപ്പോലീത്തായുടെ മാഹാത്മ്യത്തെ ദ്യോതിപ്പിക്കുന്ന വറുഗീസിന്റെ ഒരു വാചകഭാഗം ഇവിടെ പകത്തിക്കൊള്ളട്ടെ. "............ഈ വൈദികവര്യൻ നാമത്തിലും സ്ഥാനത്തിലും ഇന്നത്തെ തന്റെ അനന്തരഗാമിയായ മലങ്കര സുറിയാനി സഭാദ്ധ്യക്ഷനെപ്പോലെതന്നെ ബുദ്ധിശക്തിയിലും ധീരോദാത്തതയിലും അഗ്രിമസ്ഥാനീയനായിരുന്നുവെന്നുള്ളതിനു അദ്ദേഹത്തിന്റെ ജീവിത ചരിത്രത്തിലെ ഏതൊരു ഭാഗവും ലക്ഷ്യമത്രെ." വറുഗീസിന്റെ മെത്രാനു അത്യന്താവശ്യകങ്ങളായ രണ്ടു ഗുണങ്ങൾ-ബുദ്ധിശക്തി, ധീരോദാത്തത ഇവയാണു്. അവയിൽ അദ്ദേഹം അഗ്രിമസ്ഥാനീയനായാലേ കഥാകാരൻ തൃപ്തിപ്പെടൂ. ഒരു മെത്രാനു ധീരോദാത്തതയിൽ വല്ല പന്തോക്കവും സംഭവിച്ചുപോയാൽ അതു തന്റെ സമുദായത്തിനു വല്ലാത്ത അപമാനമായിത്തീർന്നേക്കുമെന്നു വറുഗീസു ഭയപ്പെടുന്നുണ്ടു്. വറുഗീസിന്റെ മെത്രാൻ സമുദായത്തിന്റെ ആത്മീകോന്നതിയെയല്ല, ലൗകികമായ ധീരവീരവൈഭവങ്ങളെ പോഷിപ്പിക്കണം; സമകാലികന്മാരോടു തല്ലുവെട്ടുന്ന വിഷയത്തിൽ അവർക്കൊരു നേതാവായിരിക്കണമെന്നാണു്, ഉദ്ദേശിച്ചിട്ടുള്ളതു്. ഒരു വൈദികാദ്ധ്യക്ഷൻ ശാന്തനും ഈശ്വരഭക്തനും സൽബുദ്ധിയും ആയിരുന്നാൽ കൊള്ളാമെന്നു വല്ലവരും കരുതുന്നുവെങ്കിൽ, അത്തരം കൊള്ളരുതാത്ത മെത്രാന്മാരുടെ നിർമ്മാണത്തിനല്ല "പോരാൾക്കു" വറുഗീസിനല്ലെന്നു വിചാരിച്ചടങ്ങിക്കൊൾകയേ വേണ്ടൂ.

### "നാമത്തിലും സ്ഥാനത്തിലും."

ഇനി വറുഗീസ് എഴുതിപ്പിടിപ്പിച്ചതെന്താണെന്നു നോക്കാം "ഈ വൈദികവര്യൻ അഗ്രിമസ്ഥാനീയനായിരുന്നു". ആരെപ്പോലെ? "ഇന്നത്തെ മലങ്കര സുറിയാനി സഭാദ്ധ്യക്ഷനെപ്പോലെ" ആവൂ, അല്പസമാധാനമായി. ഇന്നത്തെസഭാ-

ധ്യക്ഷന് സഭാംഗങ്ങൾ തന്നെ കല്പിച്ചിട്ടുള്ള അഗ്രിമസ്ഥാനം സാമാന്യം എല്ലാവക്കും വിവരമുള്ളതാണു്. വറുഗീസിന്റെ തിരപ്പുറപ്പാടിൽ കാണിച്ചിട്ടുള്ള ഗൗരവാതിശയം ഒന്നും ആ സ്ഥാനത്തിനിന്നല്ലെന്നു ആൎക്കാണറിഞ്ഞുകൂടാത്തതു? അതു് നാമത്തിലും സ്ഥാനത്തിലും" മാത്രമാണെന്നു വറുഗീസുതന്നെ, പ്രകടമായി സമ്മതിക്കയും ചെയ്യുന്നു. തന്റെ വലിയ വേഷത്തിനു ബുദ്ധിശക്തിയിലും ധീരോദാത്തതയിലുമുണ്ടായിരുന്ന അഗ്രിമസ്ഥാനം ഇന്നത്തെ മലങ്കരമെത്രാനും പേരിനും പദവിക്കും വേണ്ടിമാത്രം സങ്കല്പിച്ചിട്ടുള്ള ഔന്നത്യത്തോളമേ ഉള്ളു എന്നു വറുഗീസുതന്നെ എഴുതിവച്ചതു അയാളുടെ ചരിത്രനിൎമ്മാണയത്നത്തിൽ വളരെ സാരമായ ഒരംശമാണു്. ഇതു മനസ്സറിഞ്ഞുകൊണ്ടു വന്നതാണെങ്കിൽ, മലങ്കരയിലെ ക്രിസ്ത്യാനി രാജാവിന്റെ കാര്യംകുറെപക്ഷങ്ങളിലാണെന്നു സമ്മതിക്കതന്നെ വേണം, അതല്ല അത്രവിചാരിക്കാതെ എഴുതിപ്പിടിപ്പിച്ചതാണെങ്കിൽ എഴുതിയ ആളിന്റെ സാഹിത്യ രചനാവൈദഗ്ദ്ധ്യം അതിശയിക്കത്തക്കതുമാണു്. ഇതയിടെ കോട്ടയത്തു കാതോലിക്കാ സ്ഥാനാരോഹണം സമുദായാംഗങ്ങൾ കൊണ്ടാടിപ്പിടിച്ചു് ആഘോഷിക്കവെ, വറുഗീസിന്റെ സമുദായത്തിലെ ഒരു യുവകവി, തന്റെ കവിതാനാടിയെ ഒരു പത്രത്തിൽ കയററി "കാതോലിക്കാസ്ഥാനാരോഹണ"ത്തിന് മംഗളം ആശംസിക്കയുണ്ടായതോ, വറുഗീസിന്റെ വാചകത്തിന്റെ ശക്തി തന്റെ വലിയ മെത്രാന്റെ മാററു കുറച്ചുകളഞ്ഞതോ ഏതാണധികം അത്ഭുതമെന്നു വായനക്കാർ തീരുമാനിക്കട്ടെ! 'വറുഗീസ്' തന്റെ ചരിത്രം സഭാചരിത്രങ്ങളെ ആധാരമാക്കിയാണു നിൎമ്മിച്ചിട്ടുള്ളതെന്നുകൂടെക്കൂടെ പറയാറുണ്ടു്. സഭാചരിത്രങ്ങളോ ചെപ്പേടുകളും വെറും പേട്ടുകളുംകൊണ്ടു് സങ്കലിതവുമാണു്. ആ പേട്ടുകളിൽതന്നെ ഒന്നാം മാർത്തോമ്മാ എന്നഭിധാനം ചെയ്യപ്പെട്ടിട്ടുള്ള പകലോമററം മെത്രാനാണു് വറുഗീസിന്റെ വാക്യരചനാപാട

ത്വംകൊണ്ടു വിഷണ്ണനായി ഇന്നത്തെപ്പോലെ നിറംപകരുന്ന കാണുന്നതെന്നുള്ളതു അയാളുടെ സമുദായക്കാർക്കു സ്വസ്ഥമല്ലാതെ വന്നേക്കാം. അടുത്ത വാചകത്തിൽ മാർതോമ്മാശ്ലീഹായെ കൂടെ എഴുന്നള്ളിച്ചുകൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹം സ്വന്തം കൈകൊണ്ടു മെത്രാൻസ്ഥാനം നൽകിയ പകലോമറ്റം കുടുംബത്തിലെ ആറാമത്തെ മെത്രാച്ചനെ ആണ് വറുഗീസ് കീർത്തിക്കുന്നത്. മാർതോമ്മാശ്ലീഹാ മെത്രാൻസ്ഥാനം നൽകിയതു പകലോമറ്റം കുടുംബത്തിനോ നമ്മുടെ കഥാപാത്രമായ മെത്രാനോ, അതുമല്ല കഥാകാരനായ വറുഗീസിനുതന്നെയോ എന്നു സംശയിക്കുന്നവരുണ്ടെങ്കിൽ സഭാചരിത്രത്തിന്റെ വല്ല വശങ്ങളും മറിച്ചുനോക്കിക്കൊള്ളേണ്ടതാണെന്നു ഇവിടെ ഒന്നു ഉൽഘോഷിക്കേണ്ടിയിരിക്കുന്നു!

## പേരില്ലാനമ്പൂതിരിപ്പാട്.

കഥ തുടങ്ങിപ്പോയി. കഥയില്ലായ്മയാണൊന്നാമതു കരുതേണ്ടതു. ഒരു "ധീരപുരുഷന്റെ ജനനത്തെപ്പറ്റി രസകരമായ ഒരു കഥയുണ്ടെന്നു" പറഞ്ഞുകൊണ്ടു വറുഗീസ്, മെത്രാന്റെ ജാതകം എഴുതാൻ ഒരു നമ്പൂരിപ്പാട്ടിലെ എഴുന്നള്ളിക്കയാണു ബദ്ധപ്പെട്ടു ചെയ്യുന്നത്. ലബ്ധജാതകങ്ങളെ കാണാമറയത്തു തള്ളി നഷ്ടജാതകങ്ങളെ ഗണിക്കുന്ന വറുഗീസിന്റെ 'പ്ലാവ്' അന്നു ജനിച്ചിട്ടില്ലായ്കയാലാണു ഒരു നമ്പൂരിയെക്കൊണ്ടു ഇക്കാര്യം നിർവഹിക്കേണ്ടിവന്നതെന്നു വറുഗീസ് മനസ്താപിച്ചിരിക്കണം. നമ്പൂരി കുറവിലങ്ങാട്ടുകാരനാണെന്നേ കഥാകാരനു നിശ്ചയമുള്ളൂ. മെത്രാന്റെ പല്ലുതേച്ചുമട്ടക്കാരന്റെയും പടിക്കമെടുക്കുന്നവന്റെയും മറ്റും പേരുകളും സഭാവരിയോലയിൽ നിന്നു യാതൊരു സന്ദേഹവും കൂടാതെ പകർത്തി എഴുതാൻ കഴിയുന്ന വറുഗീസ് ഈ നമ്പൂരിപ്പാടിന്റെ പേരും ഇല്ലപ്പേരും പറഞ്ഞുകൊടുക്കാൻ രേഖ കരുതിയിട്ടില്ലാത്ത ഭാഗ്യം കെട്ട നമ്പൂരിസമുദായത്തെ

## നോക്കി കഷ്ടം! നെടുവീർപ്പ വട്ടിരിക്കണം!!

### ഹിന്ദുവിന്റെ പൊലികടമേർപ്പാട്

സമീപസ്ഥനും വിധേയനുമായ ഒരു നമ്പൂരി തന്റെ ഇല്ലത്തേക്ക ഇരുട്ടാകുന്നുള്ള കുറെ പണം വാങ്ങാൻവേണ്ടി മൈത്രാന്റെ അപ്പനെ കാണാൻ ചെന്നുവെന്നും, ആ അവസരത്തിലായിരുന്നു മൈത്രാന്റെ ജനനമെന്നും ജാതശിശുവിന്റെ ഭാവിഫലം അപ്പോഴേ ഗണിച്ചു വിസ്മയഭരിതനായിത്തീർന്ന നമ്പൂരി നല്ലവാക്ക പറഞ്ഞുവെന്നല്ല ചോദിക്കാതെ തിരികെപ്പോന്നു എന്നും പറഞ്ഞാണ കഥ തുടങ്ങുന്നത്. നമ്പൂരിമാർ സാധാരണ പൊലികടം പിരിക്കാൻ ഒരിടത്തും പോകാറില്ലെന്ന വറുഗീസിന്നറിയാം. അവർ മാപ്പിളമാരുടെ വീടുകളിൽ കാലെടുത്തു ചവിട്ടുന്നവരും അതിന്നാവശ്യമുള്ളവരും അല്ലെന്നും അയാൾ ധരിക്കായ്കയില്ല. നമ്പൂരിമാരുടെ കാര്യസ്ഥന്മാരായ നായന്മാരുടെ പുറകെ 'പിള്ളേച്ചൻ' എന്നും എമാനെന്നും' വിളിച്ചുകൊണ്ടു നടന്നും, ആണ്ടുകാഴ്ച വച്ചു പ്രസാദിപ്പിച്ചും ആണ് മാപ്പിളമാർ വല്ല നമ്പൂരിയില്ലത്തുനിന്നും വല്ലതും വാങ്ങുന്നതെന്ന ആ മാതിരി ഇടപാടുകളുള്ള മാപ്പിളമാർക്കിന്നും ബോധമുണ്ട്. അതൊന്നുമല്ലാതെ ഒരു മാപ്പിളയുടെ വീട്ടിൽ നമ്മുടെ നമ്പൂരി പൊലികടം പിരിക്കാൻ ചെന്നുവെന്ന പറയുന്നതിൽ വല്ല അനൗചിത്യവുമുണ്ടെന്ന കരുതുന്നവർ വറുഗീസിന്റെ മൈത്രാനെ അല്പമൊരു ഉന്നതി സമ്പാദിക്കാനുള്ള യത്നത്തിൽ ആ കീഴ്ക്കടെ ഒന്നു കടക്കേണ്ടിവന്നതിന്ന പരിഭവിക്കാതെ ക്ഷമിച്ചുകൊള്ളട്ടെ! നമ്മുടെ വറുഗീസിന്ന നമ്പൂരിമാരോട്ടു ഒന്നിനും പോകേണ്ട ആവശ്യമില്ല. അയാൾക്കു നെല്ലും പുല്ലും ഒന്നും ആരും അറിഞ്ഞും അറിയാതെയും കൊടുക്കാറില്ല. അതിന്നാവശ്യമില്ലെന്നും വയ്ക്കുക, നെല്ലോ പണമോ ആവശ്യക്കാരെ തിരഞ്ഞു പിടിച്ചു കെട്ടിത്തേൽപ്പിക്കയും പിന്നെ അതു പിരിക്കാനെന്നും പറഞ്ഞു കയറിയിറങ്ങി നടന്ന്, ആകപ്പോഴൊക്കെ വ-

നാററിലെ വ്യാധി കെട്ടാത്തുങ്ങുമാറ് മൃഷ്ടാന്നം ഭുജിക്കയും അവിടവിടെ കണ്ണിൽ കണ്ടതൊക്കെ ഇരന്നു വാങ്ങിക്കയും അങ്ങനെ തന്റെ മുതലിന്നും പലിശയ്ക്കും പുറമെ വീട്ടിലെ പഴഞ്ചോറും ഉപ്പുമീനും കൊണ്ടു തന്റെ പെമ്പിളയ്ക്കും പിള്ളേർക്കും വയറുനിറയ്ക്കാൻ തരപ്പെടുത്തി ഉണ്ടാകുന്ന ലാഭം കൂടി നേടിക്കഴിയുകയും ചെയ്യുന്ന സാധാരണ കൊലികടക്കാരായ മാപ്പിളമാരെ മനസ്സിൽ ധ്യാനിച്ചുകൊണ്ടാണ് വറുഗീസ് ഈ കഥാഭാഗം എഴുതിയതെന്നു വിചാരിക്കുന്നതു അയാൾക്കു അഭിമാനത്തിന്നും അല്പം സമാധാനത്തിന്നും വകയാണ്. ഇല്ലത്തേക്കു കിട്ടാനുള്ള പണം കൊയ്ത്തു കഴിഞ്ഞാലുടൻ എത്തിക്കുന്നതാണെന്ന് അന്നുതന്നെ പണം കൊയ്ത്തു തുടങ്ങിയ പകലോമറ്റത്തെ മാപ്പിള, നമ്പൂരിയെ അറിയിച്ചിരുന്നു. എങ്കിലും അറയിൽ നെല്ല് തീർന്ന്, ഇല്ലത്തെ ശ്രാദ്ധം മുട്ടാറായപ്പോൾ ചില വാല്യക്കാരോടുകൂടി ഒരു ദിവസം രാവിലെ തന്നെ നമ്മുടെ നമ്പൂരി പകലോമറ്റത്തെത്തിയത്രെ. നമ്പൂരിപ്പാട് നെല്ലു വാങ്ങിക്കാൻ വാലിയക്കാരെ കൊണ്ടുപോയില്ല, സ്വന്തം ചെല്ലാവും കൊണ്ടു മാപ്പിളമാർ 'പെലകാലെ' എഴുന്നറു പോകാറുള്ളതുപോലെ പോകയായിരുന്നു എന്നു നമ്മുടെ ചരിത്രകാരൻ എഴുതിപ്പിടിപ്പിക്കാഞ്ഞതു നമ്പൂരിസമുദായത്തിന്റെ ഭാഗ്യം എന്നു ഇപ്പോൾ കരുതിയാൽ മതി. ഇവിടെ വറുഗീസു ഹിന്ദുസമുദായത്തിന്റെ കൊലികടസമ്പ്രദായത്തെ ഭാഗ്യവശാൽ ഒന്നാക്ഷേപിച്ചിരിക്കയാണ്. കിട്ടാനുള്ളതു പണം, വാങ്ങാൻ പോകുന്നതു നെല്ല്, അതു തന്റെ അത്യാവശ്യത്തിന്, അതും പറഞ്ഞിരിക്കുന്ന അവധിക്കു മുമ്പെ പോരാ, അധമർണ്ണന്റെ വീട്ടിൽ ചെന്ന്, അതെ, ഹിന്ദു കടം ചോദിച്ചാൽ മാപ്പിള കൊണ്ടുകൊടുക്കണം. മാപ്പിളയ്ക്കു കടം കൊടുത്താൽ അതു ചെന്നു വാങ്ങുകതന്നെ വേണം. ഈ പരമാർത്ഥങ്ങൾ വറുഗീസു അറിഞ്ഞോ അറിയാതെയോ ഈ [illegible]ളിൽ അടങ്ങിയിട്ടു

ണ്ടെങ്കിൽ, തങ്ങൾ പുരാതനമായിട്ടേ പരിപാലിച്ചുപോരു
ന്ന ഈ നടപടി പുറത്താക്കിയ കുററത്തിന്ന ഇന്നത്തെ മാ
പ്പിളമാർ അയാളെ അരിഞ്ഞു പൊടിയാക്കിക്കളയാഞ്ഞതാശ്
നന്നെന്നേ ഇതെഴുതുന്ന ആൾക്കു വിചാരമുള്ളു.

പകലോമററത്തെ പ്രസവം.

നമ്പൂരിപ്പാട്ട പകലോമററത്തുചെന്നു മുററത്തു കൊ
ട്ടത്ത നാൽക്കാലിപ്പുറത്തിരിക്കാത്ത താമസമേ ഉണ്ടായൊ
ള്ളൂ. അവിടത്തെ പെമ്പിളയും നമ്മുടെ മെത്രാനെ പ്രസ
വിക്കുവാണെന്നാണു വറുഗീസു പറയുന്നത്. സാധു! ആ സ്ത്രീ
ഈ തരംനോക്കി പ്രസവിക്കുവാൻ വളരെ ബുദ്ധിമുട്ടിയിരിക്ക
ണമെന്ന തീർച്ചയാണ്. സൂതികാഗ്രഹത്തിൽ നിന്നു പൊ
ന്തിയ കരവശബ്ദം നമ്പൂരിയെ ഇരുന്ന ഇരുപ്പിൽ മുറ
ത്തേക്ക കുനിച്ചുകളഞ്ഞുവത്രെ. മാപ്പിളവീടുകളിലെ സൂതി
കാഗ്രഹത്തെയും അവിടെനിന്ന പൊന്തുന്ന കരവശബ്ദ
ത്തെയും ഓർമ്മിച്ചു മന്ദഹാസം ചെയ്യുന്ന വായനക്കാരേ! പ
കലോമററത്തെ പെമ്പിള പെററതു മെത്രാപ്പോലീത്തായെ
ആണെന്നുള്ളതു മറക്കരുതേ! നമ്പൂരിപ്പാട്ട മുമ്പോട്ട കുനിയു
കയോ പിമ്പോട്ട മലക്കുകയോ എന്തെങ്കിലും ചെയ്തതു
ആ വീട്ടിന്റെ പരിസരങ്ങളിലും സൂതികാഗ്രഹത്തിലും നി
ന്നു പൊന്തിയ മറെറാല്ലത്തും ഏററിട്ടു ബോധം ക്ഷയിച്ചാ
ണെന്നു പറഞ്ഞിരുന്നുവെങ്കിൽ ഇതിലധികം ഭംഗി തോ
ന്നുമായിരുന്നു. പക്ഷെ, വറുഗീസ് അക്കാലത്തെ ഹിന്തുക്ക
ളുടെ പ്രാതിനിധ്യമാണ് അജ്ഞാതനാമാവായ നമ്പൂരി
പ്പാട്ടിലേക്കു സങ്കല്പിച്ചിട്ടുള്ളതെന്നും. മലങ്കരയുടെ സൂര്യ
ണിരാജാവിന്റെ ജനനവേളയിൽത്തന്നെ ഹിന്തുസമുദായ
ത്തിനുണ്ടായിത്തുടങ്ങിയ ചാഞ്ചാട്ടമാണ് നമ്പൂരിപ്പാട്ടിന്റെ
ഭാവഭേദംകൊണ്ടു വറുഗീസ് ചിത്രീകരിച്ചിട്ടുള്ളതെന്നും വി
ചാരിക്കാൻ ഇവിടെ വകയുള്ളതാകുന്നു.

## ഗ്രഹവും ലാഗ്നവും.

നമ്പൂരിപ്പാട്ട് ഒട്ടും താമസിക്കാതെ തന്നെ നിലത്തു ഗ്രഹനില രേഖപ്പെടുത്തി ലഗ്നാധിപഭാവബലത്തെയും ഗ്രഹോച്ചസ്ഥിതികളേയും പററി ഗാഢവിചിന്തനം ചെയ്തുവെന്നു വറുഗീസു പറഞ്ഞിരിക്കുന്നു. പകലോമററം ഗ്രഹത്തിന്റെ നിലയും ഉച്ചസ്ഥിതികളും പരിഗണിച്ചതുകൊണ്ടായിരിക്കണം, സാധാരണ ഗണിതക്കാരെപ്പോലെ ലഗ്നാധിപനെയല്ലാതെ ലഗ്നാധിപനെത്തന്നെ നമ്പൂരിപ്പാട്ടു പിടികൂടിയതെന്നാണു വറുഗീസിന്റെ ജ്യോതിഷ്പാടവത്തിൽ ബഹുമാനമുള്ള ഞാൻ വിചാരിക്കുന്നതു്. വറുഗീസിന്റെ ഭാഷയിൽ പറഞ്ഞാൽ കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിനെ അവിടുത്തെ മാതാവു തിരുവയറു വാഴുന്നതിനും മുൻപു നല്ല മലയാളഗദ്യം എഴുതി പ്രസിദ്ധനായ ശീവറുഗീസുകത്തനാരുടെ അംശം ചേൎന്നുഭവിച്ച നമ്മുടെ സാഹിത്യകാരൻ ജാതകഗണനയ്ക്കു നവഗ്രഹങ്ങളെ വിട്ടു സാധാരണ ഗ്രഹങ്ങളെയും ലഗ്നം വെടിഞ്ഞു ലാഗ്നത്തെത്തന്നെയും അവലംബിച്ചുകൊള്ളുന്നതിൽ ആരും വിസംവദിച്ചുകൂടാത്തതാണല്ലോ. ഏതായാലും 'ലഗ്നാലും ചന്ദ്രാലും' കൂടി മെത്രാപ്പോലീത്തായ്ക്കു കണ്ട ഭാഗ്യദശയെക്കുറിച്ച് നമ്പൂരിപ്പാട്ടു നെല്ലിനു മുട്ടുകൂടാതെ ലൗകികം പറഞ്ഞു പിരിയുകയാണുണ്ടായതെന്നും, 'ആ സാധു' നെല്ലു കിട്ടുന്നതിനു കുറെ പ്രയാസം സഹിച്ചെങ്കിലും ശ്രാദ്ധം ഒരു വിധം ഭംഗിയായി നടത്തി' എന്നും വറുഗീസ് സമ്മതിക്കുന്നുണ്ട്. പകലോമററത്തെ മൂത്തമാപ്പിളയ്ക്കു ഒരു 'അതിഭാഗ്യവാനായ ഉണ്ണി ജനിച്ചതുകൊണ്ടു' മാത്രമല്ല, മലങ്കരനസ്രാണികൾക്കു രാജാവുണ്ടായതുകൊണ്ടുതന്നെയാണ് നമ്പൂരിപ്പാട്ടിലെ നെല്ല് ആവശ്യപ്പെടാതെ പറഞ്ഞതു്. ഉണ്ണിയുണ്ടായ സന്തോഷം കണ്ടനുമോദിച്ച നമ്മുടെ സാധു നമ്പൂരിപ്പാട്ടിലേക്കു വല്ല നെല്ലോ എണ്ണയോ പകലോമററത്തുനിന്നും

നൾകിയെന്നു വറുഗീസു പറയാഞ്ഞത്, ആഢ്യഗൃഹങ്ങളിൽ ഉണ്ണിയുണ്ടായതറിഞ്ഞു അവിടെച്ചെന്നുകൂടി ഇടങ്ങാഴിനെല്ലും ഉഴക്കെണ്ണയും വാങ്ങിപ്പിരിഞ്ഞുകാണാവുന്ന വല്ല പഴവന്മാരോടും ചോദിച്ചറിയാഞ്ഞിട്ടാണെന്നേ കരുതേണ്ടതുള്ളു. സന്താപാവസരങ്ങളിൽ അധമർണ്ണനെ ഞെരുക്കാൻ തോന്നാത്ത സഹതാപബുദ്ധി നമ്പൂരിപ്പാട്ടിലേക്കു പകലോമററത്തെ മാപ്പിളയുടെ സന്തോഷാവസരത്തിൽ തോന്നിയതു സന്തോഷസന്താപങ്ങളിലുള്ള വിവേകജ്ഞാനത്തിന്റെ അഭാവം കൊണ്ടാണെന്നു വരാം. പകലോമററത്തു ജനിച്ചതു പെരുഉണ്ണിയല്ല, ഇട്ടിയായിരുന്നുവെങ്കിൽ അതു വളർന്നുവന്നാൽ സ്ത്രീധനത്തിനും, കല്യാണച്ചിലവിനും മററും ആയിത്താൻ ഇറക്കേണ്ടിവരാവുന്ന മുതൽ കൈയ്യിലില്ലാത്ത സന്താപത്തിൽ ആണ്ടുതുടങ്ങുന്ന ഗൃഹനാഥനിൽ നമ്പൂരിപ്പാട്ടിലേക്കു വാസ്തവമായ അനുകമ്പ തോന്നുവാൻ ന്യായമുണ്ടായിരുന്നു. ഏതായാലും നമ്പൂരിപ്പാട്ടു നെല്ലു വാങ്ങാതെ പിരിഞ്ഞതു അളവററ സന്തോഷം കൊണ്ടായിരുന്നുവെന്നു വറുഗീസു പ്രകടമായി സമ്മതിക്കുന്ന മുറയ്ക്കു നമുക്കതിലധികം ഒന്നും ചിന്തിക്കേണ്ടതില്ലല്ലോ. പക്ഷെ, അടുത്തുതന്നെ അദ്ദേഹം തിരുവനന്തപുരത്തെത്തി മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ മെത്രാന്റെ—അല്ല, നസ്രാണി മഹാരാജാവിന്റെ—ജനനത്തെക്കുറിച്ചു ചിലതു പറയുന്നതു കേൾക്കുമ്പോൾ ചില സന്ദേഹങ്ങൾക്കു നാം വീണ്ടും അധീനരായിപ്പോകുന്നു.

### ശ്രദ്ധേയമായ ഭാഗം.

വറുഗീസു നല്ലവണ്ണം അടിയുറപ്പിച്ചുനിന്നു ഒരു വലിയ എതിരാളിയെ ആഞ്ഞമർത്തുന്ന ഭാവത്തിൽ, ഉള്ള ശക്തി മുഴുവൻ പ്രയോഗിച്ചുകൊണ്ടു ഇവിടെ എഴുതിയിരിക്കുന്ന ചില വാചകങ്ങൾ തിരുവിതാംകോട്ടെ രാജഭക്തരായ പ്രജകൾ, വിശേഷിച്ചു ഹിന്ദുക്കൾ, ശ്രദ്ധിച്ചു വാ

യിക്കേണ്ടതാണു്. നോക്കുക:—‘നമ്പൂരിപ്പാട്ട തിരുവനന്ത പുരത്തു താമസിച്ചിരുന്ന അജയ്യപരാക്രമശാലിയും വൈരിവിദ്ധ്വംസകനുമായിരുന്ന മാർത്താണ്ഡവർമ്മമഹാരാജാവു, തിരുമനസ്സിലെ സന്നിധിയിൽ എത്തി. സ്വഗൃഹസമീപത്തു പകലോമററം തറവാട്ടിൽ (കറവിലങ്ങാട്ടു) സർവ്വസൌഭാഗ്യസമ്പൂർണ്ണനും രാജലക്ഷണസംയുക്തനുമായ ഒരു നസ്രാണിക്കുട്ടി ജനിച്ചിരിക്കുന്നുവെന്നും, ഗ്രഹനില പരിശോധിച്ചതിൽ ശിശു യൌവനദശയിലെത്തുന്നതോടുകൂടി അതിപ്രതാപശാലിയും ഭരണാധികാരിയുമായ ഒരു മഹാരാജാവായിത്തീരുമെന്നും ഭരണസീമയെക്കുറിച്ചു ചിന്തിച്ചതിൽ പുതിയ മഹാരാജാവിൻെറ അധികാരം കേരളമൊട്ടുക്കു ഉണ്ടായിരിക്കുമെന്നു കാണുന്നതിനാൽ വടക്കുംകൂർ രാജസ്ഥാനം മാത്രമല്ല (കറവിലങ്ങാട്ട് അന്നു വടക്കുംകൂർ രാജാക്കന്മാരുടെ ആധിപത്യത്തിലായിരുന്നു.) കേരളത്തിലുള്ള ഹിന്ദുരാജസിംഹാസനങ്ങളെല്ലാംതന്നെ നശിച്ചുപോകുമെന്നും അതിനാൽ തിരുവിതാംകൂർ രാജവംശത്തിൻെറയും സിംഹാസനത്തിൻെറയും ശാശ്വതമായ നിലനിൽപ്പിൽ അൽപമെങ്കിലും ആകാംക്ഷയുള്ളപക്ഷം ശിശുവിൻെറ ആയുസ്സിനു് ഉടൻ തന്നെ അന്തരം വരുത്തിക്കൊള്ളണമെന്നും തിരുമനസ്സുണർത്തിച്ചു’ ഈ വാചകങ്ങൾ എഴുതിയ വറുഗീസിനു ബുദ്ധിസ്ഥിരത ഇല്ല എന്നാർക്കും ശങ്ക ഉണ്ടാവാനിടയുണ്ടു്. അയാളുടെ അഹങ്കാരത്തിൻെറ ആധിക്യം ഇതിൽ സ്പഷ്ടമായി കാണുന്നതുമാണു്. ഏതായാലും നമുക്കു വറുഗീസിൻെറ വാചകങ്ങളെ തെല്ലൊന്നു സമീപിക്കുകതന്നെ.

### മാർത്താണ്ഡവർമ്മയല്ല.

പകലോമററത്തു വച്ചു സന്തോഷിച്ചു പിരിഞ്ഞ നമ്പൂരിപ്പാട്ട നേരെ തിരുവനന്തപുരത്തെത്തിയെന്നാണല്ലോ വറുഗീസു പറയുന്നതു്. അതു മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ വിവരം ഉണർത്തിക്കാനായും

രുന്നുവത്രെ. മുൻപു കൊടുത്തിട്ടുള്ള കണക്കുകളിൽനിന്നു മെത്രാന്റെ ജനനകാലമായ കൊല്ലവർഷം ൯൦൨-ൽ രാജ്യം ഭരിച്ചിരുന്നതു രാമവർമ്മമഹാരാജാവായിരുന്നു എന്നു കാണാം. അന്നു മാർത്താണ്ഡവർമ്മയുവരാജാവിന്റെ അല്ല, മഹാരാജാവു തിരുമനസ്സിലെ തന്നെ. മുഖം കാണിച്ചു വസ്തുത ഉണർത്തിക്കാൻ നമ്പൂരിപ്പാട്ടിലേക്കു സാധിച്ചതു വറുഗീസിന്റെ അതിസാമർത്ഥ്യംകൊണ്ടുതന്നെയാണ്. മാർത്താണ്ഡവർമ്മമഹാരാജാവ് അന്നു തിരുവനന്തപുരത്തു താമസിച്ചിരുന്ന ആളെന്നാണു വറുഗീസ് നമ്മെ പരിചയപ്പെടുത്തിയിരിക്കുന്നതു്. അതെ, താമസിക്കുകയെന്നാൽ വെറും താമസിപ്പു മാത്രം. മഹാരാജാക്കന്മാർക്കു വെറും പാർപ്പും മെത്രാന്മാർക്കു എഴുന്നള്ളിയിരിപ്പും ആണു വറുഗീസിന്റെ സമുദായനീതി പ്രഖ്യാപനം ചെയ്തിട്ടുള്ള അവസ്ഥകളെന്നുകൂടി ധരിച്ചില്ലെങ്കിൽ വായനക്കാർക്കു അൽപ്പം അലൌകികം തോന്നാനിടയുള്ളതാണ്.

### ഒറ്റൽവിദ്യ.

നമ്മുടെ നമ്പൂരിപ്പാട്ടിലേക്കു മാർത്താണ്ഡവർമ്മയുടെ അടുത്തെത്താൻ സിദ്ധിച്ച അവകാശം വളരെ കൌതുകകരമാകുന്നു. തന്റെ രാജ്യത്തെ ഒറ്റിക്കൊടുക്കുന്ന വിദ്യയിലാണു നമ്പൂരിപ്പാടു ഏർപ്പെട്ടിരുന്നതത്രെ. അവസരം കിട്ടുമ്പോഴൊക്കെ തന്നാട്ടിനെ ബ്രിട്ടീഷ്ഗവമ്മെന്റിലേക്കു ഒറ്റിക്കൊടുക്കുന്ന തന്റെ പരിചിതന്മാരുടേയും ബന്ധുജനങ്ങളുടേയും പ്രവൃത്തി ഒരു വീരകൃത്യമെന്നോ പൌരുഷമെന്നോ പറഞ്ഞുകേട്ടഭിമാനിച്ചു പോരുന്ന വറുഗീസ് യാതൊരു ദുഷ്ടവിചാരത്തോടെയുമല്ല, നമ്മുടെ നമ്പൂരിപ്പാട്ടിലെ സ്വരാജ്യദ്രോഹിയാക്കി അവതരിപ്പിച്ചിരിക്കുന്നതു എന്നു വായനക്കാർ ധരിക്കേണ്ടതാകുന്നു. ഇന്നും തിരുവിതാംകോട്ടെ ചില അൽപജ്ഞന്മാരായ നസ്രാണികൾ തങ്ങൾക്കു അസുഖമെന്നു തോന്നുന്ന വല്ലതും വല്ലടത്തും നടന്നതായി

ക്കേട്ടാൽ "എടുത്ത വായാൽ" പൊളിററിക്കൽ ഏജൻറിൻെറ
യും ബ്രിട്ടീഷ്ഗവൎമ്മെൻറിൻേറയും മുഴക്കമുള്ള പേരുകളെ
ഉരുക്കഴിച്ചു ആളുകളെ ബാഹ്യം കൊള്ളിക്കുന്നതു കാണാറി
ല്ലേ? അവൎക്കു നാട്ടു വാഴുന്ന തമ്പുരാക്കന്മാരെയും പരമ്പരാഗ
തമായ രാജപ്രഭാവത്തെയും പററിയുള്ള ഭക്തിയും ബഹുമാന
വും എത്രത്തോളമെന്നു ഇതെല്ലാംകൊണ്ടു ബഹുജനങ്ങൾ
ക്കു വ്യക്തമായി ധരിക്കാൻ കഴിഞ്ഞിട്ടുള്ളതാകുന്നു. ഇങ്ങ
നെ ഒരു കള്ളത്ത രാജസേവകപ്രഭാവത്തിൽ മനം ലയിക്കു
ന്ന വറുഗീസു തൻെറ സൃഷ്ടിയായ നമ്പൂരിപ്പാട്ടിലെക്കൊ
ണ്ടു ഒരു അവശ്യകരണീയകൎമ്മം അനുഷ്ഠിക്കുന്നതു തൃപ്തിയോ
ടെ ആയിരിക്കണം. വടക്കുംകൂർരാജ്യത്തെ ആക്രമിച്ചടക്കുന്ന
തിനുവേണ്ട യുദ്ധസഹായങ്ങൾ മാൎത്താണ്ഡവൎമ്മമഹാരാജാ
വു തിരുമനസ്സിലേക്കു ചെയ്തുകൊടുക്കുന്നതായി കാണുന്ന
തു്. എന്നാൽ ഇതിൻെറ വാസ്തവികതയെപ്പററി ആൎക്കും
സന്ദേഹത്തിനുപോലും കാൎയ്യമുള്ളതല്ല. വറുഗീസു പറയു
ന്ന കാലത്തു മാൎത്താണ്ഡവൎമ്മമഹാരാജാവു രാജ്യഭാരം തന്നെ
തുടങ്ങിയിട്ടില്ല. അദ്ദേഹം ൯൦൪-ൽ രാജ്യഭാരം തുടങ്ങിയ
പ്പോൾ എട്ടരയോഗക്കാരുടെയും മററും ശക്തിവർദ്ധനയും,
രാജസ്ഥാനത്തിൻെറ ബലശൂന്യതയും നിമിത്തം തിരുവി
താംകോട്ടു വൃത്താണ്ഡഭസാധനിലയിലായിരുന്നു എന്നാണു ച
രിത്രം പഠിപ്പിക്കുന്നതു്. അദ്ദേഹത്തിൻെറയും കൌശലവി
ശ്രുതനായ രാമയ്യൻെറയും ഭഗീരഥപ്രയത്നവും, ഭാവിഗതി
കളെപ്പററി നല്ല ബോധമില്ലാതെയെങ്കിലും, പരമ്പരാപ്രാ
പ്തമായ വിശ്വാസത്തെ അന്ധമായി അവലംബിച്ചുകൊ
ണ്ടിരുന്ന രാജഭക്തരായ ഒട്ടേറെ ഹിന്തുപ്രജകളുടെ സൌമന
സ്യപൂൎവ്വമായ സഹായവുംകൊണ്ടു രാജ്യത്തിലൊട്ടാകെ സ
മാധാനം ഉണ്ടായ ശേഷമേ അദ്ദേഹം വടക്കുംകൂർ, തെക്കും
കൂർ മുതലായ നാട്ടുകളിലേക്കു കണ്ണു വച്ചിരുന്നുള്ളു എന്നാ
ണു ചരിത്രകാരന്മാർ വിശ്വസിച്ചിട്ടുള്ളതു്. വറുഗീസിനാ

ക്കെട്ട്. ഈവക വൈഷമ്യങ്ങളൊന്നും കൂടാതെ ഒരു പുതിയ
ചരിത്രം കെട്ടിയുണ്ടാക്കാൻ കഴിഞ്ഞതിൽ അയാളെ അഭി
നന്ദിക്കേണ്ടതാണ്. പക്ഷേ, ഇതിന്നു ഒററൽവിദ്യ പ്രയോ
ഗിക്കാൻ നമ്പൂരിയെക്കാൾ സമർത്ഥന്മാരും, സ്വാതിമാന്മാരും
ആയ പകലോമററത്തുകാരെയോ മററുവല്ല മാപ്പിളവീട്ടുകാരെ
യോ ഒഴിഞ്ഞുവയ്ക്കാതെ ഒരു സാധു നമ്പൂരിപ്പാട്ടിലെ പിടികൂ
ടിയതു വറുഗീസിന്റെ സമുദായത്തിന്നു വലിയ ഒരു നഷ്ടമാ
ണെന്നുകൂടി പറയേണ്ടിയിരിക്കുന്നു.

നമ്പൂരിപ്പാട്ടും വറുഗീസും

നമ്പൂരിപ്പാടന്മാരെ വറുഗീസ് സാധാരണയായി വള
രെ പുച്ഛഭാവത്തിലാണു വീക്ഷിക്കാറുള്ളതെന്നു അയാളുടെ
പല കൃതികളും സാക്ഷിപ്പെടുത്തുന്നുണ്ട്. എന്നാൽ, ത
ന്റെ ആ അഭിപ്രായം കേവലം ജളത്വംകൊണ്ടുണ്ടായതാ
ണെന്നു വറുഗീസിന്നിയും ധരിച്ചുകഴിഞ്ഞിട്ടില്ലെങ്കിൽ അയാ
ളെ അതറിയിക്കാൻ വല്ലവരും തുനിഞ്ഞെന്നുവരാം. ഇതര
ജനങ്ങളുടെ അഭിവൃദ്ധിക്കായി ആത്മത്യാഗപൂർവ്വം പ്രയത്നി
ച്ചുപോന്ന കേരളീയബ്രാഹ്മണസമുദായത്തെ ഹിന്തുക്കളിൽ
തന്നെ വല്ലവരും അവരുടെ യാഥാസ്ഥിതികത്വത്തെയോ,
സാത്വികമായ പരാങ്മുഖതയേയോ ലക്ഷ്യമാക്കി ഇങ്ങനെ ബുദ്ധിയോ
ടെ പരിഹസിച്ചിട്ടുള്ളതു വായിച്ചു വല്ലതുമൊക്കെ എ
ഴുതിത്തുടങ്ങിയാൽ അതിന്റെ ഫലം അത്ര സന്തോഷകരമാ
യി പരിണമിക്കയില്ലെന്നു ഓർമ്മിപ്പിക്കേണ്ടതു വറുഗീസിനോടു
താല്പര്യമുള്ളവരുടെ മുറയാണ്. വറുഗീസിന്റെ ചില പ്രസ്താവ
നകൾ വായിച്ചാൽ മനഃപ്പരിഷ്കാരവും, കാര്യാലോചനാനൈപു
ണ്യവും മററും നമ്പൂരിമാർ വറുഗീസിന്റെ തരക്കാരോടു തന്നെ
പഠിക്കേണ്ടതുണ്ടെന്നാണയാളുടെ ഭാവമെന്നു തോന്നിപ്പോകും.
പ്രസ്തുതകഥയിൽ ശ്രദ്ധാർഹമേ കഥയില്ലാത്തൊരു പാത്രമായിട്ടാ
ണു വറുഗീസ് കറവിലങ്ങാട്ടെ നമ്പൂരിപ്പാടിനെ അവത

രിപ്പിച്ചിട്ടുള്ളതെന്നു തീർച്ചയാകുന്നു. പക്ഷെ, അതു വറുഗീസിന്റെ തന്നെ കഥയില്ലായ്മയേയും, കാക്കേരാടകത്വത്തെയും ആണു വെളിവാക്കുന്നതെന്നു അയാൾ മനസ്സിലാക്കീട്ടില്ല. സംഗതികളുടെ സൂക്ഷ്മാവസ്ഥ ധരിക്കാൻ ത്രാണിയില്ലാതെ വല്ലാതെ ഭയപ്പെട്ടുപോകുന്നവരാണു നമ്പൂരിമാരെന്നുള്ള തന്റെ തെററിദ്ധാരണയെ അവലംബമാക്കിക്കൊണ്ടു തനിക്കു വായിൽ തോന്നിയതൊക്കെ ജല്പിക്കാനാണു വറുഗീസ് ഇവിടെ നമ്പൂരിപ്പാടിനെ ഉപയോഗിച്ചുകാണുന്നതു്. അങ്ങനെ ചെയ്യുന്നതിൽ വറുഗീസിനു കൃത്രിമമായ ഒരുദ്ദേശമുണ്ടെന്നുള്ളതു മേൽചെയ്യുന്ന വിമർശനംകൊണ്ടു സ്പഷ്ടമാകും. വറുഗീസ് പറയുന്നതു ഹിന്തുക്കൾക്കു പൊതുവെയും ഹിന്തുരാജകോയ്മകൾക്കു പ്രത്യേകവും അവമാനകരമായ വാക്കുകളാണു്. അതു നേരെ നിന്നുപറവാൻ നട്ടെല്ലുവളഞ്ഞ ആ സാധുവിനു വീരധൈര്യം പോരാ. അതിനായാൾ കണ്ടുപിടിച്ച വിദ്യയാണിതു്. കണ്ണാൽകളി, കണ്ടില്ലെങ്കിൽ കാര്യം എന്നു പണ്ടാരോ പറഞ്ഞതും വറുഗീസിന്റെ തരക്കാർ ധാരാളം പ്രയോഗത്തിൽ വരുത്താറുള്ളതുമായ സൂത്രം തന്നെയാണതു്. നാക്കിനു ലഗാനില്ലാത്തവരെന്നു വറുഗീസ് കരുതുന്ന നമ്പൂരിമാരിൽ ഒരാളെക്കൊണ്ടു തന്റെ ആകാശക്കോട്ടകൾക്കു തീ കൊളുത്തിച്ചാൽ അതിൽ അരിശംകൊള്ളുന്നവരോടു താനല്ല നമ്പൂരിയാണതിനുത്തരവാദിയെന്നു പറയാം. അനുമോദിക്കുന്ന ബഹുജനങ്ങളുണ്ടാകട്ടെ, അതിൽ നമ്പൂരിയെയല്ല തന്നെത്തന്നെ ചുമതലക്കാരനാക്കിക്കൊള്ളുകയും ചെയ്യാം. സ്വജാതിയെക്കുറിച്ചു അത്യഭിമാനം ഉള്ളവരെന്നു നമ്മെ പലപ്പോഴും ധരിപ്പിച്ചിട്ടുള്ള വറുഗീസിനു അയാളുടെ സമുദായത്തെക്കുറിച്ചു അയാൾ നിസ്സാരന്മാരെന്നു ആക്ഷേപിക്കാറുള്ള ചിലർ തന്നെ വല്ലതും ബഹുമാനമായി പറയുന്നതു കേൾക്കാൻ ഉള്ള കൗതുകം ഒന്നു വേറെതന്നെയാണു്. ചുരുക്കത്തിൽ വറുഗീസ് നമ്പൂരിയെ തന്റെ

ഒരിക്കലും നടപ്പില്ലാത്ത അത്യാഗ്രഹങ്ങൾ പ്രകടിപ്പിക്കാൻ ഒരാളാക്കിയിരിക്കയാണെന്നാണു് നാം ധരിക്കേണ്ടതു്. ഒരു നമ്പൂരി, നസ്രാണിക്കുട്ടിയിൽ രാജലക്ഷണസമ്പൂൎത്തിയും സൎവ്വസൌഭാഗ്യസംയോഗവും കണ്ടുപിടിക്കുന്ന രംഗം ഇതേവരെ ഒന്നെഴുതാൻ ഒരു സാഹിത്യകാരനും മുതിരാത്ത കുറവു് വറുഗീസ് ഇതാ തീൎത്തുകഴിഞ്ഞു, അതു പകലോമററത്തുഗൃഹത്തിൻെറ നില പരിശോധിച്ചാണു് സ്ഥാപിക്കുന്നതെന്നു നാം മറക്കരുതു്.

## നസ്രാണി രാജാവു്.

യൌവനദശയിൽ എത്തുമ്പോൾ നസ്രാണിക്കുട്ടി അതിപ്രതാപശാലിയും ഭരണാധികാരിയും ആയ മഹാരാജാവായിത്തീരുമെന്നാണു് നമ്പൂരിപ്പാട്ടിലെക്കൊണ്ടു് പ്രവചിപ്പിക്കുന്നതു്. മെത്രാൻ ൯൪൫-ാമാണ്ടു തൻെറ ൪൨-ാമത്തെ വയസ്സിൽ മഹാരാജാവായിത്തീൎന്നു. എന്നാണു് വറുഗീസിൻെറ [illegible] അയാളെ പഠിപ്പിച്ചിട്ടുള്ളതു്. ഒരു മെത്രാപ്പട്ടം സിദ്ധിച്ച ആ നസ്രാണി അതി പ്രതാപശാലിയും ഭരണാധികാരിയും ആയ മഹാരാജാവായിരുന്നുവത്രേ. വറുഗീസുതന്നെ ഇതേവരെ എത്ര മനോരാജ്യങ്ങൾ സ്ഥാപിക്കുകയും അവിടെയെല്ലാം ഭരണം നടത്തുകയും ചെയ്തുകഴിഞ്ഞിട്ടുണ്ടു്? പക്ഷെ അതിലൊന്നും വിപ്രതിപത്തി പ്രദർശിപ്പിക്കാനില്ല. അയാൾ ഇങ്ങനെ രാജ്യം നേടിനേടി ഒടുവിൽ ഉരുളമ്പാറ തന്നെ പിടിച്ചടക്കിക്കൊണ്ടാലും ആർക്കും പരിഭവമില്ല. മെത്രാൻെറ രാജ്യത്തിനു എല്ലുംകൂടി കാച്ചുകളഞ്ഞതിലാണു് വറുഗീസിൻെറ വകതിരിവു പ്രത്യക്ഷപ്പെടുന്നതു്. കേരളത്തിലെ ഹിന്ദുരാജസിംഹാസനങ്ങളെല്ലാം തന്നെ നശിപ്പിച്ചുകളയത്തക്ക പ്രാഗത്ഭ്യമാണു മെത്രാൻെറ രാജത്വത്തിനു അയാൾ പ്രതീക്ഷിക്കുന്നതു്. കേരളത്തിൻെറ വടക്കേ അററമായ മലബാറിനെ ക്രിസ്തുരാജസിം

ശാസനം ഭരിച്ചുപോരുന്നതു കഴിച്ചാൽ ബാക്കി കൊച്ചിയും തിരുവിതാംകൂറും അടക്കിഭരിക്കാനാണ് വറുഗീസിന്റെ കോതി. അതിനാണല്ലൊ വറുഗീസ് പല വലിയ ഗ്രന്ഥങ്ങളേയും ചെമ്പുന്തീരാളങ്ങളോടെയുള്ളിലും മററുമായി കൂടെക്കൂടെ എഴുന്നള്ളിക്കുന്നത്.. വറുഗീസെ, എന്നിട്ടെന്തായി എന്നൊന്നു ചോദിച്ചുകൊള്ളട്ടെ. വറുഗീസിന്റെ വില്ലാർവട്ടം സ്വാതന്ത്ര്യപവുമായി ബന്ധപ്പെട്ട നസ്രാണീകരിക്കപ്പെട്ടിട്ടും കൊച്ചിയിന്നും ഒരു ഹിന്ദുരാജാവു ഭരിക്കുന്നു. തിരുവിതാംകോട്ടും ഹിന്ദുരാജസ്ഥാനമുണ്ടെന്നാണല്ലോ ഞങ്ങളൊക്കെ ധരിച്ചുവച്ചിട്ടുള്ളത്. വറുഗീസിന്റെ വലിയമെത്രാൻ കാലം ചെയ്തിട്ട് ഇപ്പോൾ അനേകം മെത്രാന്മാരുണ്ടല്ലോ. അതിലേതു മെത്രാനാണിന്നത്തെ രാജാവെന്നു ഒന്നു പറഞ്ഞുതരുമോ? ഒററയ്ക്കൊററയായി പല പള്ളികളിൽ കൂടെക്കൂടെ നടക്കുന്ന "മെത്രാപ്പട്ടാരോഹണ"ങ്ങളാണോ വറുഗീസിന്റെ ആ രാജാക്കന്മാരുടെ സ്ഥാനാരോഹണകർമ്മങ്ങൾ? അതോ ഇയ്യിടെ കോട്ടയത്തു നടന്ന കാതോലിക്കാ സ്ഥാനാരോഹണമാണോ ആ ഗൗരവാഭിമാനയുക്തമായ അടിയന്തിരം? ഈ നസ്രാണിരാജാവ് എവിടമാണ് ഭരിക്കുന്നതു? തിരുവിതാംകോട്ടേയും കൊച്ചിയിലെയും രാജാക്കന്മാരോടു വല്ല ആദരവും ഇവർ കാണിക്കാറുണ്ടോ? അഭിമാനമെന്നാലെന്തെന്നു കണികണ്ടിട്ടുപോലും ഇല്ലാത്ത വറുഗീസിനോട് എന്തൊക്കെ പറഞ്ഞാലെന്താണ്? അമ്പോ! നസ്രാണിരാജാവിന്റെ ഒരു മഹത്! മാർത്താണ്ഡവർമ്മമഹാരാജാവിനെപ്പററി തിരുവിതാംകൂർ ചരിത്രം പഠിപ്പിച്ചിട്ടുള്ളതു പരമാർത്ഥമാണെങ്കിൽ, അദ്ദേഹത്തിന്റെ കാലത്തു വകതിരിവുകെട്ട വറുഗീസിന്റെ അഭിമതം വല്ലവരും സ്വപ്നം കാണുക എങ്കിലും ചെയ്തിരുന്നുവെങ്കിൽ, അന്നതിന്റെ ഫലം അറിയാമായിരുന്നു.

## കംസനോ ഹെറോഡോ?

വറുഗീസിന്റെ മെത്രാൻ ആറാംമാർത്തോമ്മായല്ല യേശുക്രിസ്തുതന്നെയാണ്. അതാണ് ആ ദൈവരാജിതക്കാരന്റെ ജനനത്തിൽ ഒരു ഹെറോഡിനെ സൃഷ്ടിപ്പാൻ വറുഗീസ് കൊതിച്ചത്. ശ്രീകൃഷ്ണന്റെ ജനനം കംസനും യേശുവിന്റെ ജനനം ഹെറോഡിനും എന്നതുപോലെ മെത്രാന്റെ ജനനം തിരുവിതാംകോട്ടെ ഹിന്തുരാജാവിനും ഭയങ്കരമായിരുന്നു എന്നാണു വറുഗീസിന്റെ സാഹിത്യപാടവംകൊണ്ടു സാധിച്ചത്. വറുഗീസ് ഇത്രത്തോളം കടന്നുകയറിപ്പറയാൻ തുടങ്ങിയതു തിരുവിതാംകോട്ടെ രാജസ്ഥാനത്തോടു അയാൾക്കുള്ള ആദരാതിശയംകൊണ്ടല്ലേ? ഹെറോഡിനേയോ കംസനേയോ പോലെ ഒരു ഭരണകർത്താവായിരുന്നു, അന്ന് നാടുവാണിരുന്നതെന്നു കല്പിച്ചു നമ്പൂരിപ്പാടെങ്കിലും കരുതിവന്നതായി വറുഗീസ് വെളിവാക്കുന്നില്ലേ? നമ്പൂരിപ്പാടു വറുഗീസിന്റെ ഒരു കൃത്രിമ കഥാപാത്രവും ആ പാത്രത്തെക്കൊണ്ടു പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ വറുഗീസ് തന്റെ ഹൃദയമണ്ഡലത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളവയും ആണെന്നു മുൻപുതന്നെ വെളിവാക്കിയിട്ടുള്ളതാണ്. തിരുവിതാംകോട്ടെ അന്നത്തെ ഹിന്തുരാജാവിനു ജനനമാത്രത്താൽ ഭയപ്രദനായി വളൎന്ന മെത്രാൻ, ഭാവിയിൽ അനന്തരരാജാവിനേയും, അദ്ദേഹത്തിന്റെ ഗുരുശ്രേഷ്ഠനേയും തേജോവധം ചെയ്തു എന്നു കല്പിച്ച് സ്വന്തം ജ്ഞാനപാടവത്തെക്കുറിച്ചു ആഹ്ലാദിക്കാൻ വറുഗീസിനു തരാകിട്ടുന്നത്, ഇവിടത്തെ ഹിന്തുക്കളും ഹിന്തുരാജസ്ഥാനവും അയാളുടെ തരത്തിലുള്ള വഴിയാധാരക്കാരോടു അനുവർത്തിച്ചുപോരുന്ന കാരുണ്യാതിരേകം കൊണ്ടാണെന്നു വായനക്കാർക്കെങ്കിലും ബോധപ്പെടുമെന്നാണ് എന്റെ വിനീതമായ വിശ്വാസം.

## അബദ്ധപ്പഞ്ചാംഗം.

നമ്പൂരിപ്പാട്ടിലെ തിരുമനസ്സുണർത്തൽ കഴിഞ്ഞതങ്ങോട്ട് വറുഗീസ് വെളിപാടുകൊണ്ടുച്ചരിച്ചിരിക്കുന്നതെല്ലാം അബദ്ധപ്പഞ്ചാംഗമാണെന്നു ചുരുക്കിപ്പറകയാണെന്നു്. നസ്രാണിശിശുവിൻെറ ആയുസ്സിനു അന്തരം വരുത്തിക്കൊള്ളണമെന്നുള്ള നമ്പൂരിപ്പാട്ടിലെ ഉണർത്തൽ കൈക്കൊൾവാൻ മാർത്താണ്ഡവർമ്മാവിനു വൈമനസ്യമാണത്രേ ഉണ്ടായതു്. പക്ഷേ, അതു അദ്ദേഹത്തിൻെറ ധർമ്മബുദ്ധികൊണ്ടൊന്നുമല്ല. പിന്നെയോ, ആ ബാലൻെറ ആയുസ്സിനു അന്തരം വരുത്താനൊരുങ്ങി, "ആപൽദശയെ ആസന്നമാക്കുന്നതു അപകടകരമാണെന്നുകൂടി അദ്ദേഹത്തിനു തോന്നിയിട്ടാണെന്നു" വറുഗീസു വിളിച്ചുപറയുന്നു. അതേ, ഒരു നസ്രാണിശിശുവിനെപ്പററി വല്ല ദോഷവിചാരവും ചെയ്യുന്നതുതന്നെ തിരുവിതാംകോട്ടുരാജസ്ഥാനത്തിനു ആപൽദശയെ ആസന്നമാക്കുന്ന, അപകടകരമായ പ്രവൃത്തിയാണെന്നു ഇന്നുള്ളവരോടും ആ വിരുതൻ ദൃഢസ്വരത്തിൽ പറയുകയാണു്!

നമ്പൂരിപ്പാട്ടിലെ അഭിപ്രായം കേട്ട് മഹാരാജാവു് നസ്രാണിബാലനെക്കുറിച്ചു എന്തെങ്കിലും ചെയ്യുന്നതിനെപ്പററി സാധകബാധകങ്ങൾ ചിന്തിക്കുന്നിടം കഥാകാരൻെറ അഗാധമായ വൈദഗ്ദ്ധ്യത്തെ വെളിവാക്കുന്നു. നമ്പൂരിപ്പാട്ടിലെ ഗാഢമായ ജ്യോതിഷപരിചയവും, വടക്കുംകൂർ കയ്യിലാക്കാൻ അദ്ദേഹം മഹാരാജാവിനെ ഗൂഢമായി സഹായിച്ചുവന്നുവെന്നുള്ളതും, പ്രസ്തുത ബാലനെ അന്തരിപ്പിക്കാൻ അദ്ദേഹത്തെ ഗുണദോഷിച്ചു എന്നാണു വറുഗീസിൻെറ പക്ഷം. നോക്കുക! തിരുവിതാംകോട്ടുരാജാക്കന്മാരുടെ ദണ്ഡനീതിയെപ്പററി ഇതിൽ കവിഞ്ഞ ഒരു മതിപ്പും ആദരവും അവിടുത്തെ ഒരു പ്രജയ്ക്കുണ്ടാകേണ്ടതുണ്ടോ? എങ്ങാണ്ടൊരു പീറക്കൊട്ടിലിൽ പിറന്ന അല്പപ്രാണിയായ ഒരു മാപ്പിളച്ചെറുക്കൻ തൻെറരാജസ്ഥാനത്തെ ഉന്മൂലനാശം ചെയ്യുമെന്നു

ഒരു നമ്പൂരി പറഞ്ഞതുകേട്ട് മഹാരാജാവ് അമ്പരക്കുന്നു. വറുഗീസു പറയുന്ന രാജാവു, അന്നു നാടുവാഴുന്നില്ല, നാടുവാഴുന്ന മാതുലന്റെ പിൽക്കാലം മുടി ചൂടുവാൻ തനിക്കു തന്നെ ഭാഗ്യം സിദ്ധിക്കുമോ എന്നു പരിതസ്ഥിതികളുടെ സമ്മർദ്ദത്തിനിടയിൽ മനം കാഞ്ഞുകൊണ്ടിരുന്ന മാർത്താണ്ഡവർമ്മയുവരാജാവ് വടക്കുംകൂറിലെ ഒരു രാജദ്രോഹിയായ നമ്പൂരിയെ കൂട്ടുപിടിച്ചു എന്നും മററുമുള്ള പച്ചക്കള്ളങ്ങൾ എഴുതിവിടുവാൻ സാധാരണ ജനങ്ങൾക്കും കഴിവുള്ളതല്ല തന്നെ!

മഹാരാജാവ് നമ്പൂരിപ്പാട്ടിലെ അഭിപ്രായത്തെ വിശ്വസിച്ചില്ലെന്നു ഭംഗി പറഞ്ഞുവെങ്കിലും, ഹോരാശാസ്ത്ര വിശാരദന്മാരായ ഒരുകൂട്ടം പണ്ഡിതന്മാരെ രാജധാനിയിൽ വരുത്തിയത്രേ. ജാതകഫലം സംശയിതമാകുമ്പോൾ ഹോരാശാസ്ത്ര വിശാരദന്മാരാണത്രെ അതു തീരുമാനിക്കേണ്ടത്! "ഹോരാ" എന്നു പറയുന്നതു എന്താണെന്നു വറുഗീസു പറഞ്ഞുതരും, അതു വറുഗീസിന്റെ ഉദ്ദേശസാധ്യത്തിനുതകുന്ന ഒരു ശാസ്ത്രമാണെന്നു മാത്രം തൽക്കാലം അറിഞ്ഞാൽമതി. പണ്ഡിതന്മാരുടെ ഉപരിവിചിന്തനം എങ്ങിനെ കലാശിച്ചു എന്നു വറുഗീസിന്റെ വാചകംകൊണ്ടുതന്നെ ധരിക്കണം. "കുറച്ചുദിവസങ്ങൾക്കുള്ളിൽ ഹോരാശാസ്ത്രവിശാരദന്മാരായ ഒരുകൂട്ടം പണ്ഡിതന്മാർ കൊട്ടാരത്തിൽ ഒരു ഭാഗത്തുകൂടിജാതകത്തെസംബന്ധിച്ചു ദീർഘമായ വാദപ്രതിവാദങ്ങൾ നടത്തുകയും ഭിന്നാഭിപ്രായസമർത്ഥനത്തിൽ കലാശിപ്പിക്കുകയും ചെയ്തു" എന്നാണു വറുഗീസിന്റെ വാചകം. എന്താണു കലാശിപ്പിച്ചതെന്നു വറുഗീസു പറഞ്ഞിട്ടില്ലായ്കയാൽ അതയാളുടെ വിവരക്കേടാണെന്നു നമുക്കു തീർച്ചയാക്കാം.

പണ്ഡിതന്മാരുടെ വിചിന്തനംകൊണ്ടുകൂടി മഹാരാജാവ് ആ ദുർഘടസന്ധിയിൽ ഉണ്ടാക്കിയ തീരുമാനമാണു

വറുഗീസു ചുവടെ ചേർക്കുന്ന വാചകത്താൽ കത്തിത്തിരുകിയിരിക്കുന്നതു്. "രാജ്യദ്രോഹികളും രാജദ്രോഹികളുമായ എട്ടുവീട്ടിൽപിള്ളമാരുടേയും പോററിമാരുടേയും ഘോരരഹസ്യങ്ങളിൽനിന്നു് തനിക്കു അഭയം നൽകിയ ഭക്തവത്സലനായ ജഗദീശ്വരൻ സ്വസിംഹാസനത്തേയും സ്വകുടുംബത്തേയും യഥാകാലം പരിരക്ഷിച്ചുകൊള്ളുമെന്നും, പ്രസ്തുത നിഷ്കല്മഷനായ ഒരു ശിശുവിന്റെ ഗളഛേദനത്തിനായി ഉദ്യമിക്കുന്നപക്ഷം അതുതന്നെ വംശവിനാശകാരണമായി പരിണമിക്കുമെന്നും ആ രാജർഷി വിശ്വസിച്ചു എന്നിരിക്കിലും ഘോരാശാസ്ത്രത്തെ നിന്ദിക്കത്തക്ക ഒരു മനസ്ഥിതി അദ്ദേഹത്തിനുണ്ടായില്ല." പോരേ, നല്ല തീരുമാനം! നമ്പൂരിപ്പറഞ്ഞതുമുഴുവൻ ശരിവച്ചു. രാജത്വം തന്റെതല്ലാതു പോകുന്നതിനെ, "കടവുംകാപ്പത്താൻ വേണം" എന്നു ഭക്തവത്സലനെ ശരണം പ്രാപിക്കയും ചെയ്തുകഴിഞ്ഞു. ഈ നിഷ്കൃഷ്ടമായ തീരുമാനത്തിനും മേലാണു് ബിജപ്പൂരിലേയും പാണ്ഡ്യരാജ്യത്തേയും ജ്യോതിഷികളെ അന്വേഷിച്ചുവരുത്തുന്നതും അവരെക്കൊണ്ടു നഷ്ടജാതകം ഗണിപ്പിക്കുന്നതും; അതിന്റെ തീരുമാനമോ, "ശിശുവിന്റെ ജനനം തിരുവിതാംകൂർ രാജസിംഹാസനത്തെ യാതൊരുതരത്തിലും ബാധിക്കയില്ലെന്നായിരുന്നു" എന്നു വറുഗീസു പിന്നെ പറയുന്നു. ആവൂ! സമാധാനമായി വറുഗീസു പകപോമററുത്തു പിഞ്ചുകുമാരനെക്കൊണ്ടു തിരുവിതാംകൂർ രാജകുടുംബാംഗങ്ങളുംകോരിച്ചുകളയാഞ്ഞതു ഈയുള്ളോരുടെ ഭാഗ്യം! വറുഗീസിന്റെ രാജ്യരാജദ്രോഹികളായ പിള്ളമാരുടേയും പോററിമാരുടേയും ഭാഗ്യം!!

## ദ്രോഹിച്ചതും ദ്രോഹിക്കപ്പെട്ടതും.

ആധുനികചരിത്രകാരനായ വറുഗീസു എട്ടുവീട്ടരേപ്പററി മുമ്പു് ഉദ്ധരിച്ച വാചകം എഴുതിയതു, തന്റെ അബദ്ധപ്പഞ്ചാംഗത്തിനെ സാധൂകരിക്കാനല്ലെന്നും, താൻ ദ്രോഹിക

ളായി പരിഗണിച്ചുപോരുന്ന ഒരു കൂട്ടക്കാരെ വലിച്ചിഴച്ച്
ശൌര്യം കാണിക്കാനാണെന്നും അതു വായിക്കുന്ന ഒരു ബാല
നുപോലും അറിയാം. രാജ്യത്തേയും രാജാവിനേയും ദ്രോഹി
ച്ചവരെന്ന വിശേഷണം; വിവിധരസവിജൃംഭിതമായ ഭാവ
ത്തോടെ ഉച്ചരിക്കുന്നവർ വറുഗീനേപ്പോലെ മററും പലരു
ണ്ടു്. ഈ വിഷയത്തെ സവിസ്തരം പ്രതിപാദിക്കുവാൻ ഇ
വിടെ തരമില്ലെങ്കിലും ചിലതു പറയാതെ വിടുന്നതുചിതമ
ല്ലെന്നു കരുതിക്കൊണ്ടാണ് ഇതെഴുതുന്നതു്. ശ്രീപത്മനാ
ഭക്ഷേത്രം വകയായ ഒട്ടേറെ വസ്തുവകകൾ തിരുവിതാംകോട്ടു
രാജാവു് അന്നത്തെ പരാക്രമത്തിന്നിടയിൽ കൈക്കലാക്കി
യിട്ടുണ്ടു്. ആ ദേവസ്വത്തിന്റെ ഊരാണ്മക്കാരായിരുന്നു, എ
ട്ടുപോററിമാർ എന്നു ധരിക്കണം. എട്ടരയോഗത്തിൽ വെ
റും അരയോഗക്കാരനായിരുന്നു രാജാവെന്നും, അതും വളരെ
ഒടുവിൽ മാത്രമായിരുന്നു എന്നും ഓർമ്മിക്കണം. എട്ടുവീട്ടിൽ
പിള്ളമാർ ശ്രീപത്മനാഭന്റെ ഊരാണ്മക്കാരുടെ കാര്യസ്ഥ
ന്മാരായിരുന്നു. അവരുടെ ദോർവ്വീര്യത്താലായിരുന്നു ശ്രീപ
ത്മനാഭന്റെ രാജ്യം സമാധാനപൂർണ്ണമായി ഭരിക്കപ്പെട്ടുവ
ന്നതു്. ആ ദേവന്റെ വസ്തുക്കളെ അന്യായമായി കൈയട
ക്കാൻ മുതിർന്ന ധൂർത്തശക്തിയോടാണ് അവർ അന്നു പട
വെട്ടിയതു്. സ്വധർമ്മരക്ഷണത്തിനായി ജീവബലി അർപ്പി
ക്കുന്ന അഭിമാനകൃത്യമാണവരനുഷ്ഠിച്ചതെന്നു വറുഗീസിനേ
പ്പോലെയുള്ളവർ ധരിക്കാൻ ശക്തരാകാത്തതിൽ അതിശയ
മില്ല. എന്നാൽ, പോററിമാരേയും പിള്ളമാരേയും അടക്കി
ക്കളഞ്ഞ മാർത്താണ്ഡവർമ്മയെ വല്ല നസ്രാണിമാരും സഹായി
ക്കാനുണ്ടായിരുന്നോ എന്നേ അവർ ആലോചിക്കേണ്ടതുള്ളു.
ആ സമിതിക്കു് ഒരേ വർഗ്ഗത്തിൽതന്നെ ചിലരെ കണിയാട്ടു
പിടിച്ചു് അവർ മുഖാന്തരം കൂട്ടവും കുറിയും ഉണ്ടാക്കി ആ
ധിപത്യം സമ്പാദിക്കുന്ന ബ്രിട്ടീഷുഗവർമ്മേൻറിന്റെ നയവി
ശേഷമാണ് അന്നത്തെ രാജപക്ഷികൾ അവലംബിച്ചിരുന്ന

ത്തന്നെ കാണാം. ഇൻഡ്യചരിത്രം വായിക്കുമ്പോൾ ഇംഗ്ലിഷ്കമ്പനിക്കാരുടെ രാജാധികാരത്തോട് പടവെട്ടിയിട്ടുള്ള ദക്ഷിണേന്ത്യക്കാർ, പഞ്ചാബികൾ, മുഗളന്മാർ, അഫ്ഗാന്മാർ, ബംഗാളികൾ ഇവരെ ഒക്കെ രാജദ്രോഹികളെന്നാണല്ലോ വറുഗീസും കൂട്ടരും ധരിച്ചിട്ടുള്ളതും പുറത്തുപറയുന്നതും. ആ സ്ഥിതിക്ക് ആ കൂട്ടരുടെ രാജരാജ്യദ്രോഹബുദ്ധിയുടെ നിർവചനം അർത്ഥവത്തെന്നേ പറഞ്ഞുകൂട. ശ്രീപത്മനാഭക്ഷേത്രത്തിന്റെ കൈകാര്യകർത്താക്കളായിരുന്ന പോററിമാരും പിള്ളമാരും, ദ്രോഹികളായി എതിരെ നിന്നതു ഏതുരാജാവിനോടാണോ, ആ മാർത്താണ്ഡവർമ്മ തന്നെയാണെ ചരിത്രം പഠിപ്പിക്കുന്ന പ്രകാരം, ഒന്നാമത്തെ ശ്രീപത്മനാഭദാസനായിച്ചമഞ്ഞതു് എന്ന പരമാർത്ഥം ദ്രോഹിപദത്തെ ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിക്കുന്ന വറുഗീസും കൂട്ടരും ഓർമ്മവച്ചിരിക്കുന്നതു കൊള്ളാം. മാർത്താണ്ഡവർമ്മ, രാജാവാകുന്നതിനുമുമ്പാണ് -- ഒരു പക്ഷേ വറുഗീസിന്റെ കണക്കു വകവച്ചാൽ തന്നെ രാജാവായ ഉടനെയാണെ-പകലോമററത്തെ രാജശത്രുവിൽനിന്നുണ്ടാകാവുന്ന ആപത്തിനെ, എട്ടുവീട്ടിൽപിള്ളമാരെയുംമററും ധ്വംസിക്കാൻതന്നെ അനുഗ്രഹിച്ച ഭക്തവാത്സല്യന്റെ കാരുണ്യം ഒഴിവാക്കിക്കൊള്ളുമെന്നു നെടുവീർപ്പു വിട്ടുകൊണ്ടാശ്വസിക്കുന്നതു്. ഈ ഭാവിബോധം മാർത്താണ്ഡവർമ്മയ്ക്കെങ്ങിനെ ഉണ്ടായെന്നു ശങ്കിക്കേണ്ടതു്. അതു വറുഗീസിന്റെ വകതിരിവിന്റെ സ്വന്തമാണ് അത്രേയുള്ളു! ഇനിയൊരുകാലത്തു മാവേലിക്കരക്കാരൻ ഒരു വറുഗീസ് കഥ വെളിപ്പെടുത്തിക്കൊള്ളുമെന്നറിഞ്ഞുകൊണ്ടാണല്ലോ പകലോമററത്തെ പെമ്പിള്ള അന്ന് ഒരു മെത്രാപ്പോലീത്തായെപ്പെററതു്"!!

## മെത്രാപ്പോലീത്താ മഹാരാജാവു്.

മാർത്താണ്ഡവർമ്മമഹാരാജാവു നാടു നീങ്ങിയശേഷം കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവു, ഭരണം കൈയേ

ററത്തു കൊല്ലവർഷം ൯൩൮-ൽ ആണെന്നാണു സ്റേററുമാനുവൽകാരൻ പറയുന്നത്. അതു ഒരുവേള തെററിപ്പോയതാണെന്നുവേണം നമ്മുടെ കഥാകാരൻ പറഞ്ഞിരിക്കുന്നതുകൊണ്ടൂഹിക്കുവാൻ. പകലോമററത്തെ പിഞ്ചുകുഞ്ഞു വിശേഷാലൊന്നും കൂടാതെ പെട്ടെന്നു വളൎന്നു കൊല്ലവഷം ൯൮൨ മിഥുനം ൧൯-ാംനു മെത്രാപ്പോലീത്തായായി കേരളീയനസ്രാണിമഹാരാജസ്ഥാനത്തേക്കുയൎത്തപ്പെട്ടു. യൗവനദശയിലെത്തുന്നതോടെ 'പകലോമററത്തെ ഉണ്ണി' മഹാരാജാവാകുമെന്നു നമ്പൂരിയെക്കൊണ്ടു പ്രവചിപ്പിച്ച കഥാകാരൻ ൮൨-ാംവയസ്സിലാണു കേരളത്തിലെ സ്ത്ര്യാണികൾക്കാദശയെന്നു കൂടി തെളിവുതരാൻ സന്നദ്ധനായിരിക്കാം! പലൎക്കും പിന്നെ കേൾക്കാൻ സുഖകരമല്ലാതെ തീരുന്ന ചില പരമാർത്ഥങ്ങൾ ഒളിച്ചുവച്ചുകൊണ്ടല്ലെങ്കിൽ എഴുതിത്തീൎക്കാവുന്നതായിരിക്കയില്ല, മിക്കമെത്രാന്മാരുടെയും ചരിത്രമെന്നു ഇന്നത്തെ സംഭവങ്ങൾ പലതും ധരിപ്പിക്കുന്നുണ്ടു്. എഴുന്നള്ളിപ്പാകുന്ന പള്ളികളുടെ പരിസരങ്ങളിൽ കൂടക്കൂടെ തിരുവാഴ്‌വുനൽകാനെഴുന്നെള്ളുക, ആ എഴുന്നെള്ളത്തു പല ആത്മീയകുഞ്ഞാടുകളുടെ ഹൃദയരക്തത്തെ കട്ടപിടിപ്പിക്കുക മുതലായവയൊക്കെ സാധാരണസംഭവങ്ങളാണ്. പള്ളിക്കൈക്കാരന്മാർ തുടങ്ങിയ അന്തേവാസികൾ മിക്കവാറും രാത്രിഞ്ചരന്മാരായി കഴിയേണ്ടിവരികയും പല മെത്രാന്മാരുടെയും സ്വകാര്യഎഴുന്നള്ളത്തു—ഗ്രീസിന്റെ ഭാഷയിൽ നീങ്ങൽ—കളിൽ വേണ്ടിവരുന്ന നടപടിയാണ്. തിരുവല്ലായ്ക്കടുത്തു ഒരു പ്രസിദ്ധപള്ളിയിൽ എഴുന്നള്ളിയിരുന്ന മെത്രാന്റെ രാത്രിഞ്ചാരത്തിൽ പിന്നാലെ പോയിരുന്ന സഹായി എന്തോ വിചാരിച്ചു തന്റെ ആത്മീയഗുരു കടന്നുപോയ പാലം വലിച്ചുകളഞ്ഞതും മെത്രാൻ കുഴങ്ങിവശായതും ചില ഊരും പേരും കൂടിവെളിപ്പെട്ടതിനാൽ അട്ടിക്കുകളിൽ സാധാരണ സംസാരിക്കാറുള്ള കാര്യ

ങ്ങളാണ്. ഇങ്ങനെയുള്ള ഒട്ടേറെ സാധാരണസംഭവങ്ങളിലൂടെ വറുഗീസിന്റെ മെത്രാപ്പോലീത്തായുടെ അസാധാരണസാമർത്ഥ്യം കഥയിൽ പ്രകാശിതമാകാത്തതു വറുഗീസു കരുതിക്കൂട്ടിച്ചെയ്ത വിദ്യയാണെങ്കിൽ വായനക്കാർ മുഴുവനോ സ്വസമുദായക്കാർ മാത്രമോ അയാളോടു നന്ദിപ്രദർശിപ്പിക്കേണ്ടതെന്നറിഞ്ഞുകൂടാ.

മഹാരാജാവും മെത്രാപ്പോലീത്തായും തമ്മിലുള്ള സന്ദർശനമാണ് ഇനി നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കുന്നത്.

കാർത്തികതിരുനാൾ മഹാരാജാവിനെക്കൊണ്ടു മെത്രാപ്പോലീത്തായോടു പറയിക്കുന്ന വാചകങ്ങൾ വളരെ വിശേഷപ്പെട്ടവയാണ്. '.....ഹസ്തതലത്തെ സാനുകമ്പം ഗ്രഹിച്ചുകൊണ്ടു സുറിയാനി ക്രിസ്ത്യാനികളുടെ മേലദ്ധ്യക്ഷനായി, ഒരു മെത്രാപ്പോലീത്തായായിട്ടല്ല, കേരളമൊട്ടുക്കു ഭരണാധികാരമുള്ള ഒരു മഹാരാജാവായിട്ടാണു താൻ ഇന്നു മെത്രാപ്പോലീത്തായെ സ്വീകരിക്കുന്നതെന്നും തന്റെ മാതുലനു ലഭിക്കാതിരുന്ന ഈ ഒരു മഹാഭാഗ്യം തനിക്കു ലഭിച്ചതിൽ വളരെ സന്തോഷമുണ്ടെന്നും' മഹാരാജാവു പ്രസ്താവിച്ചുവത്രെ! വാചകത്തെ അപഗ്രഥിച്ചുനോക്കിയാൽ രാമവർമ്മമഹാരാജാവു, തനിക്കില്ലാതിരുന്ന സമസ്തകേരളാധിപത്യം ഭാവിച്ചിരുന്ന ഒരു 'വിടുവായനാ'ണെന്നല്ലേ വന്നുകൂടുന്നത്? വറുഗീസിന്റെ ഉദ്ദേശം മറ്റൊന്നാണ്. മെത്രാപ്പോലീത്തായ്ക്കാണു 'കേരളമൊട്ടുക്കു ഭരണാധികാരമുള്ള മഹാരാജാവു' എന്ന പദവി മഹാരാജാവിനെക്കൊണ്ടു നൽകിക്കുന്നത്. മനോഗതങ്ങളെ തെറ്റിദ്ധാരണയ്ക്കിടവരുത്താതെ പ്രതിപാദിക്കാൻ വറുഗീസിനുള്ള സാമർത്ഥ്യത്തിനിതു ലഘുവായ ഒരു ദൃഷ്ടാന്തമെന്നേ കരുതേണ്ടു. വറുഗീസിന്റെ രചനാസാമർത്ഥ്യമൊന്നും മനസ്സിൽപോലും കരുതിയിട്ടില്ലാത്ത പാവപ്പെട്ട മെത്രാൻ മഹാരാജാവിന്റെ വാക്കുകേട്ടമ്പരക്കുന്നതിനിടയിൽ താനറിയാതെ ഒരു പരമാർത്ഥം പൊട്ടി

ച്ചിരിക്കുന്നതു വളരെ നന്നായിട്ടുണ്ട്. നോക്കുക; 'താൻപൊ-
ന്നുതമ്പുരാൻെറ സിംഹാസനത്തിനെതിരായി ഇതേവരെ
യ്യും യാതൊന്നും ചെയ്തിട്ടില്ലെന്നും ധർമ്മദേശകനായ ഈ ക-
ല്പന തന്നെ വല്ലാതെ വ്യസനിപ്പിക്കുന്നുവെന്നും' മെത്രാൻ
തിരുമനസ്സുണർത്തിച്ചു. വറുഗീസിൻെറ കഥയുടെ ബാക്കി
ഭാഗംകൊണ്ടു രാജസിംഹാസനത്തെ എതിർക്കാൻ കൂസലില്ലാ-
ത്തവനെന്നു വായനക്കാർക്കറിയാവുന്ന മെത്രാൻ താൻ ഇതേ
വരെ അങ്ങനെഒന്നും ചെയ്തിട്ടില്ലെന്നു ഭയപ്പെട്ടു വിറച്ചു
കൊണ്ടു പറയുന്നതു വെറും പരമാർത്ഥമായിരിക്കണം! സാ-
ധാരണക്കാർ പറയുന്ന നേരമ്പോക്കുപോലും ശരിയായി ഗ്ര-
ഹിക്കാൻ കഴിയാത്ത ഒരു മഹാമൂഢനാണു വറുഗീസിൻെറ
മെത്രാനെന്നോ, മെത്രാനേപ്പോലെ അഗാധബുദ്ധികളായവ-
ർക്കുപോലും ദുർഗ്രഹമായ ഫലിതങ്ങൾ സാധാരണ പറയാറു-
ള്ള ധീമാനാണു നമ്മുടെ വറുഗീസെന്നോ കൂടെ വായനക്കാ-
രനുമാനിക്കുന്നതിൽ അബദ്ധമില്ലല്ലോ. ഒടുവിൽ മഹാരാജാ-
വിനെക്കൊണ്ടു വറുഗീസു തൻെറ അന്തരം വിശദമാക്കുന്നു-
ണ്ട്. മെത്രാപ്പോലീത്താ മഹാരാജാവായതിരുമേനിയാണ്.
തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ ഭരണസീമയെക്കാൾ
മെത്രാപ്പോലീത്തായുടെ ഭരണസീമ വിസ്തൃതമാണ്. കേര-
ളമൊട്ടുക്കു ഭരണാധികാരമുള്ള ഒരാൾ എന്ന നിലയിൽ മെ-
ത്രാപ്പോലീത്താ ഒരു മഹാരാജാവു തന്നെയാണെന്നു താൻ
വിശ്വസിക്കുന്നു. വറുഗീസിൻെറ ഉള്ളിരിപ്പിതുതന്നെ വെളി-
പ്പെട്ടു. കേരളമൊട്ടുക്കു ഭരണാധികാരമുള്ള ചേരമാൻ പെരുമാ-
ളെന്നായിരുന്നു മുൻപിലത്തെ തിരുനാമം, അതുതന്നെ സ്വീ-
കരിച്ചു പെരുമാൾ മെത്രാപ്പോലീത്താ എന്ന പേരെടുക്കാൻ
മെത്രാനെ വറുഗീസനുവദിക്കാത്തതു മഹാകഷ്ടമായിപ്പോ-
യി. മെത്രാൻെറ സമുദായത്തിൽപ്പെട്ട പലർക്കും 'പെരുമാൾ'
എന്ന സംജ്ഞനാമം ഇപ്പോഴും ഉപയോഗിച്ചുവരുന്നതു
ഇങ്ങനെ ഒരു മഹാരാജഭരണം മുമ്പുണ്ടായിരുന്നുവെന്ന അനു-

മാനത്തെ സാധൂകരിക്കുന്ന എന്ന വറുഗീസിന്റെ യുക്തികാ
ണിക്കുകയും ആകാമായിരുന്നുവല്ലോ!

### പൊൻകുരിശും താടിമീശയും.

കേരളത്തിലെ വിവിധമതങ്ങളെപ്പററി അന്വേഷിക്കാനായി ഇവിടെ എത്തിച്ചേന്ന ഡാക്ടർ ബുക്കാനൻ എന്ന വെള്ളക്കാരന്റെ കുറിപ്പുകൾ എടുത്തെഴുതി, വറുഗീസു തന്റെ അനുമാനശതങ്ങളെ സാധൂകരിക്കാനാണു തുടന്നു തുനിയുന്നതു്.

ഡാക്ടർ ബുക്കാനൻ വിവിധമതങ്ങളെക്കുറിച്ചറിയാൻ വന്നിട്ടു നമ്മുടെ മെത്രാന്റെ ചില വിശേഷങ്ങൾ കണ്ടുപിടിച്ചു കുറിച്ചുവച്ചുംവച്ചു മടങ്ങിപ്പോയത്രെ. ആ വിശേഷങ്ങൾ ഒന്നാമത്തു, ഒരു വലിയ സ്വർണ്ണക്കുരിശു് അദ്ദേഹത്തിന്റെ കഴുത്തിൽനിന്നു തൂങ്ങിക്കിടന്നിരുന്നതും, പിന്നീടു 'ബഹുമാനയോഗ്യമായ അദ്ദേഹത്തിന്റെ താടിമീശ അദ്ദേഹത്തിന്റെ അരക്കെട്ടിനു താഴെവരെ എത്തിയിരുന്നതും' ആണു്. കഴുത്തിൽനിന്നു ഒരു ചെറിയ സ്വർണ്ണക്കുരിശോ തൂങ്ങപ്പെട്ട ത്രുപാതമെന്നായോ തൂങ്ങിനിന്നാലത്തെഭംഗി എന്താണെന്നു് ആട്ടുകളെ കണ്ടിട്ടുള്ളവൎക്കറിയാം. ഒട്ടേറെ കുഞ്ഞാടുകളെ മേയ്ക്കുന്ന ഇടയനായ മെത്രാനു വളരെ പററിയതാണു് കഴുത്തിൽനിന്നു കിളുത്ത സ്വർണ്ണക്കുരിശു് എന്നുള്ളതിൽ പക്ഷാന്തരത്തിന്നിടയില്ല. ജനനാചാരത്തിൽ ഈ വിശേഷംകൂടി എടുത്തു പറയാനിരുന്നു, ഈ ഘട്ടത്തിൽ ഡാക്ടർ ബുക്കാനാനെക്കൊണ്ടു സാക്ഷിപ്പെടുത്തിച്ചു ഈ വസ്തുത പ്രസ്താവിക്കുന്നതിലാണു വറുഗീസിന്റെ അഗാധബുദ്ധി പ്രത്യക്ഷമാകുന്നതു്. കഴുത്തിൽനിന്നു ഒരു വലിയ സ്വർണ്ണക്കുരിശു കിളുത്തു തൂങ്ങിനില്ക്കുന്നതു കണ്ടാൽ [illegible]ള്ളതാണെങ്കിലും വറുഗീസിന്റെ മെത്രാൻ കഴുത്തു [illegible] വലി[illegible] ഉമിനീർ [illegible] കഴിക്കാനും [illegible]മുണ്ടാ

യിരുന്നില്ലെന്നു വിചാരിച്ചുകൊള്ളാം. അഥവാ വല്ല വൈഷമ്യവുമുണ്ടായിരുന്നാൽ തന്നെ ലോകോദ്ധാരണത്തിനായി ആ പൊല്ലാപ്പുമെടുത്തു വല്ലാതെയാകുന്നതു വറുഗീസല്ല. മെത്രാനാണെന്നും അതുകണ്ടു സാക്ഷിപ്പെടുത്തുന്നതു നാമാരുമല്ല ഡാക്ടർ ബുക്കാനാൻ ആണെന്നും ഓർമ്മിച്ചു നമുക്കു സമാധാനപ്പെട്ടുകളയാം. ഇനി ഒന്നുള്ളതു താടിമീശയാണ്. അതിനെ വിശേഷിപ്പിച്ചിരിക്കുന്നതു ബഹുമാനയോഗ്യമെന്നാകുന്നു. അതിനു ബഹുവായിമാനം ചെയ്യുവാൻ (വളരെ അളക്കുവാൻ) യോഗ്യമായുള്ളതെന്നർത്ഥമെടുത്തു വറുഗീസിന്റെ സാർത്ഥപദപ്രയോഗത്തെ നാമെല്ലാം ബഹുമാനിക്കേണ്ടതാകുന്നു. താടിമീശ അരക്കെട്ടിനു താഴെവരെ എത്തിയിരുന്നതായിട്ടാണു ചരിത്രങ്ങളിൽ കാണുന്നതെന്നാദ്യവും, അതു താങ്ങി തോളിൽ ഇട്ടുകൊണ്ടും തൂക്കിപ്പിടിച്ചുകൊണ്ടും ആണു് സ്വർഗ്ഗ ഏണി കയറിവന്നതെന്നു കണ്ടവർ പറഞ്ഞിട്ടുണ്ടെന്നു പിന്നീടും വറുഗീസു പറയുന്നു. മീശ ഇത്രവളരെ നീണ്ടു മററാരിലും കണ്ടിട്ടില്ലാത്ത വായനക്കാർ അമ്പരക്കാതെ, മെത്രാന്റെ തപോബലമാണിവിടെ ഊഹിച്ചറിഞ്ഞുകൊള്ളേണ്ടതു്. കഴുത്തിൽനിന്നു ഞാന്നുള്ള പൊൻകുരിശും ബഹുമാനയോഗ്യമായ താടിമീശയും ഇനി വിവരിക്കാൻ ഇടയുള്ള മുതലവായൻതൊപ്പിയും എല്ലാംകൂടിയാകുമ്പോൾ മെത്രാന്റെ രൂപം ഒരു മനുഷ്യന്റേതോ, വല്ല കാട്ടുമൃഗങ്ങളുടേതുമോ, അതല്ല ജലജന്തുക്കളിൽ വല്ലതിന്റേതുമോ എന്നു് ഒന്നു മനസ്സിലൊന്നു ധ്യാനിച്ചു ഏതുതന്നെയായാലും ആ രൂപനിർമ്മാണത്തിനു [illegible] നമ്മുടെ വറുഗീസിനെത്തന്നെ സമ്മാനിക്കാൻ [illegible] കരുത്തു് എന്നുകൂടി ഒന്നപേക്ഷിച്ചുകൊള്ളട്ടെ.

## നമ്പൂരിപ്പാട്ടിലെ എഴുന്നള്ളത്തു്.

കഥയുടെ പ്രധാനഭാഗത്തിലേക്കു പ്രവേശിക്കുന്നതേ ഉള്ളു. കാർത്തികതിരുനാൾ മഹാരാജാവിന്റെ അനുഗാമിയായ ബാലരാമവർമ്മ മഹാരാജാവിന്റെ ഭരണാരംഭദശയിൽ ൯൭൦—ാമാണ്ടു മീനമാസത്തിലെ ശ്രീപത്മനാഭന്റെ ഉത്സവത്തിനു തരണനല്ലൂർ നമ്പൂരിപ്പാട്ടതിരുമനസ്സിലെ ക്ഷണിച്ചുവരുത്തുക ഉണ്ടായെന്നും മററുമുള്ള ജല്പനകളോടുകൂടിയാണു വറുഗീസ് തനിക്കു വിവരമില്ലാത്ത കാൎയ്യങ്ങൾ പറഞ്ഞു മിടുക്കനാവാൻ തുടങ്ങുന്നതു്. ക്ഷേത്രമെന്നും ഉത്സവമെന്നും ഉള്ള ശബ്ദങ്ങൾ വല്ലവരും പറഞ്ഞുകേട്ടുള്ള അറിവേ വറുഗീസിനുള്ളു. എന്നാലും, ശ്രീപത്മനാഭക്ഷേത്രത്തിലെ ഉത്സവച്ചട്ടവട്ടങ്ങളെല്ലാം നാവിൽ പാഠമാണെന്നുള്ള ഭാവമാണയാൾക്കു്. കഷ്ടം! തനിക്കർഹതയില്ലാത്ത കാൎയ്യത്തിൽ പ്രവേശിച്ചു വല്ലതും പറഞ്ഞു വഷളാവാൻ കൂസലില്ലാത്ത ഈ അബദ്ധനെ പഞ്ചതന്ത്രത്തിലെ 'വാനരാപായം' എന്ന കഥ വല്ലവരും ഒന്നു പറഞ്ഞുധരിപ്പിച്ചാൽകൊള്ളാമായിരുന്നു. തിരുവിതാംകോട്ടു രാജകുടുംബത്തിലെയും ശ്രീപത്മനാഭക്ഷേത്രത്തിലെയും ഗ്രന്ഥവരികളൊക്കെ തന്റെ ചരിത്രപ്പുരയിലാണെന്നു ഞെളിയുന്ന വറുഗീസു പറയുന്നതു ശുദ്ധികടകതന്നെ. തരണനല്ലൂർ നമ്പൂരിപ്പാട്ടിലേക്കാണു ശ്രീപത്മനാഭക്ഷേത്രത്തിലെ തന്ത്രമെന്ന ഒരു പരമാർത്ഥമല്ലാതെ വറുഗീസിവിടെ ജല്പിക്കുന്നതിൽ കഥയായിട്ടൊന്നുമില്ലെന്നു വായനക്കാരെ ഓൎമ്മിപ്പിച്ചുകൊള്ളട്ടെ. കൊടിയേററിനു തന്ത്രി വരണമെന്നുള്ള നിർബന്ധം എല്ലാ ദേവാലയങ്ങളിലുമുള്ളതാണ്. ശ്രീപത്മനാഭക്ഷേത്രത്തിലെ തന്ത്രികരും അതു ബോധിക്കും. തിരുവിതാംകോട്ടു രാജകുടുംബത്തിന്റെ പേരിൽ വൈദികാധികാരങ്ങളെല്ലാനും തരണനല്ലൂരേക്കുള്ളതായി ഇതേവരെ അറിഞ്ഞിട്ടില്ല. ഒരു ളോഹായുംകളിൽ കയറിവരുന്ന വേഷത്തെക്കണ്ടു-

'വൈദികാധികാരി, വൈദികാധികാരി' എന്നുറച്ചും. 'കരിങ്കളൻ' 'മുന്തിയറപ്പൻ' എന്നൊക്കെ പത്തുകയ്യും പറയുന്നവൎക്കല്ലാതെ വൈദികാധികാരശബ്ദത്തിലുംമററും അത്ര ഭ്രമമുണ്ടാവാൻ വഴിയുള്ളതല്ല. തിരുവിതാംകോട്ട രാജകുടുംബത്തിലെ ഒരു വിദ്യാഗുരുത്വം തരണനല്ലൂരേക്കുണ്ട്. പതിവായി നടന്നുവരുന്ന പൂജയെടുപ്പടിയന്തിരത്തിന്നു ആ ഇല്ലത്തുനിന്നു തിരുവനന്തപുരത്തു എത്തുന്ന പതിവുണ്ട്. ബാലരാമവൎമ്മമഹാരാജാവിന്റെ ഗുരുപ്രവരനായിരുന്ന തരണനല്ലൂർ നമ്പൂരിപ്പാടെന്നു വറുഗീസു പറയുന്നതു് എന്തടിസ്ഥാനപ്പെടുത്തിയാണെന്നു അയാൾക്കേ അറിഞ്ഞുകൂടൂ. ശ്രീ തിരുമനസ്സിലെ ബാല്യകാലചരിത്രമൊക്കെ വറുഗീസ് ഇത്ര സൂക്ഷ്മമായി ധരിച്ചതു ഒരുവേള അവിടുത്തെ ഒരു സേവകനായിരുന്ന മാത്തുത്തരകനിൽനിന്നായിരിക്കാം. കൊടിയേററിനു തരണനല്ലൂർ നമ്പൂരിപ്പാട്ടിനെ തിരുവനന്തപുരത്തു വരുത്തുന്നതിനു ഒരു മെത്രാന്റെ എഴുന്നള്ളത്തിനോളമില്ലെങ്കിലും ചില വിശേഷാൽ ചട്ടവട്ടങ്ങളൊക്കെ അത്യാവശ്യമെന്നാണയാളുടെ വിചാരം. ഇതു പക്ഷെ നെൽസന്റെ അതിവായ വൈദഗ്ദ്ധ്യം പ്രകടിപ്പിക്കാൻവേണ്ടി നെപ്പോളിയൻ ബോണപ്പാൎട്ടിന്റെ അപദാനങ്ങളെ കീൎത്തിക്കുന്ന ചരിത്രകാരന്മാരുടെ തന്ത്രത്തെ അനുസ്മരിപ്പിക്കുന്നതായിരിക്കാം. വറുഗീസു പറയുന്നു—"അതിലേക്ക പതിവനുസരിച്ചു മഹാരാജാവുതിരുമനസ്സിലെ പ്രതിനിധികളായി ചില മഹാബ്രാഹ്മണരെ, ഹരിക്കാർ, പട്ടക്കാർ, പട്ടാളക്കാർ എന്നിവരോടൊന്നിച്ചു ബോട്ടുമാൎഗ്ഗം വടക്കോട്ടയച്ചു. നമ്പൂരിപ്പാട്ടിലെ എഴുന്നള്ളത്തിനായി മഹാരാജാവുതിരുമനസ്സിലെ പ്രത്യേക പള്ളിബോട്ടും അദ്ദേഹത്തിന്റെ പരിവാരങ്ങളുടെ സൌകൎയ്യത്തിനായി പതിനഞ്ചു സാധാരണബോട്ടുകളും ഉൾപ്പെടെ ചെറുതും വലിയ ബോട്ടുകളും ഉണ്ടായിരുന്നു." ഈ ഘോഷാവിശേഷങ്ങളൊന്നും ഇവിടെയെങ്ങും നടപ്പുള്ളതല്ലെന്നു വറുഗീസിനറിഞ്ഞു

കൂടാത്തതൽഭുതമല്ല. 'പതിവനുസരിച്ചു' എന്നുംമററുമുള്ള പ്രയോഗം വിടവിടയ്ക്കാനും സാമർത്ഥ്യം കാണിക്കാനുംവേണ്ടി മാത്രമുള്ളതാണു്. ഒരു ഹരിക്കാരൻ രാജകല്പനപ്രകാരം തരണനല്ലൂരെത്തുകയും അവിടെനിന്നു നമ്പൂരിപ്പാട്ടു ചുരുക്കം പരിവാരങ്ങളോടുകൂടി തിരുവനന്തപുരത്തു വരികയും മടക്കത്തിലും ഹരിക്കാരൻകൂടെയുണ്ടായിരിക്കയും നമ്പൂരിപ്പാടിലെ വരവിനും മടക്കത്തിനും ഉള്ള ചെലവു് ഉത്സവച്ചെലവിൽനിന്നു നടത്തുകയും യാത്രയ്ക്കുവേണ്ട സൗകര്യങ്ങൾ സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാർ ഉണ്ടാക്കിക്കൊടുക്കുകയും മാത്രമെ പതിവായി കണ്ടിട്ടുള്ളു. ഗതാഗതസൗകര്യം വർദ്ധിച്ചിട്ടുള്ള ഇക്കാലത്തു് ഇതൊന്നുംപോലുമില്ല. ഈ ആണ്ടു മീനത്തിലെ ഉത്സവത്തിനു കൊടിയേറുംമുൻപു ഒരു മോട്ടാർബസ്സിലാണു തരണനല്ലൂർനമ്പൂരിപ്പാടും പരിവാരങ്ങളും ഹരിക്കാരൻ ഒന്നിച്ചു തിരുവനന്തപുരത്തേക്കു പോയതു്. ആ ബസ് കൊച്ചിയിൽ നിന്നു ൧൫൦ രൂപാ ഉടമ്പടി പറഞ്ഞു നമ്പൂരിപ്പാടിലെ യാത്രയ്ക്കുപ്രത്യേകം തയാർ ചെയ്തിരുന്നതാണു്. ഉത്സവാനന്തരം ആബസ്സുതന്നെ തിരുവനന്തപുരത്തുപോയി അദ്ദേഹത്തെയും പരിവാരങ്ങളെയും തിരികെകൊണ്ടുപോരികയുംഉണ്ടായി. വറുഗീസു പറയുന്നകാലത്തു ബോട്ടിലായിരുന്നു യാത്രയെന്നുള്ളതു വാസ്തവമാണു്. എന്നാൽ അതിലേക്കു മഹാരാജാവുതിരുമനസ്സിലെ പ്രത്യേക പള്ളിബ്ബോട്ടുതന്നെ അയച്ചുകൊടുത്തു എന്നുള്ളതു വറുഗീസിനു എങ്ങിനെകിട്ടിയ അറിവാണോ ആവോ?

വറുഗീസു്, തന്റെ സ്വന്തം ആരോ ആണെന്നു മനസ്സിൽധ്യാനിച്ചിട്ടുള്ള ആ മൺറോ റസിഡന്റു-ദിവാൻജിയുടെ ശൈവനകർമ്മനിമിത്തം ഇന്നു് തിരുവിതാംകോട്ടെഹിന്ദുദേവന്മാരിൽ പലർക്കും പട്ടിണിയും പരിവട്ടവും വിധിക്കുവാനുള്ള അവകാശം തിരുവിതാംകോട്ടുരാജാവിനുണ്ടു്. എന്നാലും

അടുത്തു പരിശോധിച്ചാൽ ഒരു ദേവാലയത്തിലെ കൃത്യ
ങ്ങൾ നിർവഹിക്കയും നിർവഹിപ്പിക്കയും ചെയ്യുന്ന വിഷയ
ത്തിൽ പല "പുരാതനങ്ങളായ കീഴ്നടപ്പുകൾ" ഇന്നും
നിലവിലിരിക്കുന്നുണ്ട് എന്നും, അവയിൽ പലതിലും മഹാ
രാജാക്കന്മാൎക്കു വറുഗീസ് കരുതുന്നത്ര ഉദരബന്ധം കാണാനി
ല്ലെന്നും വറുഗീസറിഞ്ഞിരിക്കണം. തിരുവനന്തപുരത്തു
ശ്രീപത്മനാഭക്ഷേത്രത്തിലെ ഉത്സവം നടത്തുകയും നടത്തി
ക്കുകയുംചെയ്വാനുള്ളഅവകാശാധികാരങ്ങൾമുഴുവൻ ഇന്നും
എട്ടരയോഗക്കാരിലാണ് ലയിച്ചിട്ടുള്ളത്. ദേവനെ ഭരിക്കുന്ന
ആളായിട്ടല്ല, ദേവൻെറ ദാസനായിട്ടുതന്നെയാണ് ഇന്നും
തിരുവിതാംകോട്ടുരാജാവു് അതിൽ വല്ല ചുമതലയും കൈയേ
ൽക്കുന്നതും നിർവഹിക്കുന്നതും; തരണനല്ലൂർനമ്പൂരിപ്പാട്ടിലെ
കൂടെയുള്ളവരുടെ ആവശ്യത്തിലേക്കു പതിനൊന്നുസാധാരണ
വലിയ ബോട്ടുകളാണത്രേ അയച്ചുകൊടുത്തതു്! എത്രസൂക്ഷ്മമാ
യ കണക്കു്; മഹാറാണി ഇന്നുജലമാർഗ്ഗേണയാത്രചെയ്യുമ്പോ
ൾകൂടി രണ്ടോ മൂന്നോ ബോട്ടിൽകൂടുതൽപതിവില്ല. അവയിൽ
പലതും കമ്പനിക്കാരുടെ വക തന്നതാവശ്യത്തിനു വാങ്ങി
വേണ്ട സൗകര്യം ഉണ്ടാക്കിക്കൊള്ളുകയാണ് ചെയ്യുന്നതു്
തിരുവിതാംകോട്ടുകൊട്ടാരംആവശ്യത്തിലേക്കെത്ര പള്ളിബോ
ട്ടുകളാണുള്ളതെന്നുള്ള കണക്കു വറുഗീസിനു നിശ്ചയം കാണും.
നമ്പൂരിപ്പാട്ടിലെ ക്ഷണിക്കാൻ പോയ ബോട്ടുകളുടെഎണ്ണം
കേട്ടാൽ ഇരിഞ്ഞാലക്കുട ദേശക്കാരെ മുഴുവൻ ക്ഷണിച്ചെഴുന്ന
ള്ളിക്കാൻ ഭാവമുണ്ടോ എന്നു് ശങ്കിച്ചുപോകും! പക്ഷേ, വറു
ഗീസ് ഇതൊക്കെയുക്തിപൂർവം ചെയ്തിട്ടുള്ളതാണ്. അയാളുടെ
കഥയുടെ ആവശ്യത്തിലേക്കു ചമ്പക്കുളത്താറു നിറയെ ജല
വാഹനങ്ങൾ വേണം. അതിൽ കുറെ രാജാവിൻെറ വകയാ
യിരിക്കണം. അതിനാവശ്യപ്പെട്ടതിവിടെ നീക്കിവച്ചിരിക്ക
യാണ്. തിരുവിതാംകോട്ടുരാജാക്കന്മാർ ഹിന്ദുവൈദികന്മാരെ

ക്ഷണിച്ചെഴുന്നള്ളിക്കുന്നതു സംബന്ധിച്ച പൊതുജനങ്ങൾക്കുണ്ടാകാറുള്ള ബുദ്ധിമുട്ടുകളെ ഓൎമ്മിച്ചുകൊണ്ടാണ് വറുഗീസിവിടെ വള്ളംപടിത്തത്തെയും മററും പററി പറയുന്നതു്. നമ്പൂരിപ്പാട്ടിലെ അതിത്ഥിസ്ഥലങ്ങളിലൊക്കെ എതിരേററു "അത്താഴവും മുത്താഴവും നൽകാൻ ശട്ടംകെട്ടുന്നുണ്ട്. ഈ അതിത്ഥിസ്ഥലങ്ങളേതൊക്കെയോ എന്തോ? ആരോരിടത്തും ചെന്നെത്തുന്നതു ഏതു സമയമായാലും വേണ്ടില്ല, ആദ്യം അത്താഴവും പിന്നെ മുത്താഴവും കഴിച്ചുകൊള്ളണമെന്നാണ് വറുഗീസ് നിശ്ചയിച്ചിട്ടുള്ളത്. അമ്പലപ്പുഴ അതിത്ഥിയിൽ എതിരേൽക്കാനും സൽക്കരിക്കാനും അമ്പലപ്പുഴ തഹസീൽദാർ ഒരുങ്ങിയിരുന്നു, ആ ഉദ്യോഗം ഒരു പരദേശബ്രാഹ്മണനിലാണ് സമൎപ്പിച്ചിരുന്നത്. സാധു വറുഗീസേ! തിരുവിതാംകോട്ടു, തഹസിൽദാരുദ്യോഗം ആദ്യം സൃഷ്ടിച്ചതേതാണ്ടിലാണെന്നറിയാമോ? സ്റ്റേററുമാനുവൽ ത്രനഥാ വായിച്ചറിവാൻ കഴിയുന്ന വല്ലവരുടേയും പിറകേപോയി തിരുവിതാംകൂർ രാജ്യഭരണസംബന്ധമായി വല്ലതും ചിലതെങ്കിലും ഗ്രഹിച്ചിട്ടവേണം ഇനി ഇമ്മാതിരി പമ്പരവിഡ്ഢിത്തങ്ങൾ എഴുതിവിടാനെന്നു ഒന്നു ഉണൎത്തിച്ചുകൊള്ളട്ടെ! പള്ളികളിൽ നടന്നു കാണാറുള്ള എതിരേൽപുകളങ്ങൾ കണ്ടു പരിചയിച്ചിട്ടുള്ള വറുഗീസ് തന്റെ പാടവം നമ്പൂരിപ്പാട്ടിലെ എഴുന്നള്ളത്തുസംഗതിയിലും ലേശം കൂടാതെ ഉപയോഗിച്ചിട്ടുണ്ട്. അതിൽ അയാളുടെ ഔചിത്യത്തെ അഭിനന്ദിക്കുകതന്നെ വേണം!!

സുറിയാനിമെത്രാന്മാരുടെ പരസ്യയാത്രകൾ.

വറുഗീസ്, ഇനി ഇവിടെ താനും തനിക്കുള്ളവരും മാത്രമുള്ള ഒരു ലോകത്തിലാണ് വിഹരിക്കുന്നതു്. ഇവിടെ എഴുതുന്ന വരികളൊന്നും ആരും വിമർശിക്കേണ്ടതില്ല. അയാളുടെ മെത്രാന്മാരെ ഉയൎത്തിക്കൊണ്ടുപോകാനുള്ള സാരംഭത്തിനിടയിൽ എന്തെല്ലാം അബദ്ധങ്ങൾ എഴുതുന്നു എന്നു സൂക്ഷ്മി .

ച്ചറിഞ്ഞാൽ മതി. വറുഗീസിന്റെ കഥാനായകനായ മെത്രാ-
പ്പോലീത്താ നിരണത്തുപള്ളിയിൽ താമസിക്കുന്നുവത്രെ. അദ്ദേഹത്തെ കോട്ടയം ഇടവകക്കാർ അങ്ങോട്ടു ക്ഷണിച്ചു. അവരുടെ നിർബന്ധപൂർവമായ അപേക്ഷയെ ഉപേക്ഷിക്ക വയ്യാതെ ഒടുവിൽ തീയതി നിശ്ചയിച്ചു തെര്യപ്പെടുത്തി. മെത്രാനെ എതിരേററുകൊണ്ടുപോകാനായി ഇടവകക്കാർ വിവിധതരത്തിലുള്ള ജലവാഹനങ്ങളോടെ നിരണത്തെത്തുകയും ചെയ്തു. അപ്പോളതാ വന്നുകൂടി മറെറാരുനിർബന്ധം. അതു ചമ്പക്കളത്തു കല്ലൂക്കാട്ടു പള്ളിക്കാരുടേതായിരുന്നു. അവരുടെ പള്ളിവഴി വേണം യാത്രയെന്നു അവർ മുറുക്കിപ്പിടിച്ചു. മെത്രാൻ ഇതിനും വഴങ്ങുകയേ തരമുള്ളുവെല്ലൊ. കല്ലൂക്കാട്ടു ഇടവക റോമൻകത്തോലിക്കരുടേതാണ്. അവർ ഈ മലങ്കരമെത്രാനെ എതിരേൽക്കുന്നതു വറുഗീസിന്റെ സമുദായസാഹോദര്യത്തിന്റെ മനോധർമ്മമെന്നേ പറവാനുള്ളു. അവർക്കും മെത്രാനുണ്ട്. ആ മെത്രാന്റെ അനുവാദം വാങ്ങിക്കൊണ്ടാണോ ഈ എതിരേൽപ്പു നടത്താൻ തുനിഞ്ഞതെന്നു ചോദ്യം ആ സമുദായക്കാർ ചെയ്യേണ്ടതാണ്. തങ്ങളുടെ പട്ടക്കാരെയും മേൽപ്പട്ടക്കാരെയും അല്പമെങ്കിലും ബഹുമാനിച്ചും ഭക്തിഭാവിച്ചും ഇതേവരെ കഴിഞ്ഞുകൂടുന്ന സമാധാനശീലരായ റോമൻകത്തോലിക്കർ വറുഗീസു പറയുന്നമാതിരി എതിരേല്പിനും അടിപിടിക്കും ഒരുങ്ങിയെന്നു പറയുന്നതുപരമാർത്ഥമാണോ എന്നു അവർതന്നെ ആലോചിച്ചുകൊള്ളട്ടെ. ഏതായാലും അവരും കൊണ്ടുചെന്നു ജലവാഹനങ്ങളെ! ഇത്രയും പറഞ്ഞുവച്ചുകൊണ്ടാണു വറുഗീസു പഴയകാലത്തെ സുറിയാനിമെത്രാന്മാരുടെ പരസ്യയാത്രകളെപ്പററിയുള്ള തന്റെ ചൊപ്പടുതെളിഞ്ഞുനിന്നുകൊണ്ടുവായിക്കുന്നത്. അതിവിടെ പകർത്തുന്നതു വായനക്കാർക്കു ഒരു തമാശകൊണ്ടു അർത്ഥമാകുമെന്നു കരുതിയല്ല. ഒരു ചുഴിപ്പും കനിപ്പുംവിട്ടുകളയാതെ, ഏട്ടിന്റെ മുക്കിൽവയ്ക്കേണ്ട ഒരു സാഹിത്യമാണിതു

"വൈദികകൎമ്മോപയുക്തങ്ങളായനീരാളക്കുപ്പായങ്ങൾ.
സ്ഥാനവസ്ത്രങ്ങൾ, മുതലവായൻമുടികൾ സ്വൎണ്ണപ്പിടി
മൊന്തകൾ, പൊൻചെല്ലങ്ങൾ, സംഗീതം സാഹിത്യം കാ
യികാഭ്യാസം പയററ് എന്നിതുകളിൽ വൈദഗ്ദ്ധ്യം സമ്പാ
ദിച്ചിട്ടുള്ള സ്വജനങ്ങൾക്കു പ്രോത്സാഹനാൎത്ഥം യഥാവസ
രം നൽകുന്നതിനു മുമ്പുകൂട്ടി പണികഴിപ്പിച്ചുവച്ചിട്ടുള്ള കടു
ക്കൻ മോതിരങ്ങൾ, സ്വൎണ്ണപ്പൂക്കൾ, വീരശൃംഖലകൾ,
പാവുമുണ്ടുകൾ, വൈദികകൎമ്മാനുഷ്ഠാനത്തിനുള്ള മതഗ്രന്ഥ
ങ്ങൾ ഓലച്ചുരുളുകൾ എഴുത്തുസാമാനങ്ങൾ, സാംപരിച
കൾ പട്ടുകുടകൾ വലമ്പിരിശംഖ് പുലിത്തോലുകൾ ചങ്ങ
ലവട്ടകൾ, താമ്പാളങ്ങൾ ആലവട്ടം വെഞ്ചാമരങ്ങൾ ആനയ
മ്പാരിസാമാനങ്ങൾ യാത്രക്കാവശ്യമുള്ള വെങ്കലപാത്രങ്ങൾ
ഇങ്ങനെ സ്വസ്ഥാനാൎഹങ്ങളായ സാമാനങ്ങൾ സംഭരിച്ചി
ട്ടുള്ള ചന്ദനപ്പെട്ടികൾ നെട്ടൂർപ്പെട്ടികൾ ചതുരപ്പെട്ടി
കൾ ഇരട്ടപ്പെട്ടികൾ കാശ്പെട്ടികൾ കൈപ്പെട്ടികൾ മേശ
പ്പെട്ടികൾ തുടങ്ങിയുള്ള പത്തൊമ്പതു പെട്ടികളോളം, അവ
യുടെ എല്ലാം മേൽനോട്ടം വഹിക്കുന്ന കെട്ടുപൂട്ടുകാർ കാൎയ്യ
സ്ഥന്മാർ കത്തനാരന്മാർ പന്ത്രണ്ടിൽ കുറയാതെ ശെമ്മാശ
ന്മാർ, പിടിമൊന്തക്കാർ, ചെല്ലക്കാരന്മാർ, താക്കോൽക്കാർ, ച
ങ്ങലവട്ടക്കാർ, അംശവടിക്കാരൻ, സാധനമെഴുത്തുകാർ എന്നു
പേർകൊണ്ട ഏഴെട്ടുരായസക്കാർ, അടവുകളും അഭ്യാസങ്ങളും
പരിചയിച്ചു പാകതവന്നിട്ടുള്ള നാല്പതൊന്നു അംഗരക്ഷക
ഭടന്മാർ, മററുഭൃത്യന്മാർ എന്നിവരോടും പഞ്ചവാദ്യങ്ങൾ ശം
ഖ, വിളി കൊമ്പുവിളി കരവ ആൎപ്പു നടനടവിളി പാവാട
വിരി തെയ്യാണ്ടുകളി (തരിമാറി കിലുങ്ങുന്നതായി വെള്ളി
കൊണ്ടും വെള്ളോട്ടുകൊണ്ടുമുള്ള അമ്മാനപ്പന്തുകൾ ഒരാൾ
ഒരേസമയം എട്ടും പത്തും ആകാശമണ്ഡലത്തിൽ എറി
ഞ്ഞുകളിക്കുന്ന ഒരു കളിയാണിത്) വാളേറു എന്നിതുകളുടെ

നിരന്തരപ്രയോഗത്തോടും കോൽവിളക്ക് പഞ്ചക്കുട കൊററക്കുട നെടിയകുട മുത്തുക്കുട മെഴുവട്ടക്കുട എന്നിത്യാദി ബഹുമാനചിഹ്നങ്ങളോടും കൂടി മെത്രാപ്പോലീത്തന്മാർ പല്ലക്കുകളിലൊ മേനാവുകളിലൊ കയറി പരസ്യമായി പുറപ്പെടുന്നതിന്ന് എഴുന്നള്ളത്തെന്നും രഹസ്യമായി പോകുന്നതിന്ന നീങ്ങലെന്നുമാണ സാധാരണ പറഞ്ഞുവരാറുള്ളത്; പരസ്യയാത്ര അങ്ങാടികളിൽകൂടെയാകുമ്പോൾ ഇരുവശത്തുമുള്ള ഗൃഹങ്ങളുടെ മുൻതിണ്ണകളിൽനിന്ന മുററത്തേക്കു പലക ചാരി അതിന്മേൽ വെള്ളപ്പായും വെള്ളമുണ്ടും കരിമ്പടവും വിരിച്ചു മദ്ധ്യത്തിൽ പട്ടുതുണിയും ചാർത്തി ഇരുവശത്തും നിലവിളക്കുകളും മുകളിൽ തൂക്കുവിളക്കുകളും മുമ്പിൽ നിറകിണ്ടിയും 'വച്ചുവിധിക്ക്' എന്നൊരലങ്കാരവുംകൂടി നസ്രാണികൾ ചെയ്തുവരാറുണ്ട്. ഇതു ഇന്നും നടപ്പിലിരിക്കുന്ന ഒരാചാരമാണ്. പരിഷ്കാരം ഇതേവരെ ഇതിനെ ബാധിച്ചുകാണാത്തതു് ഒരു മഹാഭാഗ്യംതന്നെ" പോരാ മഹാപരമഭാഗ്യമെന്നു പലവുരു പറകവേണ്ടിയിരിക്കുന്നു. വറുഗീസു എന്താണതട്ടിമൂളിച്ചതെന്നും എന്തിനാണതെന്നും അയാൾക്കേ അറിഞ്ഞുകൂടു. ഒരററം മുതൽ പിടിച്ചുകയറിയാൽ അതിനകത്തേ വിശേഷങ്ങൾ വല്ലതും ഗ്രഹിക്കാറാകുമോ എന്നു പരീക്ഷിക്കതന്നെ. മെത്രാൻെറ പരസ്യയാത്രയായ എഴുന്നള്ളത്തിനെക്കുറിച്ചാണ വറുഗീസു ഇവിടെ അവസ്വൽ പരുവത്തിൽ വർണ്ണിച്ചുകൂട്ടിയതു്. പല്ലക്കുകളിലൊ മേനാവുകളിലൊ കയറി പരസ്യമായി പുറപ്പെട്ടാലാണ എഴുന്നള്ളത്തെന്നുപറയുന്നതെന്നു കാണുന്നമുറയ്ക്കു ജലവാഹനത്തിൽ കയറിയുള്ള ഇതു് ഒരു വെറുംനീങ്ങലാവാനേ തരമുള്ളൂ. നീങ്ങലിന രഹസ്യമായി പോക എന്ന ചുരുങ്ങിയ അർത്ഥമേ വറുഗീസു കല്പിച്ചിട്ടുള്ളൂ. തൻെറ മെത്രാന്മാരുടെ രഹസ്യയാത്രകളുടെ കഥ ഇങ്ങനെ ശ്ലോകത്തിൽ കഴിച്ചതു് അയാളുടെ ഇരുതപത്തിൻെറ തികവുകൊണ്ടായി

രിക്കണം. എന്നാലും നീങ്ങലിന്റെ കാൎയ്യം പ്രസ്താവിക്കാൻ പരസ്യത്തിന്റെ കാൎയ്യം പൊടിപൊടിച്ചതു് അത്യുചിതമായെന്നു വേണം കരുതുവാൻ. വറുഗീസിന്റെ വൎണ്ണനയെ ഇവിടെ ഒന്നു വിഭജിച്ചുനോക്കുകതന്നെ. പലതും നിറച്ച പെട്ടികൾ കെട്ടുകൂട്ടുകാർ തുടങ്ങിയുള്ളവർ മററുഭൃത്യന്മാർ എന്നിവരോടും പഞ്ചവാദ്യങ്ങൾ തുടങ്ങി വാളേറുവരെ വരുന്ന പലതുകളുടെ നിരന്തരപ്രയോഗത്തോടും കോൽവിളക്കു തുടങ്ങി മെഴുവട്ടക്കുടവരെയുള്ള ബഹുമാനചിഹ്നങ്ങളോടും കൂടിയാണു മെത്രാന്റെ എഴുന്നള്ളത്തെന്നാണു വറുഗീസു പറയുന്നതിന്റെ ചുരുക്കം. 'പെട്ടികളോടും...എന്നിവരോടും' എന്ന പ്രയോഗത്തിൽ പെട്ടികൂടി പുല്ലിംഗമായതു് അതു മെത്രാന്റേതായതുകൊണ്ടായിരിക്കണം. ഏതായാലും പെട്ടിയുൾപ്പെട്ടവയും ചില പ്രയോഗങ്ങളും പലചിഹ്നങ്ങളും കൂടി മെത്രാന്റെ എഴുന്നള്ളത്താകുമെന്നു അർത്ഥം ധരിച്ചുകൊണ്ടു ഒരുവിധം സൂക്ഷ്മമായി വറുഗീസെണ്ണിവച്ചിട്ടുള്ള പത്തൊമ്പതു പെട്ടികളിലേക്കു നമുക്കൊന്നു കടക്കുകതന്നെ. അതിൽ പലഇനങ്ങൾ അടുക്കിഒതുക്കി വച്ചിരിക്കുന്നതു കണ്ടാൽ ആരും അമ്പരന്നുപോകതന്നെ ചെയ്യും. ആദ്യം നാം കാണുന്നതു വൈദികകൎമ്മോപയുക്തങ്ങളായ നീരാളക്കുപ്പായങ്ങൾ സ്ഥാനവസ്ത്രങ്ങൾ മുതലവായൻമുടികൾ സ്വൎണ്ണപ്പിടിമൊന്തകൾ പൊൻചെല്ലങ്ങൾ ഇവയാണ്. ഒടുവിൽ പറഞ്ഞ രണ്ടിനും വൈദികകൎമ്മത്തിലുള്ള ഉപയോഗം ഇപ്പോൾ ക്ഷയിച്ചുപോയിട്ടുണ്ടെങ്കിൽ വറുഗീസ് അതിനു കുണ്ഠിതപ്പെട്ടുന്നുണ്ടായിരിക്കണം. വിദഗ്ദ്ധന്മാരായ സ്വജനങ്ങളെ യഥാവസരം സമ്മാനിച്ചു പ്രോത്സാഹിപ്പിക്കാൻ മുമ്പുകൂട്ടി പണികഴിപ്പിച്ചിട്ടുള്ള കടുക്കൻമോതിരങ്ങളും സ്വൎണ്ണപ്പൂക്കളും വീരശൃംഖലകളും പാവുമുണ്ടുകളും ആണു അടുത്തുപെട്ടിയിൽകാണുന്നതു്. കടുക്കൻമോതിരങ്ങളും പണികഴിപ്പി

ച്ചപാവുമുണ്ടുകളും സമ്മാനം ലഭിച്ചവരിൽ വറുഗീസിന്റെ പൂർവ്വപിതാക്കന്മാരിൽ ആരെങ്കിലും ഉണ്ടായിരിക്കാമെന്നു വിശ്വസിക്കാം. വൈദിക കർമ്മാനുഷ്ഠാനത്തിനായി അടുത്തു തന്നെ നിരത്തിയിട്ടുള്ളവയുടെ ഒരു പട്ടികയാണിതു്. മതഗ്രന്ഥങ്ങൾ. ഓലച്ചുരുളുകൾ, ; എഴുത്തു സാമാനങ്ങൾ, വാൾ പരിചകൾ, പട്ടുകടകൾ, വലമ്പിരിശംഖ്, പുലിത്തോലുകൾ, ചങ്ങലവട്ടകൾ, താമ്പാളങ്ങൾ, ആലവട്ടം, വെഞ്ചാമരങ്ങൾ. ആനയമ്പാരിസാമാനങ്ങൾ ഇവ ഓരോന്നും ഉപയോഗിച്ചുള്ള വൈദികകർമ്മങ്ങളുടെ ഒരു ശരിയായ ബോധം തരുവാൻ അടുത്ത കഥാനിർമ്മാണത്തിലെങ്കിലും വറുഗീസു തുനിയാതിരിക്കയില്ല. ഇനിയുള്ളതു് യാത്രയ്ക്കാവശ്യമുള്ള വെങ്കലപാത്രങ്ങളാകുന്നു. ചിലടത്തുചിതമായ വാഹനം കിട്ടാതെ വന്നാൽ വെങ്കലപാത്രങ്ങളിൽ കയറിയിറങ്ങാമെന്നായിരിക്കും ഈ മുൻകരുതലിന്റെ ഉദ്ദേശ്യം. ഏതായാലും പെട്ടിക്കകത്താണവയും സൂക്ഷിച്ചിട്ടുള്ളതു്. പെട്ടികളുടെ പേരുകളും [illegible]താണ്. ചന്ദനപ്പെട്ടി തുടങ്ങി മേശപ്പെട്ടിവരെ പത്തൊൻപതു് എന്നു അവയ്ക്കുള്ള കണക്കു പല സമാചാരങ്ങളിലും നിന്നു പകർത്തെടുത്തതായിരിക്കണം. ഒരുവേള ഒന്നു കൂടിയാലും കുറഞ്ഞാലും വലിയ ദോഷം സംഭവിക്കാനില്ലെന്നായിരിക്കണം, പെട്ടികൾക്കു് 'ഓളം' പിടിപ്പിച്ചതുകൊണ്ടു മനസ്സിലാക്കേണ്ടതു്. പെട്ടികളുടെ മേൽനോട്ടം വഹിക്കുന്നവരെക്കൂടാതെ കാര്യസ്ഥന്മാർ തുടങ്ങി മററു ഭൃത്യന്മാർവരെ ഒട്ടേറെ ജനം എഴുന്നെള്ളത്തോന്നിച്ചുണ്ടു്. അവരിൽ ചെല്ലക്കാരേയും താക്കോൽക്കാരേയും പ്രത്യേകം നിയമിക്കാതിരുന്നിട്ടില്ല. രായസക്കാരും ഏഴെട്ടെണ്ണം തയാർ. അവർ എഴുതുന്നതൊക്കെ സാധനങ്ങളാണ്. അംഗരക്ഷകഭടന്മാർ നാല്പത്തൊന്നു്. ആകപ്പാടെ മെത്രാന്റെ സൈന്യം പതിനെട്ടടവും ചമ്പരംപാച്ചിലും പഠിച്ചു്

പാകത വന്ന നസ്രാണിമഹാരഥന്മാരെക്കൊണ്ടു സമ്പൂൎണ്ണമാണു്. അട്ടത്തുതന്നെ നിരന്തരപ്രയോഗങ്ങളുണ്ടു്. പഞ്ചവാദ്യം തുടങ്ങി വാളേറുവരെയാണു് അതിന്റെ വ്യാപ്തി. കരവുകൂടി അതിൽചേൎത്തുകാണുന്നതുകൊണ്ടു് സ്ത്രീജനങ്ങളും ഏഴുന്നെള്ളത്തൊന്നിച്ചുണ്ടെന്നുവേണം നാം മനസ്സിലാക്കാൻ. ബഹുമാനചിഹ്നങ്ങളിൽ ഒന്നുമാത്രം വിളക്കും ശേഷമൊക്കെ കുടകളും ആകുന്നു. അങ്ങാടികളിൽകൂടി പരസ്യയാത്ര പോകുമ്പോഴും വച്ചുവിധിക്കു് എന്ന ഒരു അലങ്കാരം കൂടി പതിവുണ്ടത്രെ. ഇതിപ്പോഴും നടപ്പുള്ളതാണെന്നു വറുഗീസു പറയുന്നു. തിണ്ണയിൽനിന്നു മുറ്റത്തേക്കു പലക ചാരുകയാണു അതിന്റെ പ്രഥമപാദം. ചാരുന്നതു താഴെനിന്നു ഉയരത്തിലേക്കാണു പതിവു്. നസ്രാണിഗൃഹങ്ങളുടെ മുറ്റം തിണ്ണകളേക്കാളും ഉയൎന്നിട്ടാണോ എന്നു നാം സൂക്ഷിച്ചുനോക്കണം.

### ഏഴുന്നള്ളത്തുയാത്ര

മെത്രാനും വറുഗീസുംകൂടി നീങ്ങുകയാണു്. കല്ലൂൎക്കാട്ടുകാരും കോട്ടയത്തുകാരും ക്ഷണിച്ചെഴുന്നള്ളിച്ച മെത്രാൻ കോട്ടയത്തേക്കാണു പുറപ്പെട്ടതെന്നു വറുഗീസു് എഴുതിയിരിക്കുന്നു. ഇതു് അച്ചടിത്തെറ്റായിരിക്കാം. വറുഗീസിന്റെ വലിയമെത്രാന്റെയും തരണനല്ലൂർ നമ്പൂരിപ്പാട്ടിലേയും വഴികൾ അത്യന്തഭിന്നങ്ങളാണെന്നുള്ളതിൽ ആൎക്കും പക്ഷാന്തരത്തിനിടയില്ല. നിരണത്തുനിന്നു കോട്ടയത്തേക്കു കല്ലൂൎക്കാട്ടുവഴി പോകുന്ന മെത്രാനും, ഇരിഞ്ഞാലക്കുടെ നിന്നു പുറപ്പെട്ട ബോട്ടിൽ അമ്പലപ്പുഴെ പോകേണ്ട നമ്പൂരിപ്പാട്ടിലേക്കും കല്ലൂൎക്കാട്ടിനുവടക്കുവെച്ചു എതിരിടാൻ കഴിയുന്നതെങ്ങിനെയാണെന്നു വറുഗീസു് ആലോചിച്ചിട്ടില്ല. തന്നെപ്പോലെ ലക്ഷ്യം തിരിയാത്തവരായിരിക്കും തന്റെ വായനക്കാരും എന്നു് വറുഗീസു കരുതിയിരിക്കാം. വെമ്പനാട്ടുകായലിൽനിന്നു പള്ളാത്തുരുത്തി [illegible] തെക്കോട്ടുപോയി പൂക്കൈതയാറ്റിൽ എത്തി [illegible] തെക്കോട്ടുചെന്നു് പടിഞ്ഞാ-

ളോട്ടു തിരിഞ്ഞാണ് അമ്പലപ്പുഴെ എത്തേണ്ടതു്. വറുഗീസിന്റെ വഴിഅതിൽനിന്നു സുമാറ് മൂന്നുനാലു നാഴികവടക്ക കൂടി ഉള്ളതും, വളരെ വളവും തിരിവും എല്ലാം ഉള്ളതും ആണ്. അവിടെ എത്തുവാൻ നമ്പൂരിപ്പാട്ടും കൂട്ടരും കായലിൽനിന്നു ആറുവാത്തിലവഴി തെക്കോട്ടുവന്നു് മൂന്നാറുമുഖപ്പു കടന്നുപോരേണ്ടതായിരിക്കുന്നു. അതു വിഷമമാണെന്നു പറഞ്ഞാൽ വറുഗീസ് വകവെയ്ക്കുകയില്ല. അയാൾക്കു നമ്പൂരിപ്പാടിനെ മെത്രാന്റെ മുമ്പിൽകൊണ്ടുവിടണം. അതു കല്ലൂക്കാട്ടുവെച്ചായിരിക്കണംതാനും. അടിക്കാനും പിടിക്കാനും കൊള്ളരുതായ്ക കാണിക്കാനും മിടുക്കു കൂടുന്ന ചിലരെ വറുഗീസ് മെത്രാന്റെ കൂടെ കരുതിയിട്ടുണ്ട്. അവർക്കു എവിടെവെച്ചും നമ്പൂരിപ്പാടിന്റെ ആൾക്കാരോടു എതിരിടാം. എന്നാൽ ഈ വക വഴക്കും വയ്യാവേലിയും ഒന്നും തങ്ങളായി നടത്തിത്തുടങ്ങിയിട്ടില്ലാത്ത ഒരു കൂട്ടരുടെ ഒത്ത സ്ഥാനത്തുവെച്ചു അതു നടത്തിയാൽ വറുഗീസിനു ചില കാര്യലാഭങ്ങൾ എല്ലാം ഉണ്ട്. വറുഗീസ് പണ്ടെ കട്ടിക്കാരങ്ങളിനെക്കൊണ്ടു ചുട്ടചോറു മാന്തിക്കുന്ന തരക്കാരനാണല്ലോ.

കരുതിക്കൊണ്ടോ അല്ലാതെയോ വറുഗീസ് വഴി പിഴച്ചാണു സഞ്ചരിക്കുന്നതു്. മെത്രാനെ എവിടെയും വിളിച്ചുകൊണ്ടുപോകുവാൻ അയാളൊരുങ്ങുന്നതിൽ പരിഭവമില്ല. അതാളുടെ മുറയാണ്. എന്നാൽ തെണ്ണനല്ലൂർനമ്പൂരിപ്പാട്ടിലെ ആവശ്യമില്ലാതെ വഴി പിഴപ്പിക്കുവാൻ വറുഗീസു തുനിഞ്ഞതു ക്ഷന്തവ്യമല്ല.

### കൂടിമുട്ടി

ഇടവകക്കാരുടെ ധനശക്തിയുടെയും സമുദായിനശക്തിയുടെയും പ്രത്യക്ഷലക്ഷ്യമായി പ്രകാശിച്ചു ഘോഷയാത്ര വളരെ കേമമായിരുന്നു എന്നു വറുഗീ[illegible] പറഞ്ഞുവല്ലി[illegible]. 'പൊന്നലുക്കിട്ട മുത്തു[illegible] കടകളും, മുത്തുക്കുടകളും, [illegible] കൊടികളും, [illegible], [illegible], മെഴുമേ

ളങ്ങറം എന്നിവയോടുകൂടിയ ഒട്ടുവളരെ ചുണ്ടൻവള്ളങ്ങളോ ടുകൂടിയായിരുന്നുവത്രെ ഘോഷയാത്ര. ഘോഷയാത്ര കണ്ടു വറുഗീസിനു കടകളുടെ സംഖ്യയാണു ചുണ്ടൻവള്ളങ്ങളുടേ തല്ല പ്രാഥമ്യേന അറിയാൻ കഴിഞ്ഞത്. ഒരുവേള കടക ളേക്കാറ്റം അധികമായിരുന്ന ചുണ്ടൻവള്ളങ്ങളെന്നുവരാമോ അതല്ല ചുണ്ടൻവള്ളങ്ങൾ വല്ലവരുടേയും വകയാണ്. അ താണ് അവയുടെ എണ്ണം നിശ്ചയമില്ലാതെ പോയത്. മെ ത്രാന്റെ ഒരു വെറുംനിങ്ങലിനുള്ളഈ ഘോഷയാത്ര ചമ്പക്കു ളത്തുനിന്നും വടക്കോട്ടുനീങ്ങി. അപ്പോൾ "തീരവും പരിസ രപ്രദേശങ്ങളും മുഴക്കിയുള്ള ആർപ്പുവിളികളും, വാദ്യമേളങ്ങ ളും വഞ്ചിപ്പാട്ടുകളും, നടനടവിളികളും അതിദൂരത്തിൽ മാ റെറാലികൊണ്ടു"വത്രെ.

ഇത്രയുമായപ്പോഴാണു നമ്പൂരിപ്പാട്ടിലെ എതിരേൽ പ്പുവള്ളങ്ങളുടെ വരവ്. ആ വള്ളങ്ങളിലെ കോപ്പുകളെല്ലാ ന്നും വറുഗീസേറ്റംപിടിച്ചതല്ലായ്കയാൽ അക്കണക്കൊന്നും പറഞ്ഞിട്ടില്ല. പക്ഷെ, മഹാരാജാവിന്റെ പ്രത്യേക വള്ളി ബോട്ടും പതിനൊന്നു സാധാരണബോട്ടും വടക്കോട്ടയച്ചിരു ന്ന വറുഗീസ് ഇവിടെ കാണുന്നത് നമ്പൂരിപ്പാട്ടിലെ ഏ ഴുന്നള്ളത്തുബോട്ടുകളും അകമ്പടിബോട്ടുകളും ആണെന്നു അറിഞ്ഞിരിക്കണം. ഇത്തരമാററിമറിച്ചിലുകൾ 'വറുഗീസ് സാഹിത്യ'ത്തിൽ സാധാരണമാണെന്നു കരുതിയാൽ മതി യാകും.

ഇനിയാണ് അപകടസന്ധി. ഇരുപാട്ടുകാരുടേയും ജ ലവാഹനങ്ങൾ ആറട്ടുപ്പു പാഞ്ഞുവരുന്നവയായിരുന്നുവത്രെ. എന്നു പറഞ്ഞാൽ ഒരു കരമുതൽ മറുകരവരെ വള്ളങ്ങളും ബോട്ടുകളും നിരത്തിയിട്ടിരുന്നുവെന്നുവരണം. ഇരുപാട്ടുക ർക്കും തെളിച്ചു കടന്നുപോരാൻ വയ്യാതെ വിധം ജലവാഹന ങ്ങളുടെ സംഖ്യ ഇരുവശങ്ങളും അതിബാഹുല്യമാണ് എ ന്നത്രേ വറുഗീസ് പറയുന്നത്. [illegible]

പറഞ്ഞുവെച്ചതു മറ്റൊന്നിനാലല്ല. 'ഏതെങ്കിലുമൊരു കൂട്ടർ പുരോഗമനം നിറുത്തി ഇരുതീരങ്ങളിലേക്കും ഒന്നൊതുങ്ങിക്കൊടുക്കാത്തപക്ഷം' സമാധാനഭംഗം നേരിടുമെന്നൊരു മുന്നറിയിപ്പുണ്ടിതു്. എന്നാൽ "തമ്മിൽ കൂട്ടിമുട്ടുന്നതിനുമുമ്പു് യാത്ര നിറുത്തുവാനായി ഏതെങ്കിലും ഒരു കൂട്ടർക്കു മുന്നറിവു കൊടുപ്പാൻ നിവൃത്തിയില്ലാത്തവിധം രണ്ടുകൂട്ടരുടേയും പുരോഗതി അതിശീഘ്രത്തിലാണെന്നതാണു്." എന്നുകൂടി വറുഗീസ് സമ്മതിക്കുന്നുണ്ടു്. പുരോഗതിയിൽ ഇരിക്കുന്ന രണ്ടു സമൂഹങ്ങളിൽ ഒന്നിനെ അടക്കിയൊതുക്കിനിറുത്തി മറ്റേതിനു കടന്നുപോകുവാനുള്ള ഒരു "തന്ത്രകൗശല്യ"മാണിവിടെ വറുഗീസുപദേശിക്കുന്നതു്. അവ്വ, സാധുവിന്റെ ആന്തരം ഏറവും ഹൃദയംഗമമായി പ്രത്യക്ഷപ്പെട്ടിരിക്കയാണിവിടെ.

ഒരു കുഴലിന്റെ ഇരു ഭാഗങ്ങളിലും കൂടി അതിവേഗത്തിൽ തിക്കിക്കയറുന്ന രണ്ടു സാധനങ്ങൾ ഇടയ്ക്കുവെച്ചു കൂട്ടിമുട്ടി അതിലൊന്നു തകരുന്നതുപോലെയാണു് വറുഗീസിന്റെ ആറടച്ചുള്ള ഘോഷയാത്രകളുടെ ഗതിയും പരിണാമവും എന്തായിരിക്കേണ്ടിയിരിക്കുന്നു, ഘോഷയാത്ര നടത്തുന്ന കാര്യത്തിൽ വറുഗീസിനുള്ള പാടവം അത്രതന്നെയുണ്ടു്. എന്നാൽ വറുഗീസു പറയുന്നപ്രകാരം ഒരു ഘോഷയാത്ര ആരും നടത്തുന്നതല്ല. അതു നടക്കുകയുമില്ല. ഘോഷയാത്ര വള്ളങ്ങളുടെ ആധിക്യം കൊണ്ടു മോടി പിടിക്കുന്നതുതന്നെ. എന്നാൽ അതിനും ഒരു അതിർത്തിയുണ്ടു്. അതിലും കവിഞ്ഞാൽ നാടം കൂടാൻവേണ്ടി പണ്ടാരോ മണിനാക്കവേലത്താതാക്കിയ ഫലമാണെന്നുള്ളതു്, മറന്നുപോകരുതു്. ആററിൽക്കൂടി അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്ന വള്ളങ്ങൾ ചിലപ്പോൾ കൂട്ടിമുട്ടാറുണ്ടു്. എന്നാൽ ആറടച്ചു വരുന്ന ഘോഷയാത്ര കൂട്ടിമുട്ടുന്നതു് വറുഗീസിന്റെ കഥയിലാണാദ്യം കാണുന്നതു്. കൂട്ടിമുട്ടിയാൽ തല്ലു തമ്മിലുള്ളവരുടെ ആയുധനമാത്രെ. 'ഓളപ്രഹരങ്ങളുടെ പാരസ്പര സംഘട്ടനം

ക്കൊണ്ടു് ചില കള്ളിവള്ളങ്ങൾ താനെ മുങ്ങി;' എന്നു വറുഗീസ് എഴുതിയിരിക്കുന്നതു വായിച്ചാൽ ആരാണു് ചിരിച്ചു മണ്ണുകപ്പിപ്പോകാത്തതു്? ബഹളം ശമിച്ചതും ഇരുപാട്ടും വന്ന യാത്രക്കാരുടെ ജാതിമതാദി മഹത്വങ്ങൾ പരസ്പരം അറിഞ്ഞതും കുറെ കഴിഞ്ഞായിരുന്നു. അപ്പോൾ ഒരു ശാന്തത പരന്നതു് അല്പമാത്രമായിരുന്നു എന്നു് വറുഗീസു പറയുന്നു.

### അടവുകാട്ടി ഒളിച്ചുകടന്നതു്.

ഇനിയങ്ങോട്ടു ചില വാക്കുതർക്കങ്ങളും അതിൽ ഒരു കാര്യസ്ഥൻ കത്തനാർ പ്രകടിപ്പിച്ച അതിസാമർത്ഥ്യങ്ങളും ചില നസ്രാണിമഹാരഥന്മാരുടെ അടവുകളും ഒക്കെയാണു വറുഗീസു എഴുതിക്കൂട്ടിയിരിക്കുന്നതു്, അതൊക്കെ വറുഗീസിന്റെ ചില അതിമോഹങ്ങളെ പ്രകടിപ്പിക്കുന്ന അഹങ്കാര ജല്പനങ്ങൾ ആണെന്നാർക്കും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതേയുള്ളു. അമ്പലപ്പുഴ തഹസിൽദാരായ പാറമേശ്ശങ്കരമേനോൻ മെത്രാന്റെ എഴുന്നള്ളത്തു സന്നാഹങ്ങൾ പിന്നാക്കമൊത്തുവാൻ അവശ്യപ്പെട്ടു എന്നു കല്പിച്ചാണു് വറുഗീസ് വായ്പാടങ്ങളൊക്കെ ഉച്ചരിക്കുന്നതു്. ചില പാത്രങ്ങളെ സൃഷ്ടിച്ചു താൻ മനോരാജ്യത്തിൽ കണ്ടിട്ടുള്ള ചില വീര്യശൌര്യപരാക്രമങ്ങൾ പച്ചയായിക്കാട്ടി ഘോഷിക്കാനാണു് വറുഗീസിന്റെ ആഗ്രഹം. അയാൾ വെളിപാടുകൊണ്ടു പറഞ്ഞിരിക്കുന്ന ഉഗ്രവചസ്സുകളാണു് തന്റെ സമുദായാഭിമാനത്തെ പ്രസ്പഷ്ടമാക്കാൻ കരുതിയിട്ടുള്ള തേട്ടങ്ങളെന്നും പ്രത്യക്ഷമാണു്. നോക്കുക;—കാര്യസ്ഥൻ കത്തനാർ അമ്പലപ്പുഴ തഹശീൽദാരോടു ആദ്യം മറുപടിപറഞ്ഞതു 'ബോട്ടിൽ എഴുന്നള്ളുന്നതു മലയാളത്തിന്റെ വലിയ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയാണു, അദ്ദേഹത്തിന്റെ ബോട്ടു പിന്നോക്കം വിടുകയെന്നുള്ളതു പ്രയാസമാണെന്നും അങ്ങനെയുള്ള അവമാനകരമായ പ്രവൃത്തി ചെയ്യുവാൻ കേര

ളത്തിലുള്ള യാതൊരു മഹാരാജാക്കന്മാർ കൂടിയും മെത്രാപ്പോലീത്തായോടു ആവശ്യപ്പെടുന്നതല്ലെന്നും" മുറവും പൂർണ്ണവാചകത്തിൽ പെരുമ്പാമ്പിഴയുന്നമട്ടിൽ ആയിരുന്നുവത്രേ. ഇതേ കാര്യംതന്നെ വറുഗീസു കുറെക്കൂടെ ദൃഢസ്വരത്തിൽ കത്തനാരെക്കൊണ്ടു പിന്നെയും പറയിക്കുന്നുണ്ട്, മെത്രാന്റെ ബോട്ടു പിന്നാക്കം മാററണമെന്നു തഹശിൽദാരും അതല്ല രണ്ടുകൂട്ടരും കുറെശ്ശ മാററണമെന്നു കാര്യസ്ഥൻ കത്തനാരും വാശിപിടിച്ച നേരം കുറെ കളഞ്ഞുവത്രേ. അടച്ചു കിടക്കുന്ന വാഹനങ്ങളും ഇരുകൂട്ടരും പിന്നാക്കം മാററിയാൽ എങ്ങനെയാണ് പരസ്പരം കടന്നുപോകാൻ കഴിയുന്നതെന്നു വറുഗീസിനേ അറിഞ്ഞുകൂടു. ഒരുവേള അതു സാധിക്കാമെങ്കിൽ പിന്നാക്കം നീങ്ങിയവരിൽ ആരാണ് മുൻപെ കടക്കാനധികാരി എന്ന പ്രശ്നം വിവാദവിഷയമാകാനിടവരുമായിരുന്നു. വറുഗീസ് ഓരോ ചെയ്വനകളിലും മാനാപമാനം പോകുന്നവനാണെന്നു ഇതിനകം നല്ലപോലെ വെളിപ്പെട്ടിട്ടുണ്ട്. കത്തനാരെക്കൊണ്ടു വറുഗീസു വീണ്ടും "മെത്രാപ്പോലീത്താ പള്ളിബോട്ടിനകത്തിൽ വൈപരനിദ്ര ചെയ്യുന്നതിനാൽ തൽക്കാലം കാണുന്നതിനു പ്രയാസമാണെന്നും ബലപ്രയോഗം കൊണ്ടു തങ്ങളെ മടക്കി അയക്കാമെന്നു വിചാരിക്കുന്നതു് അപകടകരമാണെന്നും" വിനയപൂർവ്വം ഉച്ചരിപ്പിക്കുന്നുണ്ട്. ഈ വാക്യഭാഗത്തിൽ വിനയം നിറഞ്ഞു വഴിയുന്നതു് സ്പഷ്ടം കാണാം. കത്തനാരുടെ അടുത്ത പ്രസംഗം കൂടി കേൾക്കുക തന്നെ. "തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ട് അന്യന്മാർ ബഹുമാനിക്കുന്ന രാജ മഹാന്മാരുടെ എഴുന്നള്ളത്തുബോട്ടുകളാണ് കൂട്ടിമുട്ടിട്ടുള്ളതു്". രണ്ടു പേരുടേയും യാത്രയെ സുഖകരവും നിർബാധവും ആക്കിത്തീർക്കേണ്ടുന്ന ചുമതല ഒരു നിഷ്പക്ഷനായ സർക്കാരുദ്യോഗസ്ഥൻ എന്ന നിലയിൽ തഹശിൽദാരിൽ സമർപ്പിച്ചിരിക്കുന്നുവെന്നാണെന്റെ വിശ്വാസം. അതിനാൽ രണ്ടു

കൂട്ടക്കാം മാനമായി കടന്നുപോകുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചത്രേ ഇവിടെ ആലോചിപ്പാനുള്ളത്. ഒരു ഭാഗത്തെ എഴുന്നള്ളത്ത് മറുഭാഗത്തേക്കു അവമാനകരമാണെന്നു വിചാരിപ്പാൻ നിവൃത്തിയില്ലാത്ത വിധം രണ്ടുപേരും വൈദികാധികാരിത്വത്തിൽ തുല്യന്മാരും പെരുമപെററവരുമായതിനാൽ ഒരു കക്ഷിക്കു ചെയ്യുവാൻ അവമാനമെന്നു തോന്നുന്നതായ വല്ലതെങ്കിലും ഒരു കൃത്യം മറുകക്ഷികൾ ചെയ്യാൻ ആജ്ഞാപിക്കയെന്നത് ധർമ്മവിരുദ്ധമായ ഒരു പ്രവൃത്തിയാണെന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അതിനാൽ ആറടച്ചുകിടക്കുന്നതായ ബോട്ടുകളും, അകമ്പടിവാഹനങ്ങളും അന്യോന്യം കടന്നുപോകുന്നതിനു സൗകര്യം ലഭിക്കത്തക്കനിലയിൽ അവകളെ ഇരുഭാഗക്കാരും പിന്നോക്കം പിന്നോക്കം നീക്കി നെടുനീളത്തിൽ ഓരോന്നായി കരയോടു ചേർത്തുനാട്ടുനിറുത്തുകയോ അതിനു കഴിവില്ലെങ്കിൽ ഒരു ബോട്ടിനുകടന്നുപോകാൻ മാത്രമെങ്കിലും സ്ഥലമൊഴിച്ചിട്ടുകൊണ്ടു ഓരോഭാഗത്തുനിന്നും ഓരോഉരുക്കൾ അന്യോന്യം കടത്തിവിടുകയോ ചെയ്യുവാൻ ഉത്സാഹിക്കുന്നതാണ്, എല്ലാംകൊണ്ടും ഉചിതമായിട്ടുള്ളത്. മെത്രാപ്പോലീത്തായുടെ എഴുന്നള്ളത്തിനൊപ്പററി പറയുകയാണെങ്കിൽ മറുഭാഗത്തുനിന്നും അനുഷ്ഠിക്കാത്തതായ യാതൊരു കൃത്യങ്ങളും ചെയ്യുവാൻ ഈ അവസരത്തിൽ ഞങ്ങൾക്കു കഴിവുള്ളതല്ല. 'ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം. എന്നാണല്ലോ പഴമൊഴിയും,' ഇത്രചിന്തേരിട്ടുമിനുസപ്പെടുത്തിയ തരത്തിൽ സംഭാഷണം ചെയ്യുന്ന കത്തനാരന്മാർ തന്റെ സമുദായത്തിൽ ഇപ്പോഴുണ്ടോ എന്നു വറുഗീസിനെ അറിഞ്ഞുകൂടാ. അപകടമൊന്നും കൂടാതെ എഴുന്നള്ളത്തുകൾ കടന്നുപോകാൻ കത്തനാരെക്കൊണ്ടു നിർദ്ദേശിപ്പിക്കുന്ന മാർഗ്ഗം ഏററവും കൗതുകകരമായിട്ടുള്ളതാകുന്നു. അതങ്ങനെ സാധിച്ചില്ലെങ്കിൽ മെത്രാപ്പോലീത്തായും തട്ടാരുന്ന കാര്യം.

മററൊരുതരത്തിലും പരിഹരിക്കാവുന്നതല്ലത്രെ- ആറടച്ചുതിങ്ങിനെയങ്ങിക്കിടക്കുന്ന ജലവാഹനങ്ങൾ പിന്നോട്ടുമാററി കരയോടു ചേർത്താലും, അഥവാ അണച്ചാലും പോരാ ചേർത്തണച്ചനിത്താനുള്ള ഈ 'തിരിശ്ശീലപ്പുഴന്തുണി'നിയോഗം സ്വീകരിക്കയെന്നുവന്നാൽ മെത്രാപ്പോലീത്തായുടെ വാഹനങ്ങളുടെ അരുതിനിരണംവരെ എത്തുകയില്ലേ എന്നാണെന്റെ സംശയം. അതെങ്ങനെയായാലും ഒരുമയുണ്ടെങ്കിൽ ഉലക്കമേലും എന്തുവേണമെങ്കിലും ആകാമെന്നാണു കത്തനാർ പ്രസംഗിച്ചിരിക്കുന്നതു്. ഒരുമയ്ക്കുള്ള അത്യാഗ്രഹം നല്ലപോലെ വെളിവാകുന്നുണ്ടു്. നമ്പൂരിപ്പാട്ടിലേയും മെത്രാപ്പോലീത്തായേയും വൈദികാധികാരിത്വത്തിൽ തുല്യന്മാരായിട്ടാണു്, എന്തായാലും വറുഗീസ് ഗണിച്ചിട്ടുള്ളതു്. അതേതർത്ഥത്തിലാണെന്നു മനസ്സിലാകുന്നില്ല. നമ്പൂരിപ്പാട്ടിലെ വരുതിയിൽ പള്ളികളോ പട്ടക്കാരോ അൽമേനികളോ ഇല്ല. വേദവിഹിതങ്ങളായ കൃത്യശ്രൗതാദികളോടുകൂടിയ അവിടെക്കു ഒരു ഹിന്ദുവിന്റെ മേലും കൊല്ലും കൊലയും നടത്താൻ അധികാരമില്ല. ദൈവികകാര്യങ്ങളിൽ വല്ല അനുഷ്ഠാനങ്ങളും തനിക്കും ഇതരന്മാർക്കും വേണ്ടി നടത്തി ചാരിതാർത്ഥ്യനാകാൻ അവിടുത്തേക്കു കഴിയും. ക്ഷേത്രത്തിൽ കൊടിയേററുനടത്തുന്നതും ആ നിലയിലാണു്. എന്നാൽ വറുഗീസു കല്പിക്കുന്ന മെത്രാന്റെ അധികാരശതങ്ങൾ ആ കുറഞ്ഞ നിലയിലൊന്നുമുള്ളതല്ല. ഒരു മലങ്കര നസ്രാണിമഹാരാജാവും വെറും ഒരു നമ്പൂരിപ്പാടും തുല്യരാണെപോലും. ഇതുകേട്ടാൽ ആരാണു സഹിച്ചിരിക്കുന്നതു്? വറുഗീസു കെട്ടിയൊരുക്കിക്കൊണ്ടുവന്ന സാമ്രാജ്യം ഇങ്ങനെ നിഷ്പ്രഭമായി ചമയുന്നതു് കുറെയല്ലന്നോ ചോദിക്കേണ്ടതാണു്. രണ്ടുപേരും ഒരുമപ്പെററവരാണെന്നും വറുഗീസു പറയുന്നു. അതെങ്ങനെയാണാവോ?

കത്തനാരുടെ മറുപടി കേട്ടു കോപിച്ച തഹശീൽദാർ അദ്ദേഹത്തെ അരമനയിൽ വച്ചാനും സ്രാങ്കിനെ ബോട്ടിന്റെ തട്ടുപടിയോടു ചേർത്തു ബന്ധിക്കാനും ആജ്ഞ നൽകിയതായി വറുഗീസു എഴുതിയിരിക്കുന്നതു്, ആ ആജ്ഞ വിഫലമായി എന്നു കൂടി കാണിച്ചു ഫലിപ്പിക്കാൻ വേണ്ടിയാണെന്നു കാണുന്നതു് അഭാസം തന്നെ. വറുഗീസിന്റെ സൃഷ്ടിയായ തഹശീൽദാരും കൂടെ ഉണ്ടായിരുന്ന കഞ്ചൂട്ടക്കാർ എന്നു പറഞ്ഞു പോന്ന പോലീസുകാരും മെത്രാന്റെ ആൾക്കാരുടെ മുമ്പിൽ നിഷ്പ്രഭരായിരുന്നു എന്നു വരുത്തണമെന്നാണയാളുടെ ആന്തരം. കഞ്ചൂട്ടക്കാർ "വെട്ടൊന്നു കണ്ടം രണ്ടു്" എന്ന മട്ടുകാരായിരുന്നിട്ടും അവരുടെ ആരംഭം വിഫലമായെന്നു വിവരിക്കാനാണു് അയാൾക്കാനന്ദം; എന്നാൽ അവർ ആ സ്വഭാവക്കാരായിരുന്നില്ല എന്നുള്ളതിനു വറുഗീസിന്റെ മെത്രാനും കാശ്ശീസാനും കൂട്ടരും പിന്നെയും പല വഷളത്തങ്ങളും കാണിക്കാൻ ജീവിച്ചിരുന്നു എന്നുള്ളതു തന്നെ മതിയായ തെളിവാകുന്നു. മറിച്ചായിരുന്നുവെങ്കിൽ മെത്രാനും കൂട്ടരും ചമ്പക്കുളത്താററിന്റെ ആഴം നോക്കാനും, ഒരുവേള അവിടത്തന്നെ വിശുദ്ധമായ കബറടക്കം അനുഭവിക്കാനും ഇടവരുമായിരുന്നു.

## അടവുപഠിച്ച നസ്രാണികൾ.

ഇനി നസ്രാണികളുടെ പുരാതനമായ ആയോധനചാതുര്യത്തിന്റെ ഏടൊന്നഴിക്കുവാൻ ഭാവിക്കുന്നതു്. സ്രാങ്കിനെ ബന്ധിപ്പാനടുത്ത എഴെട്ടു കഞ്ചൂട്ടക്കാരെ, ചില അടവുപ്രയോഗം കാട്ടി പമ്പാസരിത്തിലേക്കു എറിഞ്ഞുകളഞ്ഞ വറുഗീസിന്റെ പൂർവന്മാരുടെ പേരുകൾ കണിശമായി അയാൾക്കറിയാം. അതു സുറിയാനിസഭാചരിത്രത്തിന്റെ വശങ്ങളിൽ നിന്നു് എടുത്തെഴുതിയതായിരിക്കാനാണിടയുള്ളതു്. മെത്രാപ്പോലീത്തായുടെ അംഗരക്ഷകഗണത്തിൽ പെട്ടവരും എട്ടു കഞ്ചൂട്ടക്കാരെ അടവു പ്രയോഗിച്ചു പമ്പാസരിത്തിൽ എറിഞ്ഞുകളഞ്ഞവരും ആയ ആ മഹാരഥന്മാരുടെ പേരുകൾ കേട്ടു വായനക്കാർ ഭയപ്പെട്ടുപോകരുതെന്നപേക്ഷിക്കുന്നു. അവരാവിതു്:—പടന്നതരകൻതാരു- (തരുവിനോടോ താരത്തോടോ വല്ല ബന്ധവുമുണ്ടോ, എന്തോ?), കല്ലൂർക്കാട്ടു കൊറവൻ (ജാതിയിൽ അങ്ങനെയായിരിക്കാം!)

ഉരുപ്പുട്ടിക്കുട്ടി (പ്രാസംകൊണ്ടുപിടിച്ചു!) ഉരുമ്പനീട്ടിളയാശാൻ തൊമ്മി (ചെമ്പൻ എന്നു പോത്തിനു പേരിടാറുള്ള മുറയ്ക്കു് ഇരുമ്പൻ എന്നപേരിനു് അസ്വാരസ്യമില്ല. ഒരുവേള ഉരുമ്പനാട്ടിയോക്കൻ എന്നു് ഒരുമിച്ചുള്ള ഒരിരട്ടപ്പേരു ലോപിച്ചതാണെന്നും വരാമല്ലോ!) നോക്കണേ! ഏഴെട്ടു കുഞ്ഞൂട്ടുകാരെ അടവു കാണിച്ചു ആററിൽ തള്ളിയിട്ട വീരന്മാരാണിവർ. അവരുടെ ആ വീര്യപരാക്രമങ്ങളൊക്കെ തരണനല്ലൂർ നമ്പൂതിരിപ്പാട്ടു് ബോട്ടിൻെറ കിളിവാതിൽ തുറന്നിട്ടു നോക്കിക്കൊണ്ടിരിക്കുകയായിരുന്നുവത്രേ!

## കലാപത്തിൻെറ കലാശം.

പുരാതനസുറിയാനികളുടെ യുദ്ധവൈദഗ്ദ്ധ്യം കാണിക്കുന്ന ചാരിത്രം എഴുതിവച്ചിട്ടു കലാപരംഗത്തിലേക്കു തന്നെ വറുഗീസു കടക്കുന്നു. തഹശീൽദാർ "തരണനല്ലൂർ നമ്പൂരിപ്പാട്ടിലെ പള്ളിബോട്ടിലേക്കു" നടകൊണ്ട അവസരത്തിൽ, അതേവരെ സ്വൈരനിദ്ര ചെയ്തിരുന്ന മെത്രാപ്പോലീത്തായായ പ്രധാന സേനാനായകൻ ഉണർന്നു മേൽനടപടികളെക്കുറിച്ചു വേണ്ട തീരുമാനങ്ങൾ ഉണ്ടാക്കിയെന്നു വറുഗീസിവിടെ പറഞ്ഞിട്ടുണ്ടു്. അതിൻെറ ഫലമായി തഹശീൽദാരു മുമ്പായി മെത്രാൻെറ അംഗരക്ഷകപ്രധാനന്മാർ നമ്പൂതിരിപ്പാട്ടിലെ മുമ്പിൽ എത്തുകയും, നമ്പൂതിരിപ്പാട്ടിനോടു പൂർണ്ണവാചകത്തിൽ തന്നെ ഗംഭീരമായി പ്രസംഗിക്കുകയും ഉണ്ടായത്രെ. പ്രസംഗത്തിനായിട്ടു നമ്പൂതിരിപ്പാട്ടിനെ സമീപിച്ച മേൽപറഞ്ഞ ആളുകളെ കണ്ടപ്പോൾ അദ്ദേഹം വല്ലാതെ ഭയപ്പെട്ടിരിക്കും. വറുഗീസു പറയുന്നു. "അദ്ദേഹത്തിൻെറ ദൃഷ്ടികൾ പണിക്കരുടേയും സഹഭടന്മാരുടേയും മുഖത്തു ജ്വലിക്കുന്ന വീരരസഗാംഭീര്യത്തിലും ഭുജബലിഷ്ഠതയിലും ഭീമകായത്വത്തിലും തീക്ഷ്ണനേത്രരൂക്ഷതയിലും ആശങ്കാപൂർവം പര്യടനം ചെയ്കയായിരുന്നു." നമ്പൂതിരിപ്പാട്ടിലെ കണ്ണുകൾക്കു ഇത്രത്തോളം ഒന്നും ചെയ്വാൻ കഴിഞ്ഞിരിക്കയില്ല. പാവം അവിടെബോധംകെട്ടുവീണുപോയെന്നുപറയാതിരുന്നതിൽ വറുഗീസിൻെറ മഹാമനസ്സുതയെ ബഹുമാനിക്കണം. വറുഗീസിൻെറ ഭടന്മാർക്കു ഒരു വിശേഷം പ്രത്യക്ഷമായുള്ളതുകൂടി ഇവിടെ സൂചിപ്പിച്ചേക്കാം. അവരുടെ മു

ഖരതാന്ന വീരരസഗാംഭീര്യം, വല്ലാത്ത ഭുജബലിഷ്ഠത, ഭീമകായത്വം, നേത്രരൂക്ഷത ഇവയെല്ലാം ഉജ്ജ്വലിക്കുന്നത്. മുഖത്തു തന്നെ കൈയ്യും കാലും കണ്ണും എല്ലാം തിങ്ങിയുള്ള അത്തരം എന്തൊരുത്തമമാതൃകെ ശിഷ്ടസന്താനമായിട്ടാണ് വറുഗീസിവിടെ അവതരിപ്പിച്ചിരിക്കുന്നത്?

വാഗ്വാദം വളരെ ഒന്നും ഉണ്ടായില്ല. വറുഗീസിന്റെ ഭടന്മാർ പോരാട്ടത്തിനല്ല വായാട്ടത്തിനും ഒട്ടും പിന്നോക്കമായിരുന്നില്ലെന്നു വെളിവാക്കാൻ വേണ്ടി കുറച്ചുണ്ടായില്ലെന്നും പറഞ്ഞുകൂടാ. പറക്കമല്ലൻപണിക്കരുടെ ഉപസംഹാരപ്രസംഗം വറുഗീസ് ഇവിടെ പകർത്തികാണിച്ചിട്ടുണ്ട്. അതിങ്ങനെയായിരുന്നു. "എഴുന്നെള്ളുന്ന രണ്ടു തിരുമേനികളും രണ്ടു കുലങ്ങളുടെ പൂജനീയന്മാരായ വൈദികാധികാരികളാണെന്നും മറ്റെന്തെല്ലാം പ്രതികൂലന്യായങ്ങൾ പറവാനുണ്ടായിരുന്നാലും ഏതൊരവസരത്തിലും അന്യോന്യം ബഹുമാനിപ്പാൻ ഇതിലും മികച്ചതായ ഇതരകാരണങ്ങൾ അന്വേഷിക്കേണ്ടതില്ലെന്നും, രണ്ടു തിരുമേനികളുടേയും മാനത്തിനും പ്രതാപത്തിനും സൽകീർത്തിക്കും യോജിക്കാത്ത നിലയിൽ മെത്രാപ്പോലീത്തായെ ബലാൽക്കാരപൂർവം അപമാനിച്ചിട്ടു തിരുവനന്തപുരത്തേക്കു എഴുന്നെള്ളണമെങ്കിൽ പള്ളിബ്ബോട്ടു പമ്പയാറ്റിൽ കൂടെയല്ല, പമ്പയിലെ കട്ടച്ചോരപ്പുഴയിൽ കൂടി മാത്രമേ തെക്കോട്ടു പോകയുള്ളൂ എന്ന് മെത്രാപ്പോലീത്തായുടെ അംഗരക്ഷകസൈന്യത്തിന്റെ നായകൻ എന്ന നിലയിൽ പറക്കമല്ലൻപണിക്കർ വിടകൊള്ളുന്നു എന്നും" പണിക്കരുദ്ദേശിക്കുന്ന രണ്ടു കുലങ്ങളേതായിരിക്കാം? വറുഗീസിന്റെ അഭിലാഷം മററു പ്രകാരേണ അറിവുള്ളവർക്ക് അത് ഹിന്ദുക്രിസ്ത്യാനി രാജസ്ഥാനങ്ങളാണെന്നറിയാം. ഹിന്ദുരാജകുലത്തിലെ പ്രമുഖൻ അന്നു നാടുവാണിരുന്ന മഹാരാജാവായിരിക്കെ, വറുഗീസു കല്പിക്കുന്ന നസ്രാണിരാജകുലത്തിലെ പ്രമുഖൻ സാക്ഷാൽ യേശുക്രിസ്തു തന്നെ ആയിരിക്കാം. യേശുക്രിസ്തു രാജാവായിരുന്നുവെന്നുള്ളതിൽ ആർക്കും പക്ഷാന്തരമില്ലാത്തതാണ്. അതു അദ്ദേഹത്തിന്റെ വാക്യങ്ങൾകൊണ്ടു തന്നെ ഒട്ടേറെ പാതിരിമാർ സാധൂകരിച്ചതു കേട്ടിരിക്കാവുന്നതുമാണ്. വറുഗീസിന്റെ മെത്രാൻ യേശുക്രിസ്തുവിന്റെ കുലത്തിലെ വൈദികാധികാരിയാകയാൽ തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലേക്കു തുല്യനാണെന്നും,

അദ്ദേഹത്തിനെ വഴിമുടക്കാൻ ഭാവിച്ചാൽ അവരെ ഒക്കെ തങ്ങൾ വെട്ടിനുറുക്കി ആററിലിട്ടു കളയുമെന്നും ആണു വറുഗീസിവിടെ തന്റെ സേനാനായകനെക്കൊണ്ടു പറയിച്ചതു്.

പ്രസംഗം കഴിഞ്ഞതോടെ ലഹളയും തുടങ്ങിയിരിക്കുന്നു.

ലഹള ഉണ്ടായതു് സർവസൈന്യാധിപതിയായ മെത്രാപ്പൊലീത്തായുടെ ആജ്ഞ അനുസരിച്ചു് കാപ്റ്റൻ കത്തനാരുടെയും അംഗരക്ഷകനേതാവായ പറക്കമല്ലൻ പണിക്കരുടേയും ഉത്സാഹപ്രകാരവും ആണെന്നു വറുഗീസിവിടെ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ടു്. വറുഗീസിന്റെ ഭാഷയിൽ, എഴുന്നള്ളിയിരുന്ന ഒരു മെത്രാനെ അമ്പലപ്പുഴയിലെ അന്നത്തെ "ഇല്ലാത്ത തഹശീൽദാർ" "ബൗദ്ധന്മാരുടെ മെത്രാൻ" എന്നു പറഞ്ഞു ആക്ഷേപിക്കയും വഴിയിൽനിന്നു ഒഴിഞ്ഞുനിൽക്കാൻ ആവശ്യപ്പെടുകയും ചെയ്തു എന്ന ഒരു ചാർജ്ജു ചമച്ചുകൊണ്ടു്, അതിനു പ്രതിക്രിയ ചെയ്യുന്നഭാവത്തിൽ കേരളത്തിലെ ജനങ്ങളെ ചമ്പക്കുളത്താററിൽവച്ചു അടിച്ചുവെള്ളം കുടിപ്പിച്ചു വിടുകയാണു വറുഗീസു ചെയ്യുന്നതെന്നു നല്ലവണ്ണം ഓർമ്മിക്കുവാനുള്ളതാകുന്നു. ഒട്ടുവിലത്തെ കലാപം കഴിഞ്ഞുകൂടിയതെങ്ങനെയാണെന്നു വറുഗീസിന്റെ വാചകത്തിൽ ഇവിടെ പറഞ്ഞുകഴിഞ്ഞാൽ അയാളുടെ മഹാരഥന്മാരുടെ വീരകൃത്യം എപ്രകാരമായിരുന്നുവെന്നു വായനക്കാർക്കു ഗ്രഹിപ്പാൻ കഴിവുള്ളതാണു്. തഹശീൽദാർ, "പട്ടാളങ്ങളോടും കുഞ്ചൂട്ടക്കാരോടും കൂടി മെത്രാപ്പോലീത്തായുടെ പള്ളിബോട്ടിന്റെ മുൻപിൽ കിടന്നിരുന്ന അകമ്പടിവഞ്ചികളുടെ സമീപത്തേക്കുചെന്നു് അതുകളെ പിന്തിരിപ്പിപ്പാൻ ശ്രമിച്ചു. അല്പനിമിഷത്തിനുള്ളിൽ ഈ ശ്രമം ഒരു വലിയ ലഹളയുടെ ഛായയിൽ എത്തി. ലഹളയിൽ ഉൾപ്പെടേണ്ടിവന്ന കല്ലൂർക്കാട്ടുകാരുടെ രക്ഷയ്ക്കായി കാപ്റ്റൻ ഏതാനും ഭടന്മാരെ ഇതിനിടയിൽ അവിടേയ്ക്കു നിയോഗിച്ചു. മറുപക്ഷത്തുള്ള അകമ്പടിവള്ളങ്ങളെല്ലാം ലഹളയുണ്ടായ ഭാഗത്തേക്കു് ഞെരുങ്ങി ഞെരുങ്ങി സമീപിക്കുമ്പോൾ കോട്ടയം ഇടവകക്കാരുടെ അകമ്പടിവള്ളങ്ങളും സ്വപക്ഷത്തുള്ള മററുബോട്ടുകളും ജലവാഹനങ്ങളും പഴുതുകിട്ടുന്ന സ്ഥലങ്ങളിലൂടെ വടക്കോട്ടേയ്ക്കു വച്ചുപിടിച്ചുകൊള്ളണമെന്നായിരുന്നു അദ്ദേഹത്തിന്റെ ചട്ടംകെട്ടു്. പ്രതീക്ഷിരുന്നതുപോലെ തന്നെ ലഹളയുടെ ഭയങ്കരത്വത്തെ വർദ്ധി

പ്പിക്കുമാറു് അമ്പലപ്പുഴ തഹസീൽദാരുടെ ഭാഗത്തുള്ള വഞ്ചികളെല്ലാം സ്വപക്ഷക്കാരുടെ സഹായത്തിനായി അവിടേയ്ക്കു നീങ്ങുന്നതിനിടയിൽ മെത്രാപ്പോലീത്തായുടെ പക്ഷത്തുള്ള ജലവാഹനങ്ങളെല്ലാം സാവധാനം വടക്കോട്ടുനീങ്ങിത്തുടങ്ങി. മറുപക്ഷക്കാരുടെ ശ്രദ്ധ മുഴുവൻ ലഹളസ്ഥലത്തായിരുന്നതിനാൽ ഈ കഥ ആരും തന്നെ അത്ര ചിന്തിക്കുവാനുണ്ടായില്ല. 'ലഹള, മിക്കവാറും തീരപ്രദേശത്തോടടുത്ത ഒരു സ്ഥലത്തായിരുന്നതുകൊണ്ടു് കരയ്ക്കു ചാടിയ അലകളുടെ ഇടയിൽ ഞൊടിക്ഷണേന വ്യാപിച്ചു. ഈ ലഹളയിൽ ഉൾപ്പെട്ട ഏതാനും അംഗരക്ഷകഭടന്മാരിൽ അത്യധികം ശൌര്യവീര്യപരാക്രമം കാണിച്ച ആൾ പടപൊടിപ്പൻ ചാണ്ടി ആയിരുന്നുവത്രേ. അയാൾ കുറച്ചുസമയത്തിനിടയിൽ വമ്പിച്ച ധീരകൃത്യങ്ങൾ കാട്ടി പട്ടാളക്കാരും കുഞ്ചൂട്ടക്കാരും തഹശീൽദാരും നിലകൊണ്ടിരുന്ന ഏതാനും വഞ്ചികൾ പമ്പയാററിൽ താഴ്ത്തിക്കളഞ്ഞു. കല്ലൂക്കാട്ടുകാരുടെയും ഏതാനും വള്ളങ്ങൾ കമഴ്ന്നുപോകയുണ്ടായി. ഇത്രയും ആയതോടുകൂടി ലഹള ഒരുവിധം അവസാനിച്ചു. പട്ടാളക്കാരില്ല ഒട്ടധികംപേർ പ്രാണരക്ഷയ്ക്കായി പൊങ്ങിക്കിടന്നവഞ്ചികളിൽതൂങ്ങിപ്പിടിച്ചു കിടന്നു. തഹശീൽദാരും ചില പട്ടാളക്കാരും കുഞ്ചൂട്ടക്കാരിൽ ചിലരും ഒരു വിധത്തിൽ നീന്തിക്കരയ്ക്കണഞ്ഞു രക്ഷപ്പെട്ടു."

എൻെറ വറുഗീസേ, ഇതിൽപരം വിചിത്രമായ ഒരു വിവരണം എഴുതിവയ്ക്കുവാൻ ആക്കും കഴിവുള്ളതല്ല. പമ്പയാററിൽ തിങ്ങിഞെരുങ്ങി ഇളകാതെ കിടന്നിരുന്നവെന്നു് മുൻകൂട്ടിപറഞ്ഞുവച്ചിരുന്ന ബോട്ടുകളും വള്ളങ്ങളും വറുഗീസിൻെറ ആവശ്യംപോലെ അങ്ങോട്ടും ഇങ്ങോട്ടും നീങ്ങിത്തുടങ്ങിയത്രേ! വറുഗീസുജ്ജൽപിക്കുന്ന ലഹളയിൽ ഉൾപ്പെടേണ്ടിവന്നതു കല്ലൂക്കാട്ടുകാരാണെന്നു അയാൾ ഇവിടെ സ്വയംസമ്മതിച്ചുകഴിഞ്ഞു. കല്ലൂക്കാട്ടുകാരെ അകമ്പടി സേവിക്കാൻ കൂട്ടിയപ്പോൾ തന്നെ ഇതാണയാളുടെ ഉദ്ദേശമെന്നു് ഊഹിച്ചിരുന്നതു തെററിയില്ല. കല്ലൂക്കാട്ടുകാരെ ലഹളയ്ക്കു വിട്ടതുകൊണ്ടുമാത്രം വറുഗീസിൻെറ ബുദ്ധിസാമർത്ഥ്യം നിലച്ചില്ല. അവരോടെതിരിട്ടുവാൻ നമ്പൂതിരിപ്പാട്ടിലെ അകമ്പടിക്കാരെല്ലാം ഒരിടത്തു കൂടുമ്പോൾ മറുവഴിയെ ഒളിച്ചുകടന്നുകൊള്ളണമെന്നു മെത്രാൻെറ ആൾക്കാരെ അയാൾ ശട്ടംകെട്ടുകയും ചെയ്തിരുന്നു. അങ്ങോട്ടുമിങ്ങോട്ടും അ

നത്താൽപോലും തരമില്ലാത്തവണ്ണം അവിടെ കൂടിയിരുന്ന ജലവാഹനങ്ങൾ യഥേഷ്ടം നീങ്ങിത്തുടങ്ങിയതു വിചിത്രം; കല്ലുക്കാട്ടുകാരെക്കൊണ്ടു നമ്പൂതിരിപ്പാട്ടിലെ ആൾക്കാരെ ആശേഷം അടിച്ചു സ്വൈരാക്കിക്കളയാമെന്നു കരുതിയതു് അതിലും വിചിത്രം; വറുഗീസു കരുതുന്നതുപോലെ പഴുതുണ്ടാകാൻ നമ്പൂതിരിപ്പാട്ടിലെ അകമ്പടിവള്ളങ്ങൾ എല്ലാം ഒന്നിനമീതെ ഒന്നായി ഒരുവശത്തേക്കു നീങ്ങിക്കൊള്ളുമെന്നു കരുതിയതും, അപ്പോൾ കിട്ടുന്നതരം ഉപയോഗിച്ചു്, വറുഗീസിൻെറ വീര്യശൗര്യനിധികളായ മെത്രാൻകക്ഷിക്കാർ ഒളിച്ചുപൊയ്ക്കൊള്ളുന്നതു മാനമാണെന്നു സങ്കല്പിച്ചതും അതിലേറെ വിചിത്രം! ലഹള മിക്കവാറും തീരപ്രദേശത്തോടടുത്തായിരുന്നു എന്നും അതുകൊണ്ടു അതു കരയ്ക്കുകൂടി ക്ഷണേന പടർന്നുപിടിച്ചു എന്നും വറുഗീസു പറഞ്ഞിരിക്കുന്നു. നമ്പൂതിരിപ്പാട്ടിലെ പേരും പറഞ്ഞു കരയ്ക്കുണ്ടായിരുന്നവരെക്കൂടി അടിച്ചുപദ്രവിക്കാൻ അയാൾക്കു കൂസലുണ്ടായിരുന്നില്ലെന്നല്ലേ ഇതു വെളിവാക്കുന്നതു്? പടവെടിപ്പുൻ ചാണ്ടിയായിരുന്നു അധികം ശൗര്യവീര്യപരാക്രമം കാണിച്ചതെന്നു ഇവിടെ വറുഗീസു പ്രത്യേകം നോട്ടുചെയ്തിരിക്കുന്നു. ആ പെടിപ്പുരമായി ഈ പൊടിയരിക്കാരനു വല്ല പകർച്ചയോ വേഴ്ചയോ ഉണ്ടായിട്ടായിരിക്കാം അയാളിവിടെ അതു് ചെയ്തതു്! നമ്പൂതിരിപ്പാട്ടിലെകക്ഷിക്കാരെല്ലാം വെള്ളത്തിൽ വീണു. വറുഗീസുനിർമ്മിച്ച തഹശീൽദാരേയും കുഞ്ചുട്ടകാരേയും അക്കൂട്ടത്തിൽ പെട്ടുത്തിയിരിക്കയാണു്. അവരിൽ ചിലർ പൊങ്ങിക്കിടന്നിരുന്ന വഞ്ചികളിൽ തൂങ്ങിപ്പിടിച്ചും മറ്റു ചിലർ ഒരു വിധം നീന്തികരയ്ക്കണഞ്ഞും രക്ഷപ്പെട്ടുപോലും!!

വറുഗീസ് ഇനി എഴുതിയിരിക്കുന്ന ഒരു ഖണ്ഡികയിലാണു് അയാളുടെ പരിപൂർണ്ണവിജയം കുറിച്ചിരിക്കുന്നതു്. അതിതാണു്. "ഈ സന്ദർഭത്തിൽ അന്തരീക്ഷമണ്ഡലംകൂടി ഭേദിക്കുമാറു് അത്യുച്ചത്തിൽ പൊന്തിയ വാദ്യമേളസമ്മേളിതവും വിജയാഘോഷസൂചകവുമായ ഒരു ആർപ്പുവിളി നമ്പൂതിരിപ്പാട്ടിലെ പള്ളിബോട്ടിൻെറ പാർശ്വഭാഗത്തായി കേൾക്കപ്പെടുകയും അദ്ദേഹം കിളിവാതിലിൻെറ പഴുതിലൂടെ വെളിയിലേക്കു നോക്കുകയും ചെയ്തു. മെത്രാപ്പോലീത്തായുടെ ബോട്ടും അകമ്പടി ബോട്ടുകളും മറ്റു അകമ്പടി വാഹനങ്ങളും ഉരുവശ

ത്തുകൂടെയും വളരെ ധീരതയോടുകൂടി തങ്ങളെ അതിലംഘിച്ചുകൊണ്ടുപോകുന്നതായിട്ടാണദ്ദേഹം കണ്ടതു്. എല്ലാററിലും ഒടുവിലായി കടന്നുപോയ ചുണ്ടൻവള്ളം കല്ലൂക്കാട്ടുകാരെ യാത്ര അയച്ചിട്ടു മെത്രാപ്പോലീത്തായെ അനുഗമിക്കുന്ന പടപ്പൊടിപ്പൻ ചാണ്ടി തുടങ്ങി ലഹളയിൽ പങ്കെടുക്കുന്ന അംഗരക്ഷകവിഭാഗം കയറിയതായിരുന്നു.” നമ്പൂതിരിപ്പാട്ടിലെ—ഹിന്തുക്കളെ—പോരാ തിരുവിതാംകോട്ടുരാജാവിനെ— കീഴടക്കിയ അർപ്പുവിളിയാണു വറുഗീസിവിടെ വിളിച്ചതു്. അതു് വാദ്യമേളസമ്മേളിതവും വിജയാഘോഷസൂചകവും ആയിരുന്നു. നമ്പൂതിരിപ്പാട്ടിലെയും കൂട്ടരെയും തൃപ്തിവരുമാറു അപമാനിച്ചു കഴിഞ്ഞു എന്നഹങ്കരിക്കുന്ന വറുഗീസേ, ലഹള കരയ്ക്കുടതെ സ്ഥലത്തായിരുന്നാൽ, പഴുതുണ്ടായ ഇരുവശങ്ങളിലൂടെ മെത്രാന്റെ വഞ്ചികൾ കടന്നുപോകുന്ന വിദ്യ എവിടെ പഠിച്ചതാണു്? മെത്രാനെ എതിരേൽക്കാൻ വന്ന കല്ലൂക്കാട്ടുകാരെ യാത്രയയച്ചെന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം എന്താണു്? യാത്രയയപ്പിന്റെ ചട്ടവട്ടങ്ങളാണോ ഇതേവരെ വിവരിച്ചതെന്നു മനസ്സിലാകുന്നില്ല. ഇങ്ങനെ വറുഗീസു കരുതിയ വിധത്തിൽ ചാമ്പക്കുളത്താററിലെ കലാപം മെത്രാൻകക്ഷികൾക്കു സർവഥാ വിജയമായും നമ്പൂതിരിപ്പാട്ടുകക്ഷിക്കു അതുപോലെ പരാജയമായും കലാശിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ!

## വിചാരണാവസരം.

കലാപം ഇങ്ങനെ കഴിഞ്ഞു. മെത്രാനും കൂട്ടരും ഒളിച്ചു തന്നെ വടക്കോട്ടു വച്ചുപിടിച്ചു. തരണനല്ലൂർനമ്പൂതിരിപ്പാട്ടിലേക്കു് അതു വളരെ സങ്കോചത്തിനു കാരണമായെന്നു പറയേണ്ടതില്ലല്ലോ. അതിനു അദ്ദേഹം നിശ്ചയിച്ചതായി വറുഗീസു പറയുന്ന പരിഹാരമാണു വളരെ വിശേഷമായിട്ടുള്ളതു്. “അദ്ദേഹം, തഹശീൽദാരോടായി അകമ്പടിവാഹനങ്ങളോടുകൂടി അയാൾ മടങ്ങിപ്പൊയ്ക്കൊള്ളുന്നതിനും തന്റെ ബോട്ടു ക്ഷണത്തിൽ തരണനല്ലൂരേക്കു തിരിച്ചുവിടുന്നതിനും കല്പനകളരുളി” വത്രെ. ക്ഷേത്രത്തിൽ കൊടിയേററിനു പുറപ്പെട്ട നമ്പൂതിരിപ്പാടു് തന്റെ എതിരെ വന്ന ചിലർ ആഭാസത്വം പ്രവർത്തിച്ച

ത്തുകണ്ടു കൃത്യലോപം വരുത്തിയെന്നു വായനക്കാർ വിശ്വസി ക്കണമെന്നാണ് വറുഗീസിന്റെ അഭിപ്രായം. "എന്തുതന്നെ ആയി രുന്നാലും അപകീർത്തികരമായ ഈ ധിക്കാരകൃത്യത്തിനു ഒരു പരിഹാരമുണ്ടായിട്ടേ താൻ ഇനി തിരുവനന്തപുരത്തിനു യാത്ര യൊള്ളൂ" എന്നാണത്രെ നമ്പൂതിരിപ്പാട്ട തീർത്തുപറഞ്ഞതു്. ഗ ത്യന്തരമില്ലാതെ വിഷമിച്ച അദ്ദേഹത്തിന്റെ സഹചാരിക ൾ ചിലർ തിരുവനന്തപുരത്തു വിവരം അറിയിക്കാനും മറ്റു ചി ലർ നമ്പൂതിരിപ്പാടിനെ അനുഗമിക്കാനും നിശ്ചയിച്ചു.

തിരുവനന്തപുരത്തേക്കു അതിശീഘ്രത്തിൽ പോയ ബ്രാ ഹ്മണരെ, വറുഗീസ് എന്തോ മായ കാട്ടി ഇടയ്ക്കു വിഴുങ്ങിക്ക ളഞ്ഞതുകൊണ്ടായിരിക്കാം അവർ കൊടിയേററുമുഹൂർത്തത്തിനു മുൻപ് അവിടെ ചെന്നുചേരാഞ്ഞതു്. നമ്പൂതിരപ്പാട്ട് നി ർദ്ദിഷ്ടസമയത്തിനു മുൻപു തിരുവനന്തപുരത്തു ചെല്ലാൻ പു റപ്പെട്ടതായിരുന്നു. ഇടയ്ക്കു വച്ചുണ്ടായ കലാപം ദീർഘനേര ത്തേക്കുണ്ടായിരുന്നില്ല. അവിടെ നിന്നു സത്വരിയിൽ വിവ രം തെര്യപ്പെടുത്താൻ അയച്ച ആളുകൾ മുഹൂർത്തസമയത്തി നു അല്പം മുൻപു മാത്രമേ തിരുവനന്തപുരത്തെത്തിയുള്ളൂ എ ന്നു വറുഗീസിവിടെ പറയുന്നില്ല് കൊടിയേററു മുടങ്ങിപ്പോകു മെന്നു ഭയപ്പെട്ടുന്ന മഹാരാജാവിന്റെ ദയനീയാവസ്ഥ ക്രുടി ഒന്നു വർണ്ണിക്കേണ്ട ആവശ്യത്തിലേക്കാണെന്നു വായനക്കാർ സ മാധാനപ്പെട്ടുകൊള്ളുമല്ലോ. മഹാരാജാവു് നമ്പൂരിപ്പാട്ടിലെ സമാധാനിപ്പിക്കാനും, വീണ്ടും അദ്ദേഹത്തെ തിരുവനന്തപുര ത്തു വരുത്താനും ആയി സർവാധികാര്യക്കാരെ ഇരിങ്ങാലക്കുട ക്കയച്ചുവത്രെ! ഇതിനും പുറമേ തരണനല്ലൂർനമ്പൂരിപ്പാട്ടി ലെ ബഹുമതികരിനമായി അപമാനിച്ചിരിക്കുന്നതിനെ സംബ ന്ധിച്ച മതിയായ സമാധാനം ബോധിപ്പിക്കുന്നതിനു് അററാ ട്ടു കഴിഞ്ഞു വരുന്ന ബുധനാഴ്ച്ചപതിനൊന്നു നാഴിക പുലച്ചു മെത്രാപ്പൊലീത്തായും കാര്യസ്ഥൻകത്തനാരും തിരുവനന്തപുര ത്തു വലിയ സർവാധികാര്യക്കാരുടെ കച്ചേരിയിൽ ഹാജരായി കൊള്ളണമെന്നു കാണിച്ചു വലിയ സർവാധിഉദ്യോഗം വഹി ച്ചിരുന്ന അയ്യപ്പൻ ചെമ്പകരാമൻപിള്ളയുടെ വകയായി ഒരു ചട്ടെഴുത്തു മെത്രാപ്പൊലീത്താക്കു കോട്ടയത്തേക്കും അയച്ചു" ഇ താണു വറുഗീസിന്റെ അടുത്ത വാചകം. വറുഗീസുതന്നെ

മുൻപ് പ്രതിപാദിച്ചിട്ടുള്ളപ്രകാരം അമ്പലപ്പുഴ അരിത്തിയിൽ വച്ചും, ആ താല്ക്കാലികാധികാരിയുടെ മുൻപാകെ വച്ചും രാജാജ്ഞയെ ധിക്കരിക്കുകയും, രാജപുരുഷന്മാരെ അടികലശൽ ചെയ്തുപദ്രവിക്കുകയും ചെയ്ത അപരാധികളുടെ മേൽ അന്നത്തെ തിരുവിതാംകോട്ട രാജസ്ഥാനം ഊർജ്ജിതമായിച്ചെയ്ത മേൽനടപടികളുടെ പ്രാരംഭമാണ് വറുഗീസിവിടെ കാണിച്ചിട്ടുള്ളത്. താഹശീൽദാരെയും പോലീസുകാരേയും അടികലശൽ ചെയ്കയും, തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലെ അപമാനിക്കയും ചെയ്ത ആളുകളുടെ മേൽ കേസ് എടുക്കുന്നതു സർവാധികാര്യക്കാരുടെ ചുട്ടെഴുത്തിൻപ്രകാരം വേണമെന്നു നിശ്ചയിച്ചതു് അപരാധികളുടെ പ്രഭാവാധിക്യത്തെയോ അപരാധത്തിന്റെ കാഠിന്യത്തെയോ ഏതിനെ പ്രമാണിച്ചാണെന്നു വ്യക്തമല്ല. എങ്കിലും ഇങ്ങനെ ഒരു നടപടിക്രമം വറുഗീസല്ലാതെ മററാരും ഊഹിക്കുകപോലും ചെയ്യാത്തതാണെന്നു തീർച്ചയാകുന്നു. മെത്രാന്റെയും കാര്യസ്ഥന്റെയും സ്ഥാനമാനാതി പരിഗണിച്ചാണ് വറുഗീസ് ഇവിടെ അവരെ രാജകീയകോടതിയിൽ വരുത്താൻ ഉദ്ദേശിക്കുന്നതു്. സർവാധികാര്യക്കാർ മെത്രാപ്പോലീത്തായ്ക്കയച്ചിരുന്നതു് ചുട്ടെഴുത്താണത്രെ. ആ സർവനാമങ്ങളുടെ കൂട്ടത്തിൽ ഒന്നായി വ്യാകരണത്തിൽ കാണിച്ചിട്ടുള്ളതാകയാൽ എന്തെന്നു വിവരമില്ലാത്തിടത്തൊക്കെ പ്രയോഗിക്കാൻ വറുഗീസായ സാഹിത്യസമ്പന്നനു തരമുള്ളതാണ്. മെത്രാന്റെ പേരിലുള്ള കേസു വിസ്തരിക്കാൻ തീയതി നിശ്ചയിച്ചിരുന്നില്ലത്രേ. കഷ്ടം! വല്ലതും ഒരു തീയതികൂടി കുത്തിത്തിരുകി തന്റെ ചരിത്രം സർവതോഭദ്രമാക്കി കാണിക്കാൻ കഴിയാഞ്ഞതു പോരായ്മയായിപ്പോയി. ഇടക്കിടയ്ക്കു ചില തീയതിയും നാളും പക്കവും ഒക്കെ കിറുകൃത്യമായി തട്ടിമൂളിക്കയും, മെത്രാന്റെ പല്ലക്കും വടിയും എടുത്തവന്റെയും, എഴുന്നള്ളത്തു വഴിയിൽ വിളക്കുകൊളുത്തിവച്ച പെമ്പിളമാരുടെയും പേരുകൾ കൂടി ഓർത്തെഴുതുകയും ചെയ്യുന്ന വറുഗീസിനു് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ആറാട്ടിനെപ്പററി നിശ്ചയമില്ലായ്കയാലാണ് ആറാട്ടുകഴിഞ്ഞുവരുന്ന ബുധനാഴ്ചയെന്നു ദിവസം നിശ്ചയിച്ചതു്. കറെവിചാരണക്കു ദിവസം നിശ്ചയിക്കുന്നതിനുകൂടി മെത്രാന്റെ സം

ബന്ധിച്ചാകുമ്പോൾ ഒരു പ്രത്യേകരീതിയിലാണെങ്കിലേ വറുഗീസിനു തൃപ്തിയാകയുള്ളു.

ഒരു ശനിയാഴ്ച മെത്രാനു പൂട്ടെഴുത്തു കിട്ടി: "പിറേറന്നു ഞായറാഴ്ച പള്ളിയിൽ കൂടിയ കോട്ടയം ഇടവകക്കാരെ ഈ വൃത്താന്തം വല്ലാതെ ക്ഷോഭിപ്പിച്ചുവത്രെ." ഇവിടെ വറുഗീസു നല്ല ഭാരം തൂങ്ങുന്ന ഒരു വാചകം എഴുതി തൃപ്തിപ്പെട്ടിട്ടുണ്ടു. അതിതാണു്. മലങ്കരനസ്രാണികൾക്കും "അവരുടെ മെത്രാപ്പോലീത്തമാർക്കും കേരളഭൂപാലന്മാർ കൃതജ്ഞതാസൂചകമായി അനുവദിച്ചുകൊടുത്തിട്ടുള്ളതും നസ്രാണികൾ പണ്ടുമുതൽക്കേ അനുഭവിച്ചും ആദരിച്ചും വരുന്നതുമായ അവകാശങ്ങളും ആചാരങ്ങളും നടപ്പുകളും മഹാരാജാവുതിരുമനസ്സിലെ കുലഗുരുവാണെന്നുള്ള ഏകകാരണത്താൽ തരണനല്ലൂർ നമ്പൂതിരിപ്പാട്ടിലെ ദുരഹങ്കാരദൂഷിതമായ ദുരഭിമാനത്തിനു ബലികഴിക്കുന്നതിനുവേണ്ടിയോ എന്നു തോന്നുമാറു കീഴ്നടപ്പനുസരിച്ചു പമ്പയാററിൽ കൂടിയുണ്ടായ മെത്രാപ്പോലീത്തായുടെ യാത്രയെ ഗുരുതരമായ ഒരു വിസ്താരത്തിനു വിഷയമാക്കിത്തീർപ്പാൻ തിരുചിത്തം കുർസക്കാർ വെളിപ്പെട്ടതിനെപ്പററി പഴമപരിചയവും കാര്യജ്ഞാനവുമുള്ള വൃദ്ധന്മാരെല്ലാം മൂക്കിൽ വിരൽവച്ചു." ഈ വാചകം വറുഗീസു വളരെ ആലോചിച്ചു എഴുതിയിട്ടുള്ളതാണു്. അതിൽ ഏതോ ഒക്കെ വലിയ സംഗതികൾ കടന്നിരിക്കയിട്ടുണ്ടെന്നാണു് ഭാവം. എന്നാൽ വെറും വാഗ്ജാലമല്ലാതെ കാര്യമായി ഒന്നും അതിൽ കാണുന്നില്ലെന്നു വിവരമുള്ളവർക്കറിയാം. വറുഗീസിവിടെ കേരളഭൂപാലന്മാർ എന്നു നിർദ്ദേശിച്ചിരിക്കുന്നതു ആരെയാണാവോ. കേരളം ഭരിച്ചിരുന്ന രാജാക്കന്മാരെ ആണെങ്കിൽ അവർ പെരുമാക്കന്മാരായിരിക്കണം. അവരുടെ കാലശേഷം കേരളത്തിന്റെ സർവാധിപതികളെന്നു വിചാരിക്കപ്പെട്ടുപോന്ന ചക്രവർത്തിമാർ ഒന്നോ രണ്ടോ മാത്രമേ ഉള്ളു. അവരിലാരെങ്കിലും മലങ്കരനസ്രാണികളുമായി വല്ല കരാറുകളും ചെയ്തിട്ടുള്ളതായി ചരിത്രം ഗ്രഹിപ്പിക്കുന്നില്ല. എവിടെയും ഏതു നസ്രാണികൾക്കും കച്ചവടസംബന്ധമായോ മററാ അവർ നേടിയിരുന്ന പ്രാമുഖ്യംകണ്ടു ആദരിച്ചു അന്നത്തെ നാടുവാഴികൾ ചില സ്ഥാനമാനങ്ങൾ നൽകുകയും ആ വിവരം രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി

ങ്ങളും കേൾക്കാറില്ല. എന്നാൽ അതിലൊന്നും വറുഗീസിന്റെ സമുദായം ഇത്ര വീറും ശൌൎയ്യവും കാണിക്കാൻ ഉള്ള കാൎയ്യമൊന്നുമില്ല എന്നാലോചിച്ചാൽ അറിയാം. നസ്രാണികളുടെ അവകാശങ്ങളല്ല, ആചാരങ്ങളല്ല, നടപ്പുകളുംകൂടി പണ്ടുമുതലേ രാജാക്കന്മാർ കൃതജ്ഞതാസൂചകമായി അനുവദിച്ചുകൊടുത്തതാണെന്നു പറഞ്ഞാൽ അതിലെന്താണൎത്ഥമുള്ളതു്? നസ്രാണി സമുദായത്തിന്റെ അവകാശങ്ങൾ, ആചാരങ്ങൾ, നടപ്പുകൾ എന്നിവയിൽ എന്തെല്ലാം ഉൾപ്പെട്ടുമോ എന്തോ? ഏതായാലും രാജാക്കന്മാർ തന്നെ തങ്ങളുടെ വിശ്വാസാചാരനടപടികളുടെ പ്രതിഷ്ഠാപകന്മാരായുള്ള സമുദായങ്ങൾ ലോകത്തിൽ വളരെ ഉണ്ടോ എന്നു സംശയിക്കണം. കോട്ടയം ഇടവകയിലെ പഴമ പരിചയവും ജ്ഞാനവും ഉള്ള വൃദ്ധന്മാർ മൂക്കിൽവിരൽ തിരുകാൻ തുടങ്ങിയതോടെ കാൎയ്യത്തിന്റെ മട്ടൊന്നു മാറിവീണതു കൂടി വായനക്കാർ ഓൎമ്മിക്കാനുള്ളതാണു്. ഇതേവരെ അമ്പലപ്പുഴത്തഹശീൽദാരായ പരദേശബ്രാഹ്മണൻ മെത്രാപ്പോലീത്തായെ ബഹുമാനിക്കാതെ ഏതോ വഷളത്തം കാണിച്ചുഎന്നായിരുന്ന ചാൎജ്ജ്. ഇപ്പോൾ അത്തരണനല്ലൂർനമ്പൂതിരിപ്പാട്ടിലെ ദുരഹങ്കാരദൂഷിതമായ ദുരഭിമാനത്തിലേക്കു മാററിസ്ഥാപിച്ചിരിക്കയാണു്. മഹാരാജാവുതിരുമനസ്സിലെ കുലഗുരുവിന്റെ ദുരഹങ്കാരദൂഷിതമായ ദുരഭിമാനത്തെ ഇത്രാലനസ്വരത്തിൽ അധിക്ഷേപിക്കാനുള്ള ചോട്ടപാറങ്ങൾ തങ്ങളുടെ ഇടവക അച്ചന്മാർ തുടങ്ങി വലിയ ബാവാവരെയുള്ള കുലഗുരുക്കന്മാരുടെ കുററവും കുറവും അപ്പോഴപ്പോൾ എടുത്തുപറഞ്ഞു സമ്മാനം വാങ്ങിയും പഠിച്ചതായിരിക്കാനാണിട. വറുഗീസിന്റെ കുലഗുരുക്കന്മാൎക്ക സദഹങ്കാരദൂഷിതമായ ദുരഭിമാനമോ, ദുരഹങ്കാരദൂഷിതമായ സദഭിമാനമോ എന്തോ ഒരു പ്രത്യേകജാതിയിൽ ഉണ്ടായിരിക്കണമെന്നും അനുമാനിക്കാവുന്നതാണു്. കോട്ടയത്തെ കാൎയ്യജ്ഞാനമുള്ള വൃദ്ധന്മാർ മൂക്കിൽ വിരൽതിരുകിക്കയററിയതു് തിരുവിതാംകൂർ സൎക്കാരിനു തങ്ങളുടെ വലിയമെത്രാപ്പോലീത്തായുടെമേൽ ഒരു അപരാധവിചാരണചെയ്യുവാൻ ധൈൎയ്യം ഉണ്ടായതുകൊണ്ടാണു്! അതിനു ഇത്രധൈൎയ്യം ഉണ്ടാകാമോ എന്നാണു് വറുഗീസിന്റെ വൃദ്ധന്മാർ അമ്പരക്കുന്നതു്. ഏതായാലും വൃദ്ധന്മാരും കാൎയ്യസ്ഥൻ പരന്മാരും കൂടി കൈ

യോടെ ഒരു പരിഹാരം കണ്ടുവച്ചു! മെത്രാന്റെയും കാര്യസ്ഥ
ന്റെയും പേരിലുള്ള അപരാധം വലിയ സർവാധികാര്യക്കാ
രുടെ മുമ്പാകെ വിചാരണയ്ക്കു വച്ചിരിക്കുന്നതുപോലും അവർക്കു
സഹിച്ചുകൂടാതായി. ശ്രീ മഹാരാജാവിന്റെ തിരുമുമ്പാകെ
തന്നെ വിചാരണയ്ക്കുവയ്ക്കണമെന്നവർ താല്പര്യപ്പെട്ടു. ആ വി
വരം അവിടെ അറിയിക്കുന്ന ഒരപേക്ഷയിൽ ആജ്ഞാപനരൂ
പത്തിലുള്ള ഒരു ഉപദേശംകൂടി എഴുതിച്ചേർക്കുവാൻ അവർ
ധൈര്യപ്പെട്ടിട്ടുണ്ട്. സ്ഥാനമാനസംബന്ധമായ ഒരു കാര്യമാ
ണ് വിചാരണയ്ക്കു വിഷയമാകുന്നതെന്നുള്ളതാണത്രെ അവരു
ടെ ഈ പുതിയ ആഗ്രഹത്തിനുകാരണം. ചില ഉൽപാത
ങ്ങളെപ്പോലെ വറുഗീസിന്റെ സമുദായത്തെ ചിലപ്പോൾ ഇള
ക്കിമറിക്കാറുള്ള വട്ടിപ്പണക്കേസ് പണത്തെ മാത്രം ബാധിക്കു
ന്നതല്ലെന്നുള്ള പ്രസ്താവം ശരിയാണെങ്കിൽ—ചില മുടക്കുകളും,
കാനോനിലെ തിരുത്തലുകൾകൊണ്ടുണ്ടായ അവകാശമാറ്റങ്ങ
ളും മറ്റും ആണ് അതിലെ വിവാദപരിധിയിൽ പെടുന്ന
തെങ്കിൽ—ആ കേസ് മഹാരാജാക്കന്മാരുടെ തിരുമുമ്പാകെയാ
ണോ വിചാരണയ്ക്കു വച്ചിട്ടുള്ളതെന്നു പറഞ്ഞുതന്നാൽ കൊ
ള്ളാം. വട്ടിപ്പണക്കേസ്സിന്റെ വിചാരണ ഇന്നത്തേതിലും ബ
ഹുമാന്യമായവിധത്തിൽ വല്ല രാജകീയകോടതികളിലും ആ
കാതെ പോയതു കോട്ടയത്തെ കാര്യജ്ഞാനമുള്ള വൃദ്ധന്മാരുടെ
യും, കാര്യസ്ഥൻകത്തനാരുടെയും കാലം കഴിഞ്ഞുപോയതുകൊ
ണ്ടായിരിക്കണം. വറുഗീസിനു ഇത്രത്തോളം പഴമപരിചയ
വും, നീതിബോധവും ഉള്ളമുറയ്ക്കു വട്ടിപ്പണക്കേസിന്റെ ഇ
പ്പോഴും മുളച്ചുപൊങ്ങിയിരിക്കുന്ന നവീനശാഖയുടെ വിചാര
ണ അയാൾ കരുതുന്നതുപോലെ കുറേക്കൂടി അഭിമാനകരമായ
തരത്തിൽ ആക്കാൻ ശ്രമിക്കാതെ ഇരിക്കുന്നതെന്താണാവോ?
ആയിരത്തൊന്നാളുകളുടെ വകയായി ആരോ ചിലർ കൂടി
കള്ളൊപ്പിട്ടുകൊട്ടാരത്തിലേക്കയച്ച അപേക്ഷയിൽ പ്രകടിപ്പി
ച്ചിരുന്ന പ്രത്യേകമായ വിശ്വാസം ഇതായിരുന്നു. "തിരു[illegible]ം
കോട്ടെ സർവപ്രജകളും നാടുവാഴുന്ന പൊന്നുതമ്പുരാന്റെ വാ
ത്സല്യസന്താനങ്ങളായതിനാൽ തിരുമനസ്സിലെ നിഷ്പക്ഷബു
ദ്ധിയേയും വിവേചനാശക്തിയേയും ഹനിപ്പിക്കത്തക്കവണ്ണം
ഏതെങ്കിലും ഒരു പ്രത്യേകബന്ധത്തിനോ പേരിവാഴ്ചത്തിനോ

തിരുമനസ്സുകൊണ്ടു ഗുരുത്വം കല്പിച്ചു് ഒരു വിധിത്തീർപ്പു് എഴുതുകയില്ലെന്നു ഞങ്ങൾക്കു ദൃഢവിശ്വാസമുണ്ടു് . . . . . "ഇത്ര കവിഞ്ഞ ഒരു തോതിൽ ഞങ്ങൾക്കു ഞങ്ങളുടെ പൊന്നുതമ്പുരാനിലുള്ള വിശ്വാസത്തെ അപ്പോഴപ്പോൾ പ്രകടിപ്പിക്കുന്നതാണു്, വറുഗീസിന്റെ ഭാഷയിൽ രാജഭക്തി എന്നുകൊണ്ടാടപ്പെടുന്നതു് എന്നു തൽക്കാലം വിചാരിച്ചാൽ മതി. മറിച്ചാണു്, നാടുവാഴി രാജാവിന്റെ വിധിത്തീർപ്പെങ്കിൽ അതു സ്വീകരിച്ചു കൈക്കൊൾവാൻ വറുഗീസിന്റെ വയസ്സന്മാരായ വൃദ്ധന്മാർക്കും കാര്യസ്ഥൻകത്തനാരായ കത്തനാരു കാര്യസ്ഥനും മനസ്സില്ലായിരുന്നു എന്നുകൂടി അപേക്ഷയിൽ എഴുതാതിരുന്നതു ഭംഗിയായില്ല എന്നു പറയേണ്ടിയിരിക്കുന്നു ഏതായാലും "ഇതിനു മഹാരാജാവു തിരുമനസ്സുകൊണ്ടു അവരുടെ അപേക്ഷയെ കല്പിച്ചു് അനുവദിച്ചിരിക്കുന്നതായി വലിയ സർവാധികാര്യക്കാരുടെ ഒരു മറുപടി എട്ടാംദിവസം കോട്ടയത്തു ഇടവഴിക്കൽ (താടിക്കാരൻ) കുഞ്ചെറിയ എന്ന ആളിനു കിട്ടി" എന്നു വറുഗീസു പറഞ്ഞിട്ടുള്ളതുകൊണ്ടു നമുക്കു സമാധാനപ്പെടാം. അപേക്ഷ അനുവദിക്കുന്നതു വറുഗീസിനു പിടിത്തമല്ലാത്തതുകൊണ്ടാണു് അപേക്ഷയെ കല്പിക്കുന്നതെന്നും, ഇടവഴിക്കൽ പല കുഞ്ചെറിയമാർ ഉണ്ടായിരുന്നതിൽ ഒരാളെ പ്രത്യേകം നിർദ്ദേശിക്കാനാണു "താടിക്കാരൻ" എന്നു വലയത്തിനുള്ളിൽ ചേർത്തിരിക്കുന്നതെന്നും സമാധാനപ്പെടാം.

## തിരുമനസ്സിലെ മുൻപാകെ.

മഹാരാജസമക്ഷം അപരാധവിചാരണ നടക്കുന്ന ഘട്ടമാണിനിയുള്ളതു്. സി. വി: മഹാനുഭാവന്റെ രാമരാജബഹദൂറിൽ കണ്ഠീരവനും അഴകശ്ശാരുമായുള്ള മൽപിടിത്തം വർണ്ണിച്ചിട്ടുള്ളതു വായിച്ചു രസിച്ചു് ഏതാണ്ടതിനടുത്ത ഒരു രംഗം തന്റെ സാഹിത്യത്തകുപ്പിനുള്ളിൽ കടത്തി കൃതാർത്ഥനാകാനാണു് വറുഗീസിവിടെ മുതിർന്നിട്ടുള്ളതെന്നു പ്രാരംഭം കൊണ്ടു തോന്നിപ്പോകും. കൊട്ടാരത്തിന്റെ പള്ളിമുറ്റത്തെ ലതാമണ്ഡപം വിചാരണാസ്ഥലമാക്കിയതും മഹാരാജാവിന്റെ "രാജോചിതമായ വേഷത്തോടെ" കൃത്യസമയത്തു് പ്രത്യേകവി

റത്തിൽ ഉപവിഷ്ടനാക്കിയതും എല്ലാം ഉന്നതപ്രാപ്യഫലത്തിനായി കൈപൊക്കുന്ന വാമനൻ അവകാശപ്പെടുന്ന പരിഹാസ്യത വറുഗീസിനു നല്കുന്നുണ്ടു്. എന്നാൽ കൊട്ടാരത്തിനകത്തുവച്ചായിരുന്നില്ല വിചാരണ എന്നതിനു് മെത്രാനും കാര്യസ്ഥനും സഹചാരികൾക്കും അതിനകത്തു കാലു ചവിട്ടാൻ അനുവാദമുണ്ടായിരുന്നില്ല എന്നുള്ളതുകൂടി ഒരു കാരണമായിരിക്കണം. കേസിലെ കക്ഷികൾ യൂറോപ്യൻകണിശത്തിൽ മഹാരാജസമക്ഷം ഹാജരായി അനുവാദപ്രകാരം ഇരുഭാഗങ്ങളിലായി ഇരുപ്പുറപ്പിക്കുന്നു. മെത്രാന്റെ കൂടെ സാധാരണ കാണാറുള്ള കരിങ്കരടികളും, പുലിക്കുട്ടികളും പടപ്പൊടിപ്പന്മാരും എല്ലാം അവിടെ ഇരിക്കുന്നുണ്ടായിരിക്കണം. ഒരു പക്ഷെ അവരെ ഇരുത്തിയ ശേഷം അല്ലാതെ മഹാരാജാവു ഇരുന്നിരിക്കാനിടയില്ലാത്തതാണു്. എഴുപത്തിരണ്ടു വയസ്സുപ്രായമായി എന്നു വറുഗീസു പറയുന്നമെത്രാന്റെ "ആകാരസുഷമയും വദനവിലാസഗാംഭീര്യവും കുലീനസഹജമായരക്തഛവിയും താടിമീശയുടെ അസാമാന്യദൈർഘ്യവും" മഹാരാജാവിന്റെ ഹൃദയത്തിൽ അത്യധികമായ ബഹുമാനാദരങ്ങളെ അങ്കുരിപ്പിച്ചുവത്രെ! നമ്പൂരിപ്പാടിലേക്കും തഹശീൽദാർക്കും ഒരു വല്ലാത്ത സങ്കോചം,—മെത്രാന്റെ സാത്വികപ്രഭാവം കൊണ്ടുള്ള അമ്പരപ്പു—ഉണ്ടായെന്നു കൂടെ വറുഗീസു പറയുന്നുണ്ടു്.

വിചാരണയുടെ വിധം ഇപ്രകാരമായിരുന്നുവത്രെ. ആദ്യമായി പ്രാസിക്യൂട്ടിംഗ് ഉദ്യോഗസ്ഥന്റെ നിലയിൽ അമ്പലപ്പുഴതഹശീൽദാരുടെ ഒരു പ്രസംഗം. അനന്തരം സാക്ഷിവിചാരണ. പിന്നീടു രാജകല്പനപ്രകാരം മെത്രാന്റെയും കാര്യസ്ഥന്റെയും പത്രികകൾ സമർപ്പിക്കലും ചെപ്പേടുകാണിച്ചു കൊണ്ടു മെത്രാൻ ചെയ്യുന്ന നെടുങ്കൻപ്രസംഗവും. പിന്നീടു രാജാവിന്റെ വിനയപൂർവമായ മറുപടി. ഒടുക്കം നമ്പൂരിപ്പാട്ടിലേയും തഹശീൽദാരുടേയും ക്ഷമായാചനം. വറുഗീസിന്റെ അഭിപ്രായത്തിൽ ഈ വിവരണം അസ്സലായിട്ടുണ്ടെന്നു വേണം പറവാൻ. പള്ളികളിൽ മുടക്കു കല്പിക്കുകയും മററും ചെയ്യുന്ന, ഗഡുവുകളിൽ ഇത്തരം എത്രയോ വിചാരണകളും "വിധിതീർപ്പു"കളും അക്കാലം കണ്ടിട്ടുണ്ടായിരിക്കണം! ഇങ്ങനെ ഒന്നും നടന്നിരിക്കയില്ലെന്നു ഇവിടെ പറഞ്ഞാൽ വറുഗീസി

ന്നോ, കൂട്ടുകാർക്കോ അശേഷം തൃപ്തിയാകയില്ലെന്നു നിശ്ചയമുണ്ട്. രാജാവിന്റെ മുൻപാകെ വച്ചു നടത്തേണ്ടതല്ല, രാജഭൃത്യന്മാരുടെ ചുമതലയിൽ ഓരോ സ്ഥാനങ്ങളിലും പ്രത്യേക നിയമപ്രകാരം നടത്താറുള്ളതാണ് പ്രസ്തുത വിചാരണ. അതിനു കൊട്ടാരവും സർവാധിയും മഹാരാജാവും ഒന്നും ആവശ്യമുള്ളതല്ല അങ്ങനെ സംഭവിച്ചിട്ടുമില്ല. അ സ്ഥിതിക്ക ലക്കും ദിക്കും ഇല്ലാതെ വറുഗീസു ജല്പിക്കുന്നതിനൊക്കെ മറുപടി പറവാൻ മുതിരുന്നതു വൃഥാശ്രമമെന്നേ പറയേണ്ടു.

മെത്രാന്റെ പ്രസംഗം വറുഗീസു സാഹിത്യത്തിന്റെ കഴമ്പായതുകൊണ്ടു വിസ്തരഭയം നന്നെ ഉണ്ടെങ്കിലും ഇവിടെ കുറെ എങ്കിലും പകർത്താതെ തരമില്ല. (വലയത്തിനുള്ളിൽ കാണുന്നതു വിമർശകന്റെ സ്വന്തമാണ്.) "അതിപ്രതാപശാലികളും അത്യുദാരമതികളും തിരുമനസ്സിലെ പൂർവപുരാതനന്മാരുമായ കേരള ചക്രവത്തികളും തിരുവിതാംകൂർമഹാരാജാക്കന്മാരും കേരളീയനസ്രാണിവർഗ്ഗത്തിന്ന് അവർ എല്ലാകാലവും അനുഭവിച്ചുകൊള്ളുമാറു് സർവവിധരാജകീയപദവികളോടുംകൂടി അവരുടെ മതാദ്ധ്യക്ഷരായ മെത്രാപ്പോലീത്തന്മാർക്കുപൂവും നീരും വീഴ്ത്തി കല്പിച്ചുകൊടുത്തിട്ടുള്ള മൂന്നു ചെപ്പേടുകളാണ് ഇവകൾ. (മൂന്നു ചെപ്പേടുകൾ ആര് ആർക്ക് എപ്പോൾ കൊടുത്തതാണാവോ? കേരളചക്രവത്തിമാരും തിരുവിതാംകൂർ രാജാക്കന്മാരും എപ്പേർപ്പെട്ടവരും കൂടി കൊടുത്തതായിരിക്കുമോ? പൂവുംനീരും വീഴ്ത്തുന്ന നടപടി പുരാതന നസ്രാണികൾക്കു പഥ്യമോ? സർവവിധ രാജകീയപദവികളും ആർക്കെങ്കിലും നൽകുവാൻ മേൽപറഞ്ഞ രാജാക്കന്മാർ അവകാശാധികാരങ്ങൾ നൽകിയതു വറുഗീസുതന്നെയല്ലേ?) കേരളത്തിന്റെ, വിശേഷിച്ചു തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും ഉൽക്കർഷത്തിനും സാമ്പത്തികാഭിവൃദ്ധിക്കും നിലനില്പിനും വേണ്ടി സുറിയാനിക്രിസ്ത്യാനികൾ തങ്ങളുടെ സമ്പത്തും രക്തവും നിസ്വാർത്ഥബുദ്ധ്യാ ഔദാര്യത്തോടുധാരാളമായി വ്യയം ചെയ്തിട്ടുള്ളതിന്റെ അക്ഷയസ്മാരകമായും ശാശ്വതകൃതജ്ഞതാസൂചകമായിട്ടുമാണ് കേരളരാജാക്കന്മാർ ഇവയെ നസ്രാണിവർഗ്ഗത്തിനു പ്രദാനം ചെയ്തിട്ടുള്ളതു്. (കേരളരാജാക്കന്മാരിലാരാണ് നൽകിയതു്. തിരുവിതാംകോട്ടിനും കൊച്ചിക്കും എന്തു നന്മ ചെയ്തതിനാണ്. അതു ചെയ്തപ്പോൾ അ

രാണ് കേരളരാജാക്കളെന്നു പറഞ്ഞുതരാമോ? പൂർവ്വവാചകത്തിൽ ദാതാക്കളായി തിരുവിതാംകൂർ രാജാക്കൾകൂടി ഉണ്ടായിരുന്നില്ലേ?) ഈ ചെപ്പേടുകളിൽ വിവരിച്ചിട്ടുള്ള രാജകീയപദവികൾ ഈ രാജ്യത്തെ വൈദികോത്തമന്മാരായ മഹാബ്രാഹ്മണർക്കുകൂടി അനുവദിച്ചിട്ടില്ലാത്ത വിധത്തിൽ അത്ര ശ്രേഷ്ഠതമങ്ങളും നസ്രാണിസമുദായത്തോടു മഹാരാജാക്കന്മാർ അതിഗാഢമായി കടപ്പെട്ടിരിക്കുന്നുവെന്നുള്ളതിന്റെ ഒരു പ്രത്യക്ഷലക്ഷ്യവുമായിത്തന്നെ ഗണിക്കപ്പെട്ടിരിക്കുന്നു. (അതോൾ? വൈദികോത്തമന്മാർക്കു രാജകീയപദവികൾ വേണമെന്നുള്ളതു വറുഗീസിനു മാത്രം മോഹമുള്ളതാണ്) ഇങ്ങനെ നാട്ടുവാഴുന്ന മഹാരാജാക്കന്മാർക്കുമാത്രം അർഹത ഉള്ളതായി ഗണിക്കപ്പെട്ടിരുന്നതും നസ്രാണികളും അവരുടെ അദ്ധ്യക്ഷന്മാരും പാരമ്പര്യമായി അനുഭവിച്ചുപോരുന്നതുമായ ഈ വകപദവികൾ സ്വപ്രജകളായ സുറിയാനിക്രിസ്ത്യാനികൾക്കു കല്പിച്ചുകൊടുപ്പാൻ ചക്രവർത്തികളേയും മഹാരാജാക്കന്മാരെയും അതതുകാലങ്ങളിൽ അതിശക്തിമത്തായി പ്രേരിപ്പിച്ച കൃതജ്ഞതാബഹുമാനങ്ങൾ ഒരു ദിവസത്തേക്കോ, ഒരു മാസത്തേക്കോ, ഒരു വർഷത്തേക്കോമാത്രം നിലനിൽക്കേണ്ടതായിട്ടല്ല; പ്രത്യുത അവരുടെ സിംഹാസനങ്ങളെ അധിരോഹണം ചെയ്വാൻ ഭാഗ്യം ലഭിക്കുന്നവരായ എല്ലാ മഹാരാജാക്കന്മാരുടെ ഹൃദയമണ്ഡലത്തിൽ നിന്നും ഈ കൃതജ്ഞതയും ബഹുമാനവും ആചന്ദ്രതാരം പ്രവഹിച്ചുകൊണ്ടിരിക്കുമെന്ന് അവർക്കുണ്ടായിരുന്ന ദൃഢവിശ്വാസത്തെയും ദൃഢനിശ്ചയത്തെയുമാണ് ഈ ചെപ്പേടുകളിലെ ഓരോ വരിയും വ്യക്തപ്പെടുത്തുന്നതു്." (ഈ വാചകം എഴുതിയ വറുഗീസിന്റെ വാക്യരചനാപാടവത്തെക്കുറിച്ചു സന്ദേഹിക്കുന്നവരുണ്ടാകുമോ? വെറുതെയാണോ അയാൾ സുപ്രസിദ്ധ ചരിത്രാഖ്യായികാകർത്താവായി തീർന്നതു്? ഈ പദവികളെന്നും കീഴ്ക്കടകളെന്നും കുറിച്ചു പറഞ്ഞിരിക്കുന്നതു് വറുഗീസിനുമാത്രം വിവരമുള്ളതായിരിക്കാമെങ്കിലും ചമ്പക്കുളത്താറ്റിലെ കൈയേറ്റത്തിനുള്ള ന്യായങ്ങൾ വിശദമാക്കുന്ന രേഖകളാണെന്നു സമാധാനപ്പെടാം) മെത്രാന്റെ പ്രസംഗം, ചമ്പക്കുളത്താറ്റിലെ കൈയ്യേറ്റത്തിനു തങ്ങളോടു സമാധാനം ചോദിക്കാൻ മഹാരാജാവു മുതിർന്നതു പെരും നന്ദികേടുകാണിച്ചുവെന്നു തെളിച്ചുപറഞ്ഞും,

തൽക്കാലം മററു വശമില്ലാത്തതുകൊണ്ടു രാജാവു നൽകുന്ന
ശിക്ഷകൾ എന്തായാലും അനുഭവിച്ചു പശ്ചാത്തപിച്ചുകൊള്ളാ
മെന്നു സമ്മതിപ്പും ആണവസാനിപ്പിക്കുന്നതു്.
മെത്രാന്റെ പ്രസംഗത്തിലെ പൂർവപുരാതനന്മാരെന്നും
ചെപ്പേട്ടുകളെന്നും മററുമുള്ള പേരുകൾ കേൾക്കാത്തതാമസമേ
ഉണ്ടായൊള്ളൂ മഹാരാജാവു് ആസനത്തിൽനിന്നു ഝടുതി
സമുത്ഥാനം ചെയ്യുവാൻ എന്നാണു വറുഗീസു തുടങ്ങുന്നതു്. രാജാ
വു മെത്രാനെ ഒന്നു നമസ്കരിച്ചു എന്നുകൂടി പറയാത്തതെന്തോ?
മെത്രാന്റെ പ്രസംഗത്തിനു രാജാവിൽ ഇത്രവലിയഭാവഭേദം
അങ്കുരിപ്പിക്കുവാൻ കഴിഞ്ഞ മായാപ്രയോഗം വറുഗീസിനേ
വശമുള്ളൂ. രാജാവു് അത്ര കൊള്ളരുതാത്തവനായിരുന്നുവെ
ന്ന സ്വാഭിപ്രായം വിശദമാക്കുകയല്ലാതെ വറുഗീസ് ഗോ
ഷ്ടികൊണ്ടു മറെറാന്നും ഉദ്ദേശിക്കാനില്ല. രാജാവു ചെ
പ്പേട്ടുകളെ വിനയപൂർവം തൃക്കൈകൾ നീട്ടിവാങ്ങി നെ
ഞ്ചോടുചേർത്തുവച്ചു് വന്ദിച്ചു കൊട്ടാരം രായസപ്രധാനന്മാരെ
വരുത്തി വ്യക്തമായിവായിപ്പിച്ചു് അർത്ഥം വഴിയാംവണ്ണം ഗ്ര
ഹിച്ചു. രാജാവിനു വായിക്കാൻ അറിഞ്ഞുകൂടാഞ്ഞിട്ടോ, രായ
സപ്രധാനന്മാർ പഴയഭാഷകൾ പഠിച്ചിരിക്കണമെന്നു വറുഗീ
സു കല്പിച്ചിട്ടുള്ളതുകൊണ്ടോ ഇങ്ങനെ പ്രവർത്തിച്ചതെന്നറി
ഞ്ഞുകൂടാ. കന്നായിതൊമ്മനു കിട്ടിയ ഒരു ചെപ്പേടു നഷ്ടപ്പെ
ട്ടുപോയ കഥകൂടി മെത്രാൻ പറഞ്ഞുകേട്ടപ്പോഴാണു രാജാവു സ്വ
ർണ്ണത്താമ്പാളത്തിൽ പൂവും ചന്ദനവും നിറച്ചു പിതൃസ്മരണ
യോടുകൂടി ചെപ്പേട്ടുകളെല്ലാം മടക്കികൊടുക്കുന്നതു്. പൂവും ച
ന്ദനവും നിറച്ചു പിതൃസ്മരണയോടെ ബലിവസ്തുനമട്ടിൽ ഇ
തുകൊടുത്തതിന്റെ അർത്ഥം വറുഗീസിനറിയാമായിരിക്കും.
പൂവും ചന്ദനവും എന്തുചെയ്യാനാണെന്നു അവകളുമായി പരി
ചയമുള്ള വല്ലവരും പറഞ്ഞുകൊടുക്കുകകൂടി ചെ
യ്തിരുന്നെങ്കിൽ പണ്ടൊരുമാപ്പിള പലഹാരമാണെന്നുവെച്ചു ഉ
മിക്കരിയും കർപ്പൂരമാണെന്നുവച്ചു് പച്ചവെള്ളവുംതൊറുകി
യാവെള്ളവും അനുഭവിച്ചകഥ ഒന്നാവർത്തിച്ചേക്കാനിടയുള്ളതാകു
ന്നു. അനന്തരം തിരുമനസ്സിലെക്കൊണ്ടു അല്പമൊന്നു സംസാ
രിപ്പിക്കാൻ വറുഗീസു കനിഞ്ഞിട്ടുണ്ടു്. മെത്രാന്റെ—അല്ല, വ
റുഗീസിന്റെ-വാദമുഖങ്ങളെ അപ്പോലെയൊക്കെക്കൊണ്ടു ചമ്പക്കു

ത്തററിവില്ലാ കല്പനനിമിത്തമുണ്ടായ തെററുത്തു് പരിചയമില്ലായ്മകൊണ്ടുണ്ടായ തെററിദ്ധാരണയുടെ ഫലമാണെന്നു താൻ വിശ്വസിക്കുന്നു എന്നും, തന്റെ അൽക്കാരും കലഹശീലവും നിറവുംകൊണ്ടു ചെയ്തുപോയ പിഴകളെല്ലാം പൊറുത്തുകൊള്ളുവാൻ അപേക്ഷിക്കുന്നു എന്നും അറിയിച്ചു നിർല്ലജ്ജം, പ്രതിപാദിച്ചു എന്നാണു് വറുഗീസുൽഘോഷിക്കുന്നതു്. തിരുവിതാംകോടു ഭരിച്ചിരുന്ന ബാലരാമവർമ്മമഹാരാജാവു്, തന്റെ ഒരു നസ്രാണിപ്രജയോടു ഇങ്ങനെയൊക്കെ പെരുമാറുകയും പറകയും ചെയ്തുഎന്നു ക്രൂസൽകൂടാതെ ജല്പിക്കുവാൻ ഒരു വറുഗീസിനു കഴിയുന്നല്ലോ വല്ലാത്ത അഭിമാനക്കേടാകുന്നു. താനറിയാതെ ചെയ്തുപോയ പിഴകൾ പൊറുക്കുവാൻ ഉള്ള അപേക്ഷയോടുകൂടി ചെപ്പേടുകളിൽ ചേർത്തിട്ടില്ലാത്തതായ ഒരു പുതിയപദവി എന്ന നിലയിൽ രാജാവു് ഒരു കനകപ്പല്ലക്കുകൂടി കൊടുത്താണു് മെത്രാനെ വിനയാദരപൂർവം യാത്രയാക്കുന്നതു്. തണ്ടിലും പീഠത്തിലും ചില സ്വർണ്ണപ്പണികൾ ചേർത്തിട്ടുള്ള കനകപ്പല്ലക്കു വിശേഷവിധിയായി അലങ്കരിച്ചുകൊണ്ടുവന്നുടൻ മഹാരാജാവു എഴുന്നെൽക്കുന്നതു മെത്രാന്റെ പല്ലക്കുകണ്ടാൽ തന്റെ പിൻഗാമികളും അങ്ങിനെ ചെയ്യേണമെന്നു കരുതുന്നതോ ഭാരത്തിന്റെ നിഴലാട്ടമായിട്ടായിരിക്കാം. ഉടനെ മെത്രാൻ എഴുന്നേററു ഏതാനും ചുവടുകൾമാത്രം മുന്നോട്ടുവച്ചു അദ്ദേഹത്തെ സ്ലീബാ ഉയർത്തി അനുഗ്രഹിക്കുന്നു. അപ്പോൾ തന്റെ പണ്ടത്തെ ജാതകകഥകളെക്കുറിച്ചു ചില വാക്കുകൾ ഉച്ചരിച്ചു് തിരുമേനിയെ സന്തോഷിപ്പിക്കുകകൂടി ചെയ്യുന്നു. ഇത്രയും കഴിഞ്ഞ ഉടൻ എന്തായാലും വറുഗീസു തന്റെ പൊന്നുതമ്പുരാനെ കൊട്ടാരത്തിലേക്കു എഴുന്നള്ളിച്ചു കളഞ്ഞതിൽ നാം അല്പം സന്തോഷിക്കുക തന്നെ വേണം. ഇതിത്രയും നടക്കുമ്പോഴൊക്കെ പച്ചജളനായിട്ടു തരണനല്ലൂർ നമ്പൂതിരിപ്പാടു് അവിടെ ഇരിപ്പുണ്ടെന്നു വറുഗീസുടെ സ്മാച്ചിക്കുന്നുണ്ടു്. അദ്ദേഹം എഴുന്നേററു മെത്രാനെ കൈകൊടുത്തു 'ഉർവ്വശീശാപമുപകാരം' എന്നു പറഞ്ഞു സന്തോഷിച്ചു പിരിഞ്ഞുപോയി! പോലും! തരണനല്ലൂർ നമ്പൂതിരിപ്പാടു് മെത്രാനെ തൊട്ടു എന്നു വറുഗീസു പറഞ്ഞതുമാത്രം പരമാർത്ഥമായിരിക്കാനിടയില്ല. ഇന്നും വൈദികശ്രേഷ്ഠന്മാരായ കേരളബ്രാഹ്മണർ

മാപ്പിളമാരെ തൊടാറില്ലെന്ന ആർക്കാണറിഞ്ഞുകൂടാത്തതു്? ഈ പരിഷ്കാരംകൂടി അന്നേനടപ്പിൽവരുത്തിയാൽ വറുഗീസിന്നുണ്ടാവുന്ന കൃതാർത്ഥതയൊത്തു് അളവറ്റതാണെന്നു പറഞ്ഞുപോയവരായിരിക്കണം!

മെത്രാനെയും കാസ്സനനെയും യാത്ര അയയ്ക്കുന്നതു് പട്ടാളക്കാരുടെ അകമ്പടിയോടും വാദ്യഘോഷങ്ങളോടും കൂടിയാണു്. സർവാധികാര്യക്കാരായിരുന്നുവത്രെ അതിന്റെ ചുമതല വഹിച്ചിരുന്നതു്. പുറപ്പെടും മുമ്പു് അമ്പലപ്പുഴതഹസീൽദാർ “വേദജ്ഞന്മാരുടെ മെത്രാന്റെ” കൈ വിനയപൂർവം മുത്തിപ്പിരിഞ്ഞുവെന്നു് ഒരു വിശേഷാൽ പറഞ്ഞു വറുഗീസാഹ്ലാദിച്ചിട്ടുണ്ടു്. പുതിയതായി കിട്ടിയ കനകപ്പല്ലക്ക പിൽക്കാലത്തുപയോഗിച്ചിരുന്ന കുറെ മെത്രാന്മാരെ കൂടി സ്മരിച്ചുകൊണ്ടും ആ പല്ലക്കിന്റെ നഷ്ടാവശിഷ്ടങ്ങൾ ഇന്നും കോട്ടയത്തു പഴയസിമ്മനാരിയുടെ മേൽത്തട്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നു പറഞ്ഞുകൊണ്ടും വറുഗീസു തന്റെ കഥ ഇവിടെ തൽക്കാലം അവസാനിപ്പിക്കുന്നതിൽ വായനക്കാരെല്ലാം അയാളോടു അതീവകൃതജ്ഞരായിരിക്കാനുളളതാണു്. താൻ ഇതേവരെ വർണ്ണിച്ച പെരുമ കയറിയ കാസ്സനൻ കത്തനാരുടെ ദേശവും തറവാടും എവിടെയാണെന്നു ഒരു ലക്കും കിട്ടായ്കയാൽ അതറിയാവുന്നവർ പ്രസിദ്ധപ്പെടുത്തണമെന്നു ഒരപേക്ഷകൂടി ചെയ്തിട്ടാണു വറുഗീസു യാത്ര പറയുന്നതു്. ഇതേവരെ ആ കത്തനാരെപ്പററി ആരും ഒന്നും പറയാത്തതു് ആ മൂഢന്മാർക്കു ഒരു ലക്കും കിട്ടാഞ്ഞിട്ടായിരിക്കണം. എന്നാൽ ഇതെഴുതുന്ന ആൾക്കു അറിവുളളതു ചുരുക്കി ചേർക്കാം. ഈ കത്തനാരുടെ ജനയിതാവു് മാവേലിക്കരക്കാരൻ ചിത്രമെഴുത്തു വറുഗീസെന്നു പറയുന്ന കളള ചരിത്രകാരനാണു്. കത്തനാരപ്രസവിച്ചതും വറുഗീസുതന്നെ. അയാളുടെ ദുരഹങ്കാരപോഷിതമായ ദുർബ്ബീജമാണു് കത്തനാരുടെ അവയവങ്ങളായി പരിണമിച്ചതു്. അയാൾക്കു ജീവനിട്ടതു വറുഗീസിന്റെ ബുദ്ധിഭ്രമങ്ങളിൽ വ്യാമോഹിച്ചുപോയ പത്രപാരായണകുതുകികളാണു്. കത്തനാരുടെ ജനനകാലം ഏതാണ്ടു ആയിരത്തി ഒരുനൂറ്റിയെട്ടാമാണ്ടായിരിക്കണം. ഇത്രയുംമാത്രമേ തൽക്കാലം അറിവു കിട്ടിയിട്ടുളളൂ. ശേഷം അറിവു കിട്ടുമ്പോൾ പ്രസിദ്ധപ്പെടുത്താമെന്നുകൂടി ഏറ്റുകൊള്ളുന്നു !!

# ഉപസംഹാരം

വറുഗീസിന്റെ ഒന്നാംനമ്പർ കഥ ഇങ്ങനെ കഴിഞ്ഞുകൂടി. കള്ളച്ചരിത്രത്തിന്റെ പൊള്ളപ്പുരട്ടുകളിൽ 'ലോകം കീഴ്മേൽ മറിക്കുവാൻ അയാൾ ശ്രമിച്ചിട്ടുണ്ടെന്നു ഇത്രയും കൊണ്ടു അർത്ഥം അറിയാവുന്നതാണ്. അയാളുടെ സാഹിത്യപാടവത്തെപ്പറ്റി അർത്ഥം മനസ്സിലാകത്തക്ക നിർദ്ദേശങ്ങൾ അവിടവിടെ ചെയ്തിട്ടുണ്ട്. കുറേക്കൂടി നിഷ്കൃഷ്ടമായവിധം അയാളുടെ കഥ വിമർശിക്കാത്തതു വിസ്തരഭയംകൊണ്ടാണ്. അഹങ്കാരാന്ധ്യംകൊണ്ടു മേലും കീഴും അറിഞ്ഞുകൂടാത്ത ഈ സാഹിത്യപ്പുള്ളിനെ ഇതിലേറെ സമീപിക്കുന്നപക്ഷം അയാൾ പ്രസരിപ്പിക്കുന്ന ദുർഗ്ഗന്ധം വായനക്കാരുടെ സ്വൈരവൃത്തിയെ ഭഞ്ജിക്കാൻ ഇടവന്നേക്കാം. കൊച്ചിയുവരാജാവിനെ പെരുവഴിയിൽ നിർത്തി, തിരുവിതാംകോട്ടേക്കു കടന്നപ്പോൾ രാജാവിന്റെ കുലഗുരുവിനോടു ഒരു പോരാട്ടമായി ഭേദപ്പെട്ടിരിക്കയാണ്. വാസ്തവത്തിൽ ഭേദഗതിയൊന്നുമില്ല. കേരളത്തിലെ ഹിന്ദുക്കളോടും രാജകോയ്മകളോടും അയാൾ ഭാവിക്കുന്ന ബഹുമാനത്തിന്റെ യഥാർത്ഥരൂപമാണ കഥാകഥനംകൊണ്ടു ഇവിടെ വെളിവാകുന്നതു്. വറുഗീസ് സ്വയം പ്രാതിനിധ്യം അവലംബിക്കുന്ന നസ്രാണി സമുദായം ആരംഭകാലം മുതലേ കേരളത്തിലെ ഹിന്ദുക്കളുടേയും രാജാക്കന്മാരുടേയും സഹായസഹകരണങ്ങൾകൊണ്ടു ഇന്നത്തെനിലയിൽ ആയിത്തീർന്നതാണെന്നുള്ളതു അർത്ഥം അറിവുള്ള പരമാർത്ഥമാണ്. അതിനു പലിശക്കുട്ടിയുള്ള നന്ദിവാചകോച്ചാരണം വറുഗീസ് വളരെ സന്തോഷപൂർവം ആഹ്ലാദപൂർവം നിർവഹിച്ചിട്ടുള്ളതു ഹിന്ദുക്കളെല്ലാം അറിഞ്ഞുകൊള്ളേണ്ടതാകുന്നു. ആത്മപക്ഷത്തെ പരിത്യജിച്ചിട്ടു പരപക്ഷത്തിൽ രതന്മാരായി ജീവിക്കുന്നവർ നീചവർണ്ണസൃഗാലനേപ്പോലെ പരിഹാസ്യന്മാരായി തീരുമെന്ന് അന്യോന്യം അനാവശ്യമായ അഭിപ്രായഭേദവും ശങ്കയും കൊണ്ടു അകന്നുനില്ക്കുന്ന കേരളത്തിലെ ഹിന്ദുജനങ്ങൾ മേലാലെങ്കിലും അറിഞ്ഞു അവരുടെ നടപടികളിൽ ആവശ്യങ്ങളായ ഭേദഗതികൾ വരുത്തുവാൻ ഇതുകൂടി പ്രേരകമായിത്തീരുമെങ്കിൽ ഈ വിമർശനഗ്രന്ഥം അല്പമെങ്കിലും ഉപകാരമായി എന്നു വിചാരിക്കാവുന്നതാണല്ലോ.

Southall

# ഞങ്ങളുടെ ചില സാമുദായിക

# പ്രസിദ്ധീകരണങ്ങൾ.

---

൧. നായർ സമുദായനേതാക്കന്മാർ

(ഒന്നാംഭാഗം)

ഇതിൽ, അയ്യപ്പൻ മാർത്താണ്ഡപ്പിള്ള, രാജാകേശവദാസൻ, വേലുത്തമ്പിദളവാ, നാണുപിള്ള ദിവാൻജി, കാവാലം നീലകണ്ഠപ്പിള്ള, സി. കൃഷ്ണപിള്ള, ടി. എം. നായർ, ജി. പി. പിള്ള എന്നീ നേതാക്കന്മാരുടെ ജീവചരിത്രങ്ങൾക്കു പുറമെ നായർസമുദായചരിത്രസംഗ്രഹവും അടങ്ങിയിരിക്കുന്നു. (മറ്റു ഭാഗങ്ങളും താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതാണ്.)

വില ഒരു രൂപ

൨. ദിവാൻ പേഷ്കാർ പി. ശങ്കുണ്ണിമേനോൻ.

ചിത്രമെഴുത്തുവറുഗീസിന്റെ സാഹിത്യസാഹസമസ്തകത്തെ അടിച്ചുടയ്ക്കുന്ന കേസരിവീരൻ. സമുദായാഭിമാനമുള്ള എല്ലാ ഹിന്ദുക്കളും വായിച്ചു പഠിക്കേണ്ടതു്.

വില അര രൂപ

൩. കള്ളച്ചരിത്രത്തിന്റെ പൊള്ളപ്പകിട്ട്, അഥവാ ചിത്രമെഴുത്തുവറുഗീസിന്റെ സാഹിത്യത്തട്ടിപ്പ് (വലിയമഠത്തിൽ ജീവന്നാരസ്യാസം. തരണനല്ലൂർ നമ്പൂരിപ്പാടും)

വില അര രൂപ

മാനേജർ

നാഷണൽ ബുക്ക്ഡിപ്പോ,

കോട്ടയം